# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27


Vol. 17 / Issue 07
July 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)

Let's Rise together to Rebuild the Community



സിനഡാനന്തര
സമുദായ ശാക്തീകരണ വർഷം - 2026




## ജൂലൈ 3

# മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ

മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 17 ജൂലൈ 2026 ലക്കം 7

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഇടയലേഖനം ........................................................................................ 05
കെ.സി.ബി.സി. യുവജന കമ്മീഷൻ സർക്കുലർ ............................. 11
ജൂലൈ മാസത്തിലെ പഠനവിഷയം ..................................................... 15
രൂപതാ കച്ചേരി വാർത്തകൾ .................................................................. 24
മാസധ്യാന റിപ്പോർട്ട് ................................................................................ 26
മതബോധനരംഗം ........................................................................................ 27
ചെറുപുഷ്പ മിഷൻലീഗ് ........................................................................... 30
Department of Youth Ministry ............................................................... 41
കെ.സി.വൈ.എം ........................................................................................... 44
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ....................................................... 51
കുടുംബപ്രേഷിതത്വം .................................................................................. 52
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................................ 61
സാമൂഹ്യ സേവനരംഗം (WSSS) .......................................................... 63
ജീവസ് & കെ.എൽ.എം ............................................................................. 69
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ............................................... 71
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ................................................. 75
ബയോവിൻ അഗ്രോ റിസർച്ച് ................................................................. 80
റേഡിയോ മാറ്റൊലി ...................................................................................... 82
Mary Matha Arts & Science College ............................................... 84
ഫെഡാർ ഫൗണ്ടേഷൻ .................................................................................. 86
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ................................................ 88
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ......................................................... 90
ബിഷപ്സ് പ്രോഗ്രാം ...................................................................................... 97

Prot. No. 0444/2026

# ഇടയലേഖനം
## ദുക്റാനതിരുനാൾ - സഭാദിനം 2026

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72 ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയ്യതി ആത്മീയ സ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുനാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ

ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് 'തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി' (Homilie in Evangelica, 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, 'മാനവമഹത്വം' (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: 'മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ്' (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജ

വാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോ

ടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർത്ഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബ പ്രാർത്ഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല' (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസി സമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതു

നന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ  മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ  സുവിശേഷത്തിന്റെ  ശുശ്രൂഷകരായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷ പ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ  സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടന കേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വം നല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യം നല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യം നല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചു വസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 4223/K-5/KCBC/OL/DS 15.06.2026

## 2026 ജൂലൈ 5 യുവജനദിനം:
## കെ സി ബി സി യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവ്വം ചേർത്തു പിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷ ദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹത്തിനും ക്രിയാത്മക സംഭാവനകൾ നൽകുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തുസൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവകതലങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെകുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമികതയും ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജന

തയുടെ വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും ലോക മനഃസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നുവരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാസഭ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിർത്തി 'ഫ്രാൻസിസ്കൻ  വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നുനിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ട പ്രപഞ്ചത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരികപ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ. ഐ. സാങ്കേതിക വിദ്യയെക്കുറച്ച് പരിശുദ്ധ ലെയോ പാപ്പ തന്റെ ഏറ്റവും പുതിയ ചാക്രിക ലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധനങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗതിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനേയും ഹനിക്കുന്ന രീതിയിലേക്ക് തരം താഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതിക വിദ്യയുടെ അടിമകളാകാതെ, കൃത്രിമ ബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തന നിരതരാകാൻ യുവജന സംഘടനകൾ മുന്നോട്ട് വരണം.

അതോടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യകുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ, വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരതസഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജന സംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക - സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളിലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിതദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ - കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജന ദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വെച്ചാണ്

നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതലസംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും, യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക - രൂപതാതലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വി.കാർലോ അക്യൂട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മാധ്യസ്ഥ്യം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, പി.ഒ.സി.,
കൊച്ചി 682-025

---

NB:- 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോ മലബാർ, ലാറ്റിൻ, സിറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

**ജൂലൈ 5-ാം തീയതി യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയോ അകൗണ്ടിലേക്ക് (p.25) അയയ്ക്കുകയോ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.**

## ജൂലൈ മാസത്തിലെ പഠനവിഷയം
## കുടിയേറ്റത്തിന്റെ അധികഭാരവും ആന്തരികനന്മകളും

'നിശ്ശൂന്യവും നിശബ്ദവുമായ വീടുകളുടെ ഇടയിലൂടെ കുത്തിമറിഞ്ഞൊഴുകുന്ന ഒരു നദിപോലെ ജനം നടന്നു. അവരുടെ മാറാപ്പുകെട്ടുകളും ബന്ധങ്ങളും തങ്ങളോട് ചേർത്തുപിടിക്കാൻ യത്നിച്ചുകൊണ്ട് . . .'

**(ആനന്ദ്, ഗോവർധന്റെ യാത്രകൾ)**

'അലഞ്ഞുതിരിയുന്ന ഒരു അരമായനായിരുന്നു എന്റെ പിതാവ്' എന്ന് വിശ്വാസികളുടെ പിതാവിനെക്കുറിച്ച് ഓർത്തെടുക്കുന്ന പഴയനിയമഗ്രന്ഥഭാഗം നമുക്ക് സുപരിചിതമാണ്. അലഞ്ഞുതിരിഞ്ഞിരുന്ന പിതാവിൽ നിന്ന് ദൈവത്തിന്റെ വാഗ്ദാന പ്രകാരം രൂപംകൊണ്ട ഇസ്രായേൽ ജനവും അലച്ചിലിന്റെ സുഖദുഃഖങ്ങൾ അനുഭവിച്ചവരാണ്. ഈജിപ്തിൽ നിന്ന് കാനാൻദേശം തേടിയുള്ള യാത്രയിൽ നാൽപത് സംവത്സരങ്ങളാണ് മരുഭൂമിയിലൂടെ ഇസ്രായേൽ അലഞ്ഞുതിരിഞ്ഞത്. ആത്മീയതയുടെ പൊരുൾ തേടുന്നവർക്കാർക്കും അലച്ചിലിന്റെ നാൾവഴികൾ അന്യമല്ല. ആത്മീയതയുടെ അന്തർരഹസ്യങ്ങളന്വേഷിച്ചുള്ള യാത്രകൾ ഈ ലോകവാസത്തിന്റെ നശ്വരതയിലേക്കും സ്വർലോക തീർത്ഥാടനത്തിന്റെ അനിവാര്യതയിലേക്കുമാണ് വിരൽചൂണ്ടുന്നത്.

**കുടിയേറ്റത്തിന്റെ പശ്ചാത്തലം**

കുടിയേറ്റം ഒരു ആഗോളപ്രതിഭാസമാണ്. കൃഷിക്കും തൊഴിലിനും സുരക്ഷിതത്വത്തിനുമെല്ലാമായി മനുഷ്യൻ താമസസ്ഥലം മാറാറുണ്ട്. അമേരിക്കൻ ഭൂഖണ്ഡവും യൂറോപ്യൻ നാടുകളുമെല്ലാം രൂപപ്പെടുന്നതിന്റെ പിന്നിലുള്ളത് ഇത്തരം ചരിത്രമാണ്. ഗോത്രവർഗ്ഗങ്ങളുടെ അധിനിവേശഫലങ്ങളാണ് മിക്ക ഒന്നാം ലോകരാഷ്ട്രങ്ങളും. വാണിജ്യത്തിനും ലോകസഞ്ചാരത്തിനുമായി ഇറങ്ങിപ്പുറപ്പെട്ട യൂറോപ്യൻ ശക്തികൾ ക്രമേണ ലോകമെമ്പാടും കോളനികളുണ്ടാക്കുന്നതും താമസമാരംഭിക്കുന്നതും കുടിയേറ്റത്തിന്റെ മറ്റൊരു രൂപമാണ്. യുദ്ധം, മതപീഡനം, പ്രകൃതിക്ഷോഭങ്ങൾ ഇവയെല്ലാം ജനത്തെ പ്രവാസികളാക്കിത്തീർക്കുന്ന സ്വാഭാവികകാരണങ്ങളാണ്. ഇന്ത്യയിൽ ആദ്യമെത്തുന്ന യൂറോപ്യൻ ശക്തി പോർച്ചുഗീസുകാരാണ്. അവർ രാജ്യത്തിന്റെ പശ്ചിമതീരം അവരുടെ കോളനിയാക്കി. ഇപ്രകാരം വിവിധതരം കൂടിയേറ്റങ്ങളുടെ രൂപരേഖകളാണ് ചരിത്രം നമുക്ക് ലഭ്യമാക്കുന്നത്.

കേരളത്തിനകത്തു തന്നെ നിരവധി കുടിയേറ്റങ്ങൾക്ക് ചരിത്രം സാക്ഷ്യംവഹിച്ചിട്ടുണ്ട്. വർത്തമാനകാലകേരളത്തിന്റെ പിറവിക്കു മുമ്പ് മൂന്ന് നാട്ടുരാജ്യങ്ങളാണ് ഇവിടെ നിലനിന്നിരുന്നത്: തിരുവിതാംകൂർ, കൊച്ചി, മലബാർ. തിരുവിതാംകൂർ, കൊച്ചി എന്നിവ നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻ കീഴിലും മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലുമായിരുന്നു. തിരുവിതാംകൂറിലെ പ്രധാനവും ശക്തവുമായ ഇന്നത്തെ കോട്ടയം ജില്ലയിൽ നിന്നാണ് കുടിയേറ്റങ്ങൾ കൂടുതലും നടന്നിട്ടുള്ളത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായിട്ടാണ് കുടിയേറ്റങ്ങൾ മുഴുവൻതന്നെയും നടന്നത്. ആദ്യവർഷങ്ങളിൽ മധ്യതിരുവിതാംകൂറിൽനിന്നു കുട്ടനാട്ടിലേക്കും കിഴക്കൻ മലമ്പ്രദേശങ്ങളിലേക്കുമാണ് കുടിയേറ്റം നടന്നത്. പിന്നീട് കോതമഗംലം തൊടുപുഴ താലൂക്കുകളുടെ കിഴക്കൻ പ്രദേശങ്ങളിലേക്ക് മുവാറ്റുപുഴ താലൂക്കിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽനിന്നും മീനച്ചിൽ താലൂക്കിൽ നിന്നും ധാരാളം ആളുകൾ കുടിയേറി. ദശകങ്ങൾ നീണ്ടുനിന്ന ഈ കുടിയേറ്റ പ്രക്രിയയെ മൂന്നു ഘട്ടങ്ങളായി മനസ്സിലാക്കാൻ എളുപ്പമാണ്: ഒന്നാംഘട്ട കുടിയേറ്റം നടന്നത് കോതമഗംലം, തൊടുപുഴ താലൂക്കുകളിൽ മാത്രമല്ല, മീനച്ചിൽ താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങൾ, ഇന്നത്തെ കാഞ്ഞിരപ്പള്ളി, പീരുമേട് താലൂക്കുകൾ, പത്തനംതിട്ട താലൂക്കിലെ റാന്നി, പത്തനാപുരം താലൂക്കിലെ അഞ്ചൽ, കുളത്തൂപ്പുഴ പ്രദേശങ്ങൾ, നെയ്യാറ്റിങ്കര താലൂക്കിലെ അമ്പൂരി എന്നിവിടങ്ങളിലേക്കെല്ലാം കുടിയേറ്റമുണ്ടായി. രണ്ടാംഘട്ട കുടിയേറ്റമാണ് മലബാറിലേക്കു നടന്നത്. ഹൈറേഞ്ചിലേക്കുള്ള കുടിയേറ്റത്തെ മൂന്നാംഘട്ടം എന്നും വിശേഷിപ്പിക്കാം.

തിരുവിതാംകൂറിന്റെ കിഴക്കൻ മേഖലകളിൽ ഭൂമി ലഭ്യമല്ലാതായ സാഹചര്യത്തിലാണ് ആളുകൾ മലബാർകുടിയേറ്റത്തിന്റെ സാധ്യതകളെക്കുറിച്ച് സംസാരിച്ചു തുടങ്ങിയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ, ഏകദേശം 1920കളുടെ തുടക്കത്തിൽ ആരംഭിച്ച മലബാർ കുടിയേറ്റം പക്ഷേ, ഒരു ചെറിയ പ്രസ്ഥാനമായിരുന്നില്ല. ഒന്നോ രണ്ടോ കുടുംബങ്ങളുടെ യാത്രയിലാരംഭിച്ച അത് ലക്ഷക്കണക്കിനാളുകളുടെ പ്രവാഹമായിപ്പരിണമിക്കുകയാണുണ്ടായത്. അനൗദ്യോഗികകണക്കുകൾ പ്രകാരം അമ്പതുകൊല്ലം കൊണ്ട് ഏകദേശം അഞ്ചുലക്ഷത്തോളം പേർ തിരുവിതാംകൂറിൽ നിന്ന് മലബാറിന്റെ മലയോരങ്ങളിലേക്ക് തങ്ങളുടെ ജീവിതം പറിച്ചുനടുകയുണ്ടായി. ക്രമീകൃതമായ ഒരു രീതിയോ നേതൃത്വമോ ആദ്യകാല

ങ്ങളിൽ അവർക്കുണ്ടായിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. അതിന് അതിന്റേതായ ദോഷവശങ്ങളും ഉണ്ടായിരുന്നു. രണ്ടും മൂന്നും കുടുംബങ്ങൾ വീതമുള്ള ചെറിയ സംഘങ്ങളുടെ ഒരു സംരംഭമായിരുന്നു മലബാർകുടിയേറ്റം. അതുകൊണ്ടുതന്നെ പലപരാജയങ്ങളും അകാലമരണങ്ങളും സംഭവിച്ചു. സ്വമനസ്സാ പുറപ്പെട്ടു, സ്വമനസ്സാ വന്നുകയറി. ആയുസ്സും ആരോഗ്യവും നഷ്ടപ്പെടുത്തി. ആരെയും പഴിക്കുവാനില്ല. എങ്കിലും ആശ്രയിക്കുന്നവരിൽ അലിവുള്ളവനായ ദൈവം കുടിയേറ്റകർഷകരുടെ വിലാപങ്ങൾക്ക് ചെവിയോർത്തു എന്നതിനു തെളിവാണ്. എല്ലാവിധത്തിലും സമ്പന്നമായ വർത്തമാനകാല മലബാർ. അഭിവന്ദ്യ വള്ളോപ്പള്ളി പിതാവ് മലബാർ കുടിയേറ്റത്തെ വിലയിരുത്തുന്നതും ഇപ്രകാരമാണ്:

ഇരുപതുകളുടെ ഉത്തരാർത്ഥത്തിൽ ആരംഭിച്ച കുടിയേറ്റം ഇന്ന് തെങ്ങും, കമുകും, റബ്ബറും, കുരുമുളകും നിറഞ്ഞ് ഹരിതാഭയണിഞ്ഞ മലയോരങ്ങളായി, മലയോരങ്ങളെ കോർത്തിണക്കുന്ന നിരവധി പാതകളായി, ചെറുപട്ടണങ്ങളായി, നിരവധി സ്ഥാപനങ്ങളായി വിരാജിക്കുന്നു. ദൈവകരങ്ങളിൽ നിന്നും വലിയ നേട്ടങ്ങളുടെ ഈ നിധി സ്വീകരിച്ചപ്പോൾ പകരം കൊടുക്കേണ്ടിവന്ന വിലയും സഹിക്കേണ്ടിവന്ന കഷ്ടപ്പാടും എത്രയെന്ന് അധികമാരും ഇന്നറിയില്ല. ആയിരങ്ങളാണ് മലമ്പനിയുടെയും കാട്ടുമൃഗങ്ങളുടെയും മലമ്പാമ്പുകളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും ഇരയായിട്ടുള്ളത്. മുമ്പേ പറന്ന ആ പക്ഷിക്കൂട്ടങ്ങളിൽ ഒരൊറ്റ അംഗം പോലും അവശേഷിക്കാതെ അപമൃത്യുവിനിരയായ കുടുംബങ്ങൾ നിരവധിയുണ്ട്. എല്ലാം നഷ്ടപ്പെട്ടു നിരാശയിൽ മടങ്ങിയവരും കുറവല്ല. അവരുടെ ദുഃഖങ്ങളാകുന്ന മൂശയിലാണ് സമ്പന്നമായ ഇന്നത്തെ മലബാറിനെ ദൈവം വാർത്തെടുത്തത്.'

**വിദേശപ്രയാണങ്ങളും സാമ്പത്തികവളർച്ചയും**

മലബാറിൽ നിന്ന് ഇന്ത്യയുടെ വിവിധഭാഗങ്ങളിലേക്കും വിദേശങ്ങളിലേക്കുമുള്ള കുടിയേറ്റമാണ് ഈ മേഖലയിൽ ഏറ്റവും പുതിയ പ്രതിഭാസം. രണ്ടു പതിറ്റാണ്ടുകൾക്കകത്തുമാത്രമാണ് ഇതിന്റെ സാധ്യതകളും സാഹചര്യങ്ങളും ഇവിടെ രൂപംകൊണ്ടത്. കാർഷികമേഖലയിലുള്ള അതൃപ്തിയും മാറുന്ന ജീവിതശൈലികളോടുള്ള ആഭിമുഖ്യങ്ങളുമായിരിക്കാം ഒരുപക്ഷേ വേറിട്ട ഇത്തരം ചിന്തകൾക്കു പുതുതലമുറകളെ പ്രേരിപ്പിക്കുന്നത്. പ്രാരംഭഘട്ടങ്ങളിൽ ബാംഗ്ലൂർ, ഹൈദരാബാദ്, ബോംബെ പോലുള്ള മെട്രോ സിറ്റികളിലേക്കും പിന്നീട് വടക്കേ ഇന്ത്യയിലേക്കും പഠനത്തിനും തൊഴിലിനുമായി പോയവർ സാവധാനം ഗൾഫ് രാജ്യ

ങ്ങളിലേക്കും മറ്റ് പാശ്ചാത്യനാടുകളിലേക്കുമായി കുടിയേറ്റം വ്യാപിപ്പിച്ചു. കൂടിയ ശമ്പളവും ആയാസം കുറഞ്ഞ ജോലിയും മറ്റുള്ളവരെയും ആകർഷിച്ചു തുടങ്ങി. ജീവിതം പച്ചപിടിക്കാൻ അക്കരക്ക് യാത്ര ചെയ്യണമെന്ന ചിന്ത ഒരു ഒഴിയാബാധപോലെ പുതുതലമുറയെ പിന്തുടർന്നു.

1960 കൾക്കുശേഷം ഗൾഫ് രാജ്യങ്ങളിലേക്കും, തുടർന്ന് യൂറോപ്പ്, അമേരിക്ക, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിലേക്കും സഭാംഗങ്ങൾ കൂട്ടത്തോടെ കുടിയേറി. ഇന്ന് സീറോ മലബാർ വിശ്വാസികളിൽ മൂന്നിലൊന്ന് ഭാഗവും കേരള ത്തിന് പുറത്താണ്. ഈ പ്രവാസികളുടെ ആത്മീയവും സാംസ്കാ രികവുമായ ആവശ്യങ്ങൾക്കായി നിരവധി രൂപതകൾ വിദേശത്ത് സ്ഥാപിതമായിട്ടുണ്ട്.

അമേരിക്ക : ചിക്കാഗോ
ഓസ്ട്രേലിയ : മെൽബൺ
കാനഡ : മിസിസാഗ
യുകെ : ഗ്രേറ്റ് ബ്രിട്ടൻ

ഇന്നത്തെ സാഹചര്യങ്ങൾ കുടിയേറ്റം സഭയ്ക്ക് വലിയ വളർച്ച നൽകിയെങ്കിലും, ഇന്ന് കേരളത്തിലെ യുവതലമുറയുടെ അനി യന്ത്രിതമായ വിദേശ കുടിയേറ്റം സഭയുടെ നേതൃത്വത്തെ ആശങ്കപ്പെടു ത്തുന്നുണ്ട്. കേരളത്തിലെ സഭാ സമൂഹത്തിൽ അംഗങ്ങളുടെ എണ്ണം കുറയുന്നതിനും, പല കുടുംബങ്ങളും കടക്കെണിയിലാകുന്നതിനും ഇത് കാരണമാകുന്നുവെന്ന് സഭാ നേതൃത്വം ചൂണ്ടിക്കാണിക്കുന്നു. യുവജനങ്ങളെ കേരളത്തിൽ തന്നെ നിലനിർത്താനും സംരംഭകത്വ ത്തിന് പ്രേരിപ്പിക്കാനുമുള്ള പദ്ധതികൾ സഭ ഇപ്പോൾ ആവിഷ്കരി ച്ചുവരുന്നുണ്ട്. എങ്കിലും, വിദേശരാജ്യങ്ങളിൽ സ്വന്തം പാരമ്പര്യവും ആരാധനക്രമവും കാത്തുസൂക്ഷിക്കാൻ പ്രവാസി രൂപതകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

മറുനാടുകളിലേക്ക് കുടിയേറിയവർ കൂടുതൽ ഉയർന്ന സാമ്പ ത്തികനിലവാരത്തിലേക്ക് എത്തിയെന്നത് തികച്ചും സത്യമാണ്. വലിയ വീടുകളും വാഹനങ്ങളും ജീവിതസൗകര്യങ്ങളും അവർക്കു സ്വന്തമായി. വിദേശികളില്ലാത്ത ഒരു ഗ്രാമം പോലും ഇല്ലായെന്ന നില യിൽ നിന്ന് വിദേശികളില്ലാത്ത കുടുംബമില്ല എന്ന നിലയിലേക്കെത്തി യിരിക്കുന്നു വിപ്രവാസത്തിൻറെ വർത്തമാനകാലം.

**കുടിയേറ്റവും സുവിശേഷവത്കരണവും**

മാനവ ചരിത്രത്തിൽ കുടിയേറ്റവും സുവിശേഷവത്കരണവും (Migration and Evangelization) തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്.

സ്വന്തം നാടുവിട്ട് പുതിയ ഇടങ്ങളിലേക്ക് ആളുകൾ ചേക്കേറുമ്പോൾ, അവർ തങ്ങളുടെ വിശ്വാസവും സംസ്കാരവും ഒപ്പം കൊണ്ടുപോകുന്നു. ഇത് ലോകമെമ്പാടും ക്രൈസ്തവ സഭയുടെ വളർച്ചയ്ക്കും സുവിശേഷ പ്രഘോഷണത്തിനും വലിയ തോതിൽ കാരണമായിട്ടുണ്ട്.

ചരിത്രപരമായും ആധുനിക കാലത്തും കുടിയേറ്റവും സുവിശേഷവത്കരണവും തമ്മിലുള്ള ബന്ധം താഴെ പറയുന്ന പ്രധാന തലങ്ങളിലൂടെ മനസ്സിലാക്കാം:

1. സഭയുടെ പാരമ്പര്യവും പുതിയ ദൗത്യവും പുതിയ സുവിശേഷവത്കരണം (New Evangelization): കുടിയേറ്റത്തെ സഭ കാണുന്നത് വലിയൊരു അവസരമായാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും കുടിയേറ്റത്തെ പുതിയ സുവിശേഷവത്കരണത്തിന്റെ ഭാഗമായി കണക്കാക്കിയിട്ടുണ്ട്. അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും ഇടയിൽ ശുശ്രൂഷ ചെയ്യുന്നത് സുവിശേഷത്തിന്റെ കാതലായ 'അയൽക്കാരനെ സ്നേഹിക്കുക' എന്ന പ്രമാണത്തിന്റെ പ്രകാശനമാണ്.

2. സഭകളുടെ അതിരുകളിലെ മാറ്റം: പണ്ടുകാലത്ത് സുവിശേഷ പ്രവർത്തനം പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് പൗരസ്ത്യ രാജ്യങ്ങളിലേക്ക് മാത്രമായിരുന്നു. എന്നാൽ ഇന്ന് നേരെ തിരിച്ചാണ് സംഭവിക്കുന്നത്. ഏഷ്യയിൽ (പ്രത്യേകിച്ച് കേരളത്തിൽ) നിന്നും ആഫ്രിക്കയിൽ നിന്നും ക്രൈസ്തവർ യൂറോപ്പിലേക്കും അമേരിക്കയിലേക്കും കുടിയേറുന്നതിലൂടെ, അവിടങ്ങളിലെ പള്ളികൾ സജീവമാകുന്നതിനും വിശ്വാസം പുതുക്കപ്പെടുന്നതിനും കാരണമാകുന്നു.

3. കുടിയേറ്റക്കാരിലൂടെയുള്ള പ്രഘോഷണം: സ്വന്തം നാടുകൾ വിട്ടുപോകുന്ന പ്രവാസികൾ തങ്ങളുടെ ജോലിസ്ഥലങ്ങളിലും സമൂഹങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾ ജീവിച്ചുകാട്ടുന്നു. ഇത് നിശബ്ദമായ ഒരു സുവിശേഷ പ്രഘോഷണമാണ്. പല രാജ്യങ്ങളിലും തദ്ദേശീയർ പള്ളികളിൽ നിന്ന് അകന്നുപോകുമ്പോൾ, കുടിയേറ്റക്കാരുടെ സാന്നിധ്യം ആ പ്രദേശത്തെ ദേവാലയങ്ങൾക്ക് പുതിയ ഉണർവ് നൽകുന്നു.

4. സാമൂഹിക നീതിയും കാരുണ്യവുംകത്തോലിക്കാ സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ (Catholic Social Teaching) കുടിയേറ്റക്കാർക്ക് പ്രത്യേക സ്ഥാനമുണ്ട്. അവരെ സംരക്ഷിക്കുന്നതും സഹായിക്കുന്നതും സുവിശേഷത്തിന്റെ അടിസ്ഥാനപരമായ കടമയാണെന്ന് സഭ പഠിപ്പിക്കുന്നു.

5. കേരളീയരുടെ പങ്ക്: കേരളത്തിൽ നിന്നുള്ള ക്രൈസ്തവർ ലോകത്തിന്റെ വിവിധ കോണുകളിൽ (ഗൾഫ് രാജ്യങ്ങൾ, യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ) കുടിയേറിയിട്ടുള്ളവരാണ്. പ്രവാസികളായ ഈ ക്രൈസ്തവർ പുതിയ സ്ഥലങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും, തങ്ങളുടെ പാരമ്പര്യങ്ങൾ നിലനിർത്തുന്നതിലൂടെ തദ്ദേശീയർക്ക് സുവിശേഷത്തിന്റെ വെളിച്ചം പകർന്നു നൽകുന്നതിലും വലിയ പങ്കുവഹിക്കുന്നുണ്ട്.

**ക്രിസ്തീയകുടിയേറ്റവും സാമൂഹികസംഭാവനകളും**

ക്രിസ്തീയ കുടിയേറ്റം ലോകത്തിന് ചരിത്രപരമായും സാമൂഹികമായും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സാംസ്കാരിക കൈമാറ്റം, സാമ്പത്തിക വളർച്ച, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലോകമെമ്പാടുമുള്ള സമൂഹങ്ങളെ ക്രിസ്തീയ കുടിയേറ്റക്കാർ ഗുണപരമായി സ്വാധീനിച്ചിരിക്കുന്നു. ക്രിസ്തീയ കുടിയേറ്റം ലോകത്തിന് നൽകുന്ന പ്രധാന ഗുണങ്ങൾ താഴെ പറയുന്നവയാണ്:

1. ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക സേവനവും: ലോകമെമ്പാടുമുള്ള ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, അഗതിമന്ദിരങ്ങൾ എന്നിവയുടെ വികാസത്തിൽ കുടിയേറ്റ ക്രൈസ്തവ മിഷനറിമാരും സഭകളും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

2. സാംസ്കാരിക വൈവിധ്യവും വിനിമയവും: വ്യത്യസ്ത രാജ്യങ്ങളിലെ ക്രിസ്തീയ കുടിയേറ്റക്കാർ പുതിയ ആശയങ്ങൾ, കലാരൂപങ്ങൾ, ആചാരങ്ങൾ എന്നിവ പുതിയ സമൂഹങ്ങളിലേക്ക് എത്തിക്കുകയും അതുവഴി സാംസ്കാരിക വൈവിധ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

3. സാമ്പത്തിക വികസനം: കുടിയേറ്റക്കാർ പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെയും, സംരംഭകത്വം, സാമ്പത്തിക ഇടപാടുകൾ എന്നിവയിലൂടെയും ആതിഥേയ രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ശക്തമായ അടിത്തറ നൽകുന്നു.

4. ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ: സ്നേഹം, കാരുണ്യം, സമാധാനം തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കാൻ കുടിയേറ്റക്കാർ സഹായിക്കുന്നു. ഇത് സമൂഹത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്താൻ ഉപകരിക്കുന്നു.

5. ലോകത്തിന്റെ എല്ലാ ഭാഗത്തേയ്ക്കുമുള്ള സമുദായത്തിന്റെ വ്യാപനം.

6. കേരളത്തിലെ കുടുംബത്തിന്റെ സാമ്പത്തിക വികാസം.

**ക്രൈസ്തവകുടിയേറ്റം പ്രതിസന്ധികൾ**

തൊഴിലില്ലായ്മ, അസഹിഷ്ണുത, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ എന്നിവയാണ് ആഗോള ക്രൈസ്തവ കുടിയേറ്റത്തിന് ആക്കം കൂട്ടുന്നത്. എന്നാൽ മാതൃരാജ്യം വിടുന്ന ഈ സമൂഹം, സാംസ്കാരിക വെല്ലുവിളികൾ, വിവേചനം, വിശ്വാസത്തകർച്ച, പുതിയ തലമുറയുടെ അന്യവത്കരണം എന്നിവയുൾപ്പെടെയുള്ള വലിയ പ്രതിസന്ധികളാണ് നേരിടുന്നത്.

ആഗോളതലത്തിൽ ക്രൈസ്തവ കുടിയേറ്റം നേരിടുന്ന പ്രധാന പ്രതിസന്ധികൾ താഴെ പറയുന്നവയാണ്:

1. സാംസ്കാരികവും സാമൂഹികവുമായ അന്യവത്കരണം (Alienation): മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നവർക്ക് തങ്ങളുടെ മാതൃരാജ്യത്തെ സഭകളോടും ആചാരങ്ങളോടും ഉള്ള ബന്ധം നഷ്ടപ്പെടുന്നു. പുതിയ രാജ്യങ്ങളിലെ ഭാഷാപരമായ തടസ്സങ്ങളും സാംസ്കാരിക വ്യത്യാസങ്ങളും അവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുന്നു. ഇത് കുടിയേറ്റക്കാർ സ്വന്തമായി ചെറിയ സഭകൾ (Diaspora Churches) ഉണ്ടാക്കാൻ കാരണമാകുന്നു.

2. രണ്ടാം തലമുറയിലെ വിശ്വാസ പ്രതിസന്ധി: കുടിയേറ്റക്കാരായ മാതാപിതാക്കളുടെ മക്കൾ പുതിയ സംസ്കാരവുമായി ഇഴുകിച്ചേരുമ്പോൾ, മാതാപിതാക്കളുടെ മതവിശ്വാസവും പാരമ്പര്യങ്ങളും അവർക്ക് അന്യമായി മാറുന്നു. സഭകളിലെ ഭാഷയും പ്രവർത്തനരീതികളും മനസ്സിലാക്കാൻ കഴിയാത്തതും, മാതാപിതാക്കളുടെ സംസ്കാരം പിന്തുടരാൻ വിമുഖത കാണിക്കുന്നതും യുവതലമുറയിൽ വിശ്വാസനഷ്ടത്തിന് കാരണമാകുന്നു.

3. മതപീഡനവും അക്രമവും: ആഗോളതലത്തിൽ, പ്രത്യേകിച്ച് മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ഏഷ്യ തുടങ്ങിയ ചില രാജ്യങ്ങളിൽ ക്രൈസ്തവർ നേരിടുന്ന കടുത്ത മതപീഡനങ്ങളും അക്രമങ്ങളുമാണ് പലായനങ്ങൾക്ക് പ്രധാന കാരണം. ഇത് പലരെയും സ്വന്തം നാടും വീടും ഉപേക്ഷിച്ച് അഭയാർത്ഥികളാകാൻ നിർബന്ധിതരാക്കുന്നു.

4. വിദേശ രാജ്യങ്ങളിലെ നിയന്ത്രണങ്ങൾ: യൂറോപ്പ്, അമേരിക്ക, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ കർശനമായ കുടിയേറ്റ നിയമങ്ങൾ, വിസ പ്രതിസന്ധികൾ, തൊഴിൽ സുരക്ഷിതത്വമില്ലായ്മ എന്നിവ കുടിയേറ്റക്കാരെ വലിയ മാനസിക സംഘർഷത്തിലാക്കുന്നു. അന്യരാജ്യങ്ങളിൽ തുച്ഛമായ വേതനത്തിനും അവകാശങ്ങൾ നിഷേധിക്കപ്പെട്ടും ജോലി ചെയ്യേണ്ടി വരുന്നതും ഒരു വലിയ പ്രശ്നമാണ്.

5. വേരറ്റുപോകുന്ന പ്രാദേശിക സഭകൾ: കേരളം പോലുള്ള സ്ഥലങ്ങളിൽ നിന്ന് ക്രൈസ്തവ കുടുംബങ്ങൾ കൂട്ടത്തോടെ വിദേശത്തേക്ക് കുടിയേറുന്നത്, പ്രാദേശിക സഭകളിൽ അംഗങ്ങളുടെ എണ്ണം കുറയാനും പ്രവർത്തനങ്ങളെ ബാധിക്കാനും ഇടയാക്കുന്നു. ഇത് സഭകളുടെ ദൈനംദിന നടത്തിപ്പിനെയും സാമ്പത്തിക സ്ഥിരതയെയും ദോഷകരമായി ബാധിക്കുന്നു.

6. കാർഷിക സംസ്ക്കാരത്തിന്റെയും കൃഷിഭൂമിയുടെയും കൈമോശം.

**ഇവിടെ എന്തുചെയ്യാനാകും**

യുവജനങ്ങളെ ഇവിടെ നിലനിർത്താൻ എന്തുചെയ്യാൻ കഴിയുമെന്ന് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

സ്റ്റാർട്ടപ്പുകൾക്കും സംരംഭങ്ങൾക്കും പ്രോത്സാഹനവും പിന്തുണയും നല്കുക, മികച്ച നിലവാരത്തിലുള്ള സ്ഥാപനങ്ങളും തൊഴിൽ സാഹചര്യവും സൃഷ്ടിക്കുക, മികച്ച വേതനനവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക, സമുദായം കൂടെ ഉണ്ടെന്ന് ബോധ്യം നല്കുക തുടങ്ങിയവ ചില മാർഗ്ഗങ്ങളാണ്.

**ഉപസംഹാരം**

മാനുഷിക വികാസത്തിന്റെയും അതിജീവനത്തിന്റെയും ചരിത്രമാണ് കുടിയേറ്റത്തിന്റെ ചരിത്രം. ആനന്ദിന്റെ 'ഗോവർദ്ധന്റെ യാത്രകൾ' ഓർമ്മിപ്പിക്കുന്നതുപോലെ, ഒടുങ്ങാത്ത അലച്ചിലുകളുടെയും വേരറ്റുപോകലുകളുടെയും ഒരു 'അധികഭാരം' കുടിയേറ്റത്തിന്റെ തുടക്കത്തിൽ എപ്പോഴുമുണ്ട്. ആയുസ്സും ആരോഗ്യവും ഹോമിച്ച് മലബാറിന്റെ മണ്ണിൽ പൊന്നുവിളയിച്ച മുൻതലമുറയുടെ കഷ്ടപ്പാടുകൾ മുതൽ, അന്യനാടുകളിൽ പുതിയ സംസ്കാരങ്ങളോട് പൊരുതുന്ന ആധുനിക തലമുറയുടെ മാനസിക സംഘർഷങ്ങൾ വരെ ഈ ഭാരതത്തിന്റെ ഭാഗമാണ്.

എന്നാൽ ഈ കഠിനയാത്രകളുടെ മറുപുറം, അവ സമൂഹത്തിന് സമ്മാനിച്ച 'ആന്തരികനന്മകളാണ്'. കുടിയേറ്റം കേവലം സാമ്പത്തിക വളർച്ച മാത്രമല്ല നൽകിയത്, മറിച്ച്:

വിശ്വാസത്തിന്റെ ആഗോളവ്യാപനം: സീറോ മലബാർ സഭയുൾപ്പെടെയുള്ള ക്രൈസ്തവ സമൂഹങ്ങൾ ലോകമെമ്പാടും വളരാനും പുതിയൊരു സുവിശേഷവത്കരണത്തിന് വഴിയൊരുക്കാനും ഇത് കാരണമായി.

സാമൂഹിക സാംസ്കാരിക കൈമാറ്റം: വിദ്യാഭ്യാസം, ജീവകാരുണ്യം, സഹിഷ്ണുത തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ പുതിയ സമൂഹങ്ങളിലേക്ക് പടർത്താൻ പ്രവാസികൾക്ക് സാധിച്ചു.

കേരളത്തിന്റെ നട്ടെല്ല്: കേരളത്തിന്റെ സാമ്പത്തിക അടിത്തറയും ജീവിതനിലവാരവും ഉയർത്തുന്നതിൽ വിദേശ കുടിയേറ്റങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല.

രണ്ടാം തലമുറയിലെ വിശ്വാസച്യുതിയും, കേരളത്തിലെ പ്രാദേശിക സഭകളുടെ വറ്റിവരൾച്ചയും ഇന്ന് വലിയ പ്രതിസന്ധികളായി മുന്നിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. എങ്കിലും, വേരുകൾ നഷ്ടപ്പെടാതെ പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കാനും, പുതിയ നാടുകളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രകാശമാകാനും കുടിയേറ്റ ജനതയ്ക്ക് സാധിക്കുന്നുണ്ട്. അലച്ചിലുകളിൽ തുടങ്ങി അധിനിവേശങ്ങളിലൂടെ വളർന്ന്, ഒടുവിൽ ലോകത്തെമ്പാടും നന്മയുടെ വിത്തുകൾ പാകുന്ന ഒരു മഹത്തായ പ്രക്രിയയായി കുടിയേറ്റം ഇന്നും തുടരുന്നു. തീർത്ഥാടകനായ മനുഷ്യൻ തന്റെ യാത്രകളിലൂടെ സ്വന്തം ജീവിതത്തെ മാത്രമല്ല, ലോകത്തെത്തന്നെയാണ് പുനർനിർമ്മിക്കുന്നത്.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

# രൂപതാകച്ചേരി വാർത്തകൾ

**1. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ നാമഹേതുക തിരുനാൾ**

റോമൻ മതമർദ്ദന കാലഘട്ടത്തിൽ രക്തസാക്ഷിയായ വിശുദ്ധ അലക്സാണ്ടറിന്റെ ഓർമ്മ തിരുനാൾ ജൂലൈ 9 ന് നാം ആചരിക്കുകയാണല്ലോ. അലക്സാണ്ടർ നാമധാരിയായ നമ്മുടെ രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന് രൂപത മുഴുവന്റെയും പേരിൽ നാമഹേതുക തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

**2. സ്നേഹസ്മരണ**

ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന്റെ ചരമ വാർഷികം ജൂലൈ 6-ാം തീയതിയും, ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16-ാം തീയതിയും, ബഹു ജോസ് കുളിരാനി അച്ചന്റെ ചരമ വാർഷികം ജൂലൈ 19 നും അതേ ദിവസം തന്നെ ബഹു. തോമസ് മണ്ണൂർ അച്ചന്റെ ഒന്നാം ചരമവാർഷികവുമാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**3. സീറോ മലബാർ സഭാദിനം - ജൂലൈ 3**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3-ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**4. യുവജനദിനം - ജൂലൈ 05**

കേരളസഭ ജൂലൈ 05-ാം തീയതി യുവജനദിനം ആചരിക്കുന്നു. അതിവേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു.

വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽക്കുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചനെയും, ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയോ താഴെ കൊടുത്തിരിക്കുന്ന അകൗണ്ടിലേക്ക് അയയ്ക്കുകയോ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**യൂത്ത് ഡേ കളക്ഷൻ അയക്കേണ്ട Bank details:**

നേരത്തെ ഉണ്ടായിരുന്ന CSB ബാങ്ക് അക്കൗണ്ട് നിലവിൽ ഇല്ലാത്തതിനാൽ താഴെ കൊടുത്തിരിക്കുന്ന South Indian Bank (SIB) അക്കൗണ്ട് നമ്പറിലേക്കാണ് തുക അയക്കേണ്ടത്.

A /C No : 0605053000011933
IFSC : SIBL0000605
Branch : South Indian Bank, Mananthavady

**5. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷിക ധ്യാനം ആദ്യ ബാച്ചിന്റേത് 2026 ആഗസ്റ്റ് 30 ന് ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ സെപ്റ്റംബർ 4 വെള്ളി ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റേത് 2026 സെപ്റ്റംബർ 13 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ മുതൽ സെപ്റ്റംബർ 18 വെള്ളിയാഴ്ച ഉച്ചവരെയുമാണ്. ബഹുമാനപ്പെട്ട വൈദികർ ഈ തിയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സഭാംഗവും പോട്ട ഡിവൈൻ ധ്യാന കേന്ദ്രത്തിൽ പോപ്പുലർ മിഷൻ ധ്യാനങ്ങളുടെ ഡയറക്റ്ററും ധ്യാനഗുരുവുമായ ബഹു. ജോജോ മാരിപ്പാട്ട് വി. സി. അച്ചനാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**6. New Appointments:**

1. Mulavelikkunnel Jacob ( Shaju)- Vicar, Kurumbalakotta
2. Pulinthanam Jose - Vicar, Moolepadam
3. Kappiarumalayil Jose - Director, Jesus Fraternity

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# മാസധ്യാന റിപ്പോർട്ട്
## തരിയോട് ഫൊറോന

09/06/2026-ന് കോട്ടത്തറ സെന്റ് ആന്റണീസ് പള്ളിയിൽ വച്ച് നടന്ന തരിയോട് ഫൊറോനയിലെ അച്ചന്മാരുടെ മാസധ്യാനത്തിൽ ബഹു. ശാന്തിദാസ് അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. അതിനുശേഷം ആരാധനയും, കുമ്പസാരവും നടന്നു.

**ചർച്ചകളും തീരുമാനങ്ങളും:**

1. ഫാ. റോബിൻ പടിഞ്ഞാറയിൽ മേഖല മതബോധന ഡയറക്ടർ ആയി തിരഞ്ഞെടുക്കപ്പെട്ടു.
2. സമുദായ ശക്തീകരണ വർഷത്തോട് അനുബന്ധിച്ചുള്ള പരിഷ് കൗൺസിൽ അംഗങ്ങൾക്കുള്ള സെമിനാർ ചെന്നലോട്, കാവുംമന്ദം എന്നീ രണ്ട് സ്ഥലങ്ങളിലായി ജൂൺ 28 ന്, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 മണി വരെ നടത്താൻ തീരുമാനിച്ചു.
3. ഫിയാത്ത് മിഷനുവേണ്ടി പേപ്പർ ശേഖരിച്ച് നൽകാൻ എല്ലാ ഇടവകകളും സഹകരിക്കുമെന്ന് അറിയിച്ചു.
4. 16,17,18 തീയതികളിൽ നടക്കുന്ന റിഫ്രെഷർ കോഴ്സിൽ 5 വൈദീകരും പങ്കെടുക്കുമെന്നു അറിയിച്ചു.
5. പടിഞ്ഞാറത്തറ പൂഴിത്തോട് റോഡ് യഥാർത്ഥ്യമാക്കുന്നതിൽ രൂപതയും, ഫൊറോനയും കാര്യക്ഷമമായി ഇടപെടണമെന്നും, അതിനായി ഫോറോനാ വൈദീക സമിതി Resolution പാസ്സാക്കി.
6. എല്ലാ സംഘടനകളും ഈ മാസത്തെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു.
7. നസ്രാണി സംഗമത്തെകുറിച്ച് ചർച്ചകൾ നടത്തി, ഫൊറോനയ്ക്ക് ലഭിച്ച പ്രോഗ്രാം എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്തു, ഫോറോനായിലെ എല്ലാ വൈദികരും സന്നിഹിതരായിരുന്നു.

**ഫാ. ക്ലിന്റോ പുലികുന്നേൽ**
സെക്രട്ടറി

# മതബോധനരംഗം

വിശ്വാസപരിശീലനം നാമെല്ലാം വളരെ ദൈവാനുഗ്രഹ ത്തോടെ ആരംഭിച്ചല്ലോ. സമുദായശക്തീകരണവർഷം ആചരിക്കുന്ന നമുക്ക് നമ്മുടെ സഭയെ സ്നേഹിക്കാം. വി. തോമാശ്ലീഹായുടെ പാദസ്പർശത്താൽ വിശ്വാസപുളകിതമായ ഭാരതമണ്ണിൽ എത്രയെത്ര പുണ്യാത്മാക്കളാണ് വളർന്നുവന്നത്. ക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുവാൻ നമ്മെയെല്ലാം ശ്ലീഹാ ഒരുക്കി. വി. തോമാശ്ലീഹായുടെ വിശ്വാസ ചൈതന്യത്തിനായി പ്രാർത്ഥി ക്കുന്നതോടൊപ്പം സഹനത്തിന്റെ സൗരഭ്യം പരത്തി ആത്മീയ തേജസ്സോടെ ശോഭിച്ചുനിൽക്കുന്ന നമ്മുടെ ആദ്യ വിശുദ്ധ അൽ ഫോൻസാമ്മയുടെ മാതൃക നമുക്ക് എപ്പോഴും പ്രചോദനമാണ്. വിശുദ്ധയുടെ മാധ്യസ്ഥവും ഈ മാസം പ്രത്യേകം തേടാം. കുഞ്ഞു ങ്ങളെ സ്നേഹിച്ച അമ്മയായിരുന്നല്ലോ അൽഫോൻസാമ്മ. നമുക്ക് പ്രാർത്ഥനയോടെ, തീക്ഷ്ണതയോടെ ഈ അധ്യയനവർഷം മനോ ഹരമാക്കാം.

**HCC I & HCC II Online Registration ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

HCC I & II രജിസ്ട്രേഷനും 2026-27 വർഷത്തെ സർവേ ഫോമും മതബോധനത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനായി എല്ലാ ഇടവകകളിലും പൂർത്തിയാക്കിയല്ലോ. HCC 1 കുട്ടികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി കഴിയുമ്പോൾ മതബോധന കേന്ദ്ര ത്തിൽ നിന്ന് രജിസ്റ്റർ നമ്പർ ആഡ് ചെയ്യും. അതിനുശേഷം മാത്രമേ പ്രിന്റ് എടുക്കാവൂ എന്ന് ഓർമ്മപ്പെടുത്തുന്നു. രജിസ്ട്രേഷനുശേഷം പ്രിന്റ് എടുത്ത് വികാരിയച്ചൻ, ഹെഡ്മാസ്റ്റർ, രക്ഷകർത്താവ്, കുട്ടികൾ എന്നിവർ അപേക്ഷാഫോമിലും ഹാൾടിക്കറ്റിലും ഒപ്പിട്ട് രജിസ്ട്രേഷൻഫീസിനൊപ്പം (200 രൂപ) രൂപത ഓഫീസിൽ ജൂലൈ 7 മുതൽ ജൂലൈ 11 വരെയുള്ള തീയതികളിൽ എത്തിക്കേണ്ടതാണ്.

താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

A/c No.0605053000011934
IFSC – SBIL0000605
MICR – 670059202
SOUTH INDIAN BANK
Branch – MANANTHAVADY

**പ്രൈവറ്റ് രജിസ്ട്രേഷൻ**

പത്താം ക്ലാസ് പഠനത്തിനു ശേഷം 11,12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിനോ, തത്തുല്യ മായ മറ്റു കോഴ്സുകൾക്കോ പോകുന്ന കുട്ടികൾക്ക് ഉന്നത വിദ്യാ ഭ്യാസത്തിനുള്ള അവസരം നിഷേധിക്കാതെ, വിശ്വാസ പരിശീലന ത്തിന്റെ ഭാഗമാക്കിനിർത്തേത് ആവശ്യമാണ്. ഇവർക്കുവേണ്ടിയാണ് പ്രൈവറ്റ് രജിസ്ട്രേഷൻ. ഈ കുട്ടികൾ പാലിക്കേണ്ട നിബന്ധന കളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഞായറാഴ്ച രാവിലെ മാതൃ ഇടവകയിൽ കുർബാനയിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വിശുദ്ധകുർബാനക്കുള്ള ക്രമീക രണം ഏർപ്പെടുത്തണം.

2. വികാരിയച്ചന്റെ സാക്ഷ്യപത്രം നൽകുന്നവർക്കേ Private Registration അനുവദിക്കുകയുള്ളൂ. (കുട്ടികൾ എൻട്രൻസ് പരിശീ ലനമോ / മറ്റ് കോഴ്സുകളിലോ പങ്കെടുക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾ)

3. വാർഷിക പരീക്ഷ തങ്ങളുടെ ഇടവകകളിലാണ് എഴുതേ ണ്ടത്. RESIDENTIAL സ്കൂളുകളിലോ കേരളത്തിന് പുറത്തോ പഠിക്കുന്നവർക്ക് പരീക്ഷ എഴുതാൻ പ്രത്യേക സൗകര്യം ഏർപ്പെടു ത്തുന്നതാണ്.

4. പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് രൂപത കേന്ദ്രത്തിൽ നിന്ന് രണ്ട് സെമസ്റ്ററിലും അസൈൻമെന്റ് നൽകുന്നതായിരിക്കും. അത് പൂർത്തിയാക്കി ജനുവരി 10 നു മുമ്പ് തിരികെ നൽകിയി രിക്കണം അത് അവരുടെ ഇന്റേണൽ മാർക്കിന് പരിഗണിക്കും.

5. പ്രൈവറ്റ് കുട്ടികളെ രൂപത റാങ്കിന് പരിഗണിക്കുന്നതല്ല.

6. രജിസ്ട്രേഷൻ ഫീസ് RS 1000 ആയിരിക്കും. (രണ്ട് വർഷ ങ്ങളിലും രജിസ്ട്രേഷൻ ഫീസ് RS 1000 വീതം അടക്കണം.)

7. റെഗുലർ സ്റ്റുഡൻസിന്റെ രജിസ്ട്രേഷൻ സമയത്ത് തന്നെ ഈ കുട്ടികളും ഇടവകകളിൽ രജിസ്ട്രേഷൻ നടത്തി പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ഒപ്പുവച്ച് പ്രിന്റൗട്ടും വാട്സ്ആപ്പ് നമ്പറും ജൂലൈ 5-ന് പൂർത്തിയാക്കി ജൂലൈ 7 തിയതി മുതൽ 9 വരെയുള്ള ദിവസങ്ങളിൽ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ആമുഖ സെമിനാർ**

2026 ജൂൺ 6-ാം തീയതി ദ്വാരകയിൽ 86 പേരും ജൂൺ 13-ാം തീയതി മണിമൂളിയിൽ 32 പേരും പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ച ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ. സെബാസ്റ്റ്യൻ പാലം

പറമ്പിൽ, ശ്രീ. ജോസ് പുഞ്ചയിൽ, സി. ലിനറ്റ് MSMI, സി. ബെറ്റി ജോസ് സി. ലിഡിയ ജോസ് SABS എന്നിവർക്കും രൂപതാ മത ബോധന കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**മതാദ്ധ്യാപകർക്കുള്ള ഓൺലൈൻ വെബിനാർ**

സീറോ മലബാർ കാറ്റകറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ ജൂൺ 21 മുതൽ 30 വരെ പത്ത് കല്പനകളെ ആസ്പദമാക്കി നടത്തിയ ഓൺലൈൻ വെബിനാറിൽ പങ്കെടുത്ത് 10 പേജിൽ കവിയാത്ത Assignment രൂപതാകേന്ദ്രത്തിൽ സമർപ്പിക്കണം. Assignment സമർപ്പിക്കേണ്ട അവസാന തീയതി 2026 ആഗസ്റ്റ് 20. ഏറ്റവും നല്ല Assignment എഴുതുന്നവർക്ക് രൂപതയിൽ നിന്ന് പ്രത്യേകസമ്മാനം നല്കുന്നതാണ്.

**DCT Course Registration**

മതാധ്യാപകർക്കായി രൂപതാ മതബോധനകേന്ദ്രം നടത്തി വരുന്ന DCT കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇടവകകളിൽ നിന്ന് online ആയി രജിസ്റ്റർ ചെയ്ത് ജൂലൈ 15 നുള്ളിൽ അപേക്ഷ ഫോറം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. DCT, Course Fee 2400. (1200 രൂപ രൂപതാകേന്ദ്രം സ്കോളർഷിപ്പ് ആയി നല്കും.) വിശദവിവരങ്ങൾ വികാരിയച്ചന്മാരുടെയും പ്രധാന അധ്യാപകരുടെയും വാട്സ്ആപ് ഗ്രൂപ്പിൽ നൽകുന്നതായിരിക്കും. നന്ദി.

കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസ പരിശീലന രംഗത്ത് മേഖല ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ഫാ. വിൻസെന്റ് കളപ്പുരയിൽ (ബത്തേരി), ഫാ.സജി മാത്യു പുഞ്ചയിൽ (ചുങ്കക്കുന്ന്), ഫാ. ജോസഫ് കൊട്ടാരത്തിൽ (കല്ലോടി), ഫാ. സുനിൽ തെക്കേപ്പെര (കൽപ്പറ്റ), ഫാ.ബിജു പുന്നയ്ക്കാപടവിൽ (മാനന്തവാടി) എന്നിവർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**സ്വാഗതം**

ഈ വർഷം പുതുതായി മേഖല ഡയറക്ടർമാരായി കടന്നു വന്നിരിക്കുന്ന ഫാ. ഷിന്റോ പുലികുഴിയിൽ (ബത്തേരി), ഫാ .ബിജു തുരുത്തേൽ (ചുങ്കക്കുന്ന്), ഫാ. സന്തോഷ് കാവുങ്കൽ (കല്ലോടി), ഫാ. പോൾ എടയകൊണ്ടാട്ട് (കൽപ്പറ്റ), ഫാ. ബാബു കക്കാട്ടിക്കാലായിൽ (മാനന്തവാടി), ഫാ. റോബിൻ പടിഞ്ഞാറയിൽ (തരിയോട്) എന്നിവർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ പ്രിയ കൂട്ടുകാരെ,

ചെറുപുഷ്പ മിഷൻലീഗ് 2026-27 പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ, 'എക്ലേസിയ വിവാ - ജീവിക്കുന്ന സഭ' എന്ന മാർഗ്ഗരേഖ നമ്മുടെ പുതിയ പ്രവർത്തനങ്ങൾക്ക് ദിശാബോധവും പ്രചോദനവും നൽകുന്നു. സഭ വെറും ഒരു സ്ഥാപനമല്ല; ക്രിസ്തുവിൽ ജീവിക്കുന്ന വിശ്വാസികളുടെ സമൂഹമാണ്. യേശുക്രിസ്തുവിന്റെ സ്നേഹത്തിലും സുവിശേഷ മൂല്യങ്ങളിലും വളരുന്ന ഓരോ അംഗവും ഈ ജീവിക്കുന്ന സഭയുടെ സജീവ ഭാഗമാണ്. പ്രാർത്ഥനയിലും വിശ്വാസജീവിതത്തിലും ആഴപ്പെടുകയും, സഭയെ സ്നേഹിച്ച് ലോകത്തിൽ ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുകയും ചെയ്യുക എന്നതാണ് ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ലക്ഷ്യം. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നിവിടങ്ങളിലെല്ലാം ക്രിസ്തീയ മൂല്യങ്ങൾ പകർന്നുനൽകുന്ന ദൗത്യബോധമുള്ള കുഞ്ഞുമിഷനറിമാരെ വളർത്തിയെടുക്കുവാൻ മിഷൻലീഗ് എന്നും പരിശ്രമിക്കുന്നു. 'സഭയെ സ്നേഹിക്കാം - ലോകത്തിൽ സാക്ഷികളാകാം' എന്ന സന്ദേശം ഹൃദയത്തിൽ സ്വീകരിച്ച്, പ്രാർത്ഥന, ത്യാഗം, സേവനം, സുവിശേഷപ്രഘോഷണം എന്നീ മിഷൻലീഗിന്റെ അടിസ്ഥാന മൂല്യങ്ങളെ ജീവിതത്തിൽ പകർത്തുവാൻ ഓരോ അംഗവും പ്രതിജ്ഞാബദ്ധരാണ്. ജീവിക്കുന്ന സഭയുടെ സജീവ അംഗങ്ങളായി വളർന്ന്, യേശുവിന്റെ സ്നേഹവും കരുണയും ലോകത്തിലേക്ക് പകർന്നുനൽകുന്ന ചെറു മിഷനറിമാരാകുവാൻ ഈ പ്രവർത്തന വർഷം നമ്മെ പ്രചോദിപ്പിക്കട്ടെ. നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാധ്യസ്ഥ്യം അപേക്ഷിച്ച്, ഈ പ്രവർത്തന വർഷത്തെ ദൈവകരങ്ങളിൽ സമർപ്പിക്കാം.

'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ ക്രിസ്തുനാഥനെ ചങ്കോട് ചേർത്തുവച്ച് ഭാരതത്തിൽ വിശ്വാസം പകർന്നു നൽകിയ തോമാശ്ലീഹായുടെ തിരുനാൾ നമ്മെയും ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കട്ടെ, ജൂലൈ 12-ാം തീയതി നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചു

ത്രേസ്യായുടെ മാതാപിതാക്കളുടെയും, ജൂലൈ 28-ാം തീയതി ഉപമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ദിനങ്ങളാണ്. ജീവിക്കുന്ന സഭയെ കൂടുതൽ സ്നേഹിക്കാനും സേവിക്കാനും ഈ തിരുനാളുകൾ നമ്മെ സഹായിക്കട്ടെ. ഈ വർഷത്തെ മിഷൻലീഗ് പ്രവർത്തനങ്ങളിൽ സഭയോട് ചേർന്ന് നമുക്കൊരുമിച്ച് മുന്നേറാം.

**ഫാ. സന്തോഷ് ഒറവാറന്തറ**
രൂപതാ ഡയറക്ടർ

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗിന് ഉണർവും ഉത്തേജനവുമായി കടന്നുവന്ന പുതിയ ഡയറക്റ്റേഴ്സിന് മിഷൻലീഗ് രൂപതാ സമിതിയിലേക്ക് ഹൃദ്യമായ സ്വാഗതം. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ (ദ്വാരക മേഖല), ഫാ. മനോജ് കറുത്തേടത്ത് (കല്ലോടി മേഖല), ഫാ. ജോണി കപ്യാരുമലയിൽ (മണിമൂളി മേഖല), ഫാ. റിജോസ് അരുമയിൽ (ബത്തേരി മേഖല), ഫാ. നിഷ്‌വിൻ തേൻപള്ളിയിൽ (നീലഗിരി മേഖല), ഫാ. ജെറിൻ പൊയ്കയിൽ (കല്പറ്റ മേഖല), ഫാ. ജോമൽ കപ്പൂച്ചിൻ (നിലമ്പൂർ മേഖല).

**ബെസ്റ്റ് ശാഖകൾ, മേഖലകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2025-2026 പ്രവർത്തന വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖലകളായി ചുങ്കക്കുന്ന്, കല്പറ്റ, ബത്തേരി മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും; ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച ശാഖകളായി ചെറുകാട്ടൂർ, പുതുശ്ശേരിക്കടവ്, ചുങ്കക്കുന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും അർഹരായി. കൂടാതെ മികച്ച 10 ശാഖകളായി ബത്തേരി, അരിഞ്ചേർമല, ശിശുമല, ചാരിറ്റി, അമ്പായത്തോട്, തെനേരി, മീനങ്ങാടി, ഒലിവുമല, നടവയൽ, കൊട്ടിയൂർ ശാഖകളും തിരഞ്ഞെടുക്കപ്പെട്ടു. ഈ വിജയത്തിന് പിന്നിൽ അധ്വാനിച്ച മേഖല, ശാഖാ തലങ്ങളിലുള്ള എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**സ്നേഹിക്കാൻ ഒരു ഹൃദയം തിരുഹൃദയം**

തിരുഹൃദയ വണക്കത്തിന്റെ പ്രാധാന്യം അറിയിച്ചുകൊണ്ടും തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിനായും എല്ലാ ദിവസവും തിരുഹൃദയ വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു.

**ഫസ്റ്റ്ബെൽ**

അക്ഷരങ്ങളുടെ തിരുമുറ്റത്തേക്ക് പ്രവേശിച്ച എല്ലാ വിദ്യാർത്ഥികൾക്കും, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആശംസകൾ അറിയിച്ച് പോസ്റ്റർ തയ്യാറാക്കി അയച്ചു.

**രൂപതാ കൗൺസിൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2026-2027 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ (എക്ലേസിയ വിവാ ജീവിക്കുന്ന സഭ) പ്രകാശനവും ജൂൺ 13 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിക്കുകയും രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ദീപ്തിഗിരി ശാഖ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പ്രയർ ഡാൻസ് അവതരിപ്പിച്ചു. തുടർന്ന് രൂപത കൗൺസിലും, കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കും, മികച്ച മിഷൻമാസ പ്രവർത്തനങ്ങൾക്കുമായി ശാഖകൾക്കും മേഖലകൾക്കുമുള്ള സമ്മാനങ്ങളും; 2025 പ്രവർത്തന വർഷത്തിൽ നടത്തിയ വിവിധ മത്സര വിജയികൾക്കുള്ള സമ്മാനവിതരണവും നടന്നു. ശാഖ, മേഖല ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു. കൗൺസിൽ യോഗത്തിനുശേഷം ശാഖ ജോ. ഡയറക്ടേഴ്സ് മീറ്റിംഗ്, പ്രസിഡന്റ് വൈസ് പ്രസിഡന്റ് മീറ്റിംഗ്, സെക്രട്ടറി ജോ. സെക്രട്ടറി മീറ്റിംഗ്, ഓർഗനൈസേഴ്സ് മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു.

**റീജിയണൽ കൗൺസിൽ**

മണിമൂളി, നിലമ്പൂർ റീജിയണൽ കൗൺസിലും പ്രവർത്തന വർഷ ഉദ്ഘാടനവും 21-6-2026 ഞായറാഴ്ച 2.30 മുതൽ നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോനാ ദേവാലയത്തിൽ വച്ച് നടന്നു. തുടർന്ന് ശാഖ ജോ. ഡയറക്ടേഴ്സ് മീറ്റിംഗ്, പ്രസിഡന്റ് വൈസ് പ്രസിഡന്റ് മീറ്റിംഗ്, സെക്രട്ടറി ജോ. സെക്രട്ടറി മീറ്റിംഗ് എന്നിവയും നടന്നു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത യോഗം ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിക്കുകയും രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

വാർഷിക മാനേജിങ് കമ്മിറ്റി യോഗം നടന്നു. 10 ശാഖകളിൽ നിന്നും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മേഖല

വാർഷികവും, പ്രേഷിതസംഗമവും, പ്രേഷിതറാലിയും മെയ് 29 ചുങ്കക്കുന്ന് ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ നടന്നു.

**ഏലപ്പീടിക ശാഖ**

പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവനങ്ങളിൽ മാതാവിന്റെ വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. കുട്ടികളെ 3 ഗ്രൂപ്പായി തിരിച്ചു. ലീഡേഴ്സിനെ തിരഞ്ഞെടുത്തു. തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന് ശാഖ**

മെയ് ഒന്നാം തീയതി ചുങ്കക്കുന്ന് ടൗണിലെ തൊഴിലാളികളെ പൂക്കളും മധുരവും നൽകി ആദരിച്ചു. കോളയാട് ആവിലാരാമം മിണ്ടാമഠം സന്ദർശിച്ചു. വ്യക്തിത്വവികാസം, ദൈവവിളി പ്രോത്സാഹനം സെമിനാർ നടത്തി. ഭവന നിർമ്മാണത്തിന് സഹായം നൽകി. സീക്രട്ട് എയ്ഞ്ചൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടിയെ ഒരു മാസം സഹായിച്ചു. വൈദിക വിദ്യാർത്ഥിക്ക് സഹായം നൽകി. മാതൃദിനം ആചരിക്കുന്നതിന്റെ ഭാഗമായി ഇടവകയിലെ പ്രായം ചെന്ന കോളാശേരി ഏലിക്കുട്ടി അമ്മച്ചിക്ക് പൂക്കൾ നൽകി കേക്ക് മുറിച്ച് പൊന്നാട അണിയിച്ച് ആദരിച്ചു. സ്ക്രീൻ ഫ്രീ മിഷൻ അന്നേദിവസം ആരും ഫോൺ ഉപയോഗിച്ചില്ല. കുട്ടികളെ എഴുത്തിന് ഇരുത്തി. പന്തക്കുസ്താ തിരുനാൾ, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ആഘോഷിച്ചു. മെയ് 31 വണക്കമാസ സമാപനം ആഘോഷമായി കൊണ്ടാടി.

**തെനേരി ശാഖ**

ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ശാഖ എക്സിക്യൂട്ടീവ് ചേർന്നു. ഒന്നാം തീയതി മുതൽ എല്ലാ കുടുംബങ്ങളിലും തിരുഹൃദയ ജപമാലയും ലുത്തിനിയയും മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ, പരിശുദ്ധ കുർബാനയുടെ അത്ഭുതം നടന്ന വിളക്കന്നൂർ ദേവാലയത്തിലേക്ക് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ തീർത്ഥാടനം നടത്തി. ഈശോയുടെ തിരുഹദയത്തിന്റെ തിരുനാൾ ദിനത്തിൽ മിഷൻലീഗ് അംഗങ്ങൾ കുടുംബനാഥന്റെ നേതൃത്വത്തിൽ വീടുകളിൽ കുടുംബ പ്രതിഷ്ഠ നടത്തി. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച്, തിരുഹൃദയത്തെക്കുറിച്ച് പ്രസംഗം നടത്തി, അതിന്റെ വീഡിയോ കുട്ടികൾ അയച്ചുതന്നു. വിമല ഹൃദയത്തിരുനാൾ ദിനം 4.30 pm ന് വി. കുർബാനയ്ക്കു ശേഷം വിമലഹൃദയ പ്രതിഷ്ഠ നടത്തി. പരിശുദ്ധ അമ്മയുടെ

സ്തുതിക്കായി മിഷൻലീഗ് അംഗങ്ങൾ വ്യക്തിപരമായി ഒരു ജപമാല ചൊല്ലിക്കാഴ്ച വെച്ചു. ശാഖാ മാനേജിംഗ് കമ്മിറ്റി കൂടി. തിരുഹൃദയ തിരുനാൾ ദിനത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

**ചുള്ളിയാന ശാഖ**

പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പന്തക്കുസ്താ തിരുനാൾ ആഘോഷിച്ചു. പള്ളിയിൽവന്ന എല്ലാ കുട്ടികൾക്കും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും എഴുതിയ കാർഡ് സമ്മാനമായി നൽകി. കുട്ടികളെ എഴുത്തിന് ഇരുത്തുന്നതിനായി സഹായിച്ചു. ഒന്നാം ക്ലാസിലേക്ക് പുതുതായി കടന്നുവന്ന കുട്ടികൾക്ക് ബലൂണും മിഠായിയും നൽകി സ്വീകരിച്ചു. രൂപതാ കൗൺസിലിലും പ്രവർത്തനവർഷ ഉദ്ഘാടനത്തിലും പങ്കെടുത്തു. ശാഖാ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**വിളമ്പുകണ്ടം ശാഖ**

മിഷൻലീഗ് ഭാരവാഹികളും ആനിമേറ്ററും ചേർന്ന് 4 ഭവനങ്ങളിലെ രോഗികളെ സന്ദർശിച്ചു. പള്ളിയിലെ പൂന്തോട്ടം നവീകരിച്ചു. പ്രവർത്തന വർഷാരംഭം ജൂൺ 7 ന് തിരി തെളിച്ച് ആരംഭിച്ചു. കാഴ്ച സമർപ്പണം നടത്തി. ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ആദ്യത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പരിസ്ഥിതി ദിനം ആഘോഷിച്ചു. പ്ലാവിൻ തൈ നട്ടു.

**എള്ളുമന്ദം ശാഖ**

പ്രവർത്തന വർഷാരംഭത്തോട് അനുബന്ധിച്ച് ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികൾക്കായി പ്രവേശനോത്സവം നടത്തി. മിഷൻലീഗ് കുട്ടികൾക്കായി വൺഡേ സെമിനാർ നടത്തി. ദ്വാരകയിൽ വച്ച് നടന്ന രൂപത കൗൺസിലിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ശാഖയിൽ എക്സിക്യൂട്ടീവ് യോഗം ചേർന്നു.

**അമരക്കുനി ശാഖ**

2026-2027 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഗ്രൂപ്പ് തിരിച്ച് മീറ്റിംഗ് കൂടി. രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

**പനംചിറ ശാഖ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഭവനങ്ങളിൽ വൃക്ഷതൈ നട്ടു. ഈശോയുടെ തിരുഹൃദയതിരുനാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന SH സിസ്റ്റേഴ്സിനെ ആദരിച്ചു.

**നെടുമ്പാല ശാഖ**

പ്രവേശനോൽസവം നടത്തി, 1 മുതൽ 12 വരെ മുടങ്ങാതെ പള്ളിയിൽ വന്ന അനീറ്റയെ മെമന്റോ കൊടുത്ത് ആദരിച്ചു. സ്കൂൾ പ്രവേശനത്തിനൊരുക്കമായി ഏകദിന ധ്യാനം നടത്തി, തിരു ഹൃദയതിരുന്നാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനെ ആദരിച്ചു.

**കൽപ്പറ്റ ശാഖ**

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സിഎം എൽ അംഗങ്ങൾ വൃക്ഷത്തൈ നട്ടു. ജോമി അച്ചന്റെ നേതൃത്വ ത്തിൽ എക്സിക്യൂട്ടീവ് കൂടി പുതിയ ഭാരവാഹികളെ തിരഞ്ഞെ ടുത്തു. കുട്ടികളെ ശരിയായ രീതിയിൽ മനസ്സിലാക്കുവാനും, അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ദൃഢപ്പെടുത്തുവാനുമായി, വ്യക്തിത്വ വികാസം, സ്വഭാവരൂപീകരണം, കുട്ടികളുടെ മനഃശാ സ്ത്രം, ഇന്നത്തെ കാലഘട്ടത്തിൽ അവർ നേരിടുന്ന വെല്ലുവി ളികൾ, ഗുഡ് പാരന്റിങ് എന്നീ വിഷയങ്ങളെക്കുറിച്ച് പ്രശസ്ത മനഃശാസ്ത്രജ്ഞനും കൗൺസിലറുമായ ഫാ. ജിമ്മി ആക്കാട്ട് അധ്യാപകർക്കും മാതാപിതാക്കൾക്കും ക്ലാസ് എടുത്തു. അന്നേ ദിവസം തന്നെ കുട്ടികൾക്കായി വിശുദ്ധ ഡോൺ ബോസ്കോയുടെ സിനിമ പ്രദർശനവും നടത്തി. ശാഖാ കൗൺസിൽകൂടി സിഎം എൽ അംഗങ്ങളെ നാലു ഗ്രൂപ്പായി തിരിച്ച് ലീഡേഴ്സിനെ തിര ഞ്ഞെടുത്തു. വിശുദ്ധ കുർബാനയ്ക്കുശേഷം, സിഎംഎൽ അംഗ ങ്ങൾ ഫ്ളാഷ് മോബ്, ലഹരിക്കെതിരെ പ്രതിജ്ഞയും നടത്തി.

**തൃശ്ശിലേരി ശാഖ**

എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് തിരുബാലസഖ്യം, സിഎംഎൽ അംഗ ങ്ങൾ വൃക്ഷതൈ നടുകയും വചനത്തിലൂടെ പ്രകൃതിയെ അറിയാം എന്ന പ്രവർത്തനവും ചെയ്തു. ശാഖയിൽ പ്രവർത്തന വർഷ ഉദ്ഘാടനം, മാർഗ്ഗരേഖ തയ്യാറാക്കൽ എന്നിവയും നടത്തി.

**മുള്ളൻകൊല്ലി ശാഖ**

ആരാധനാ സന്യാസിനി സമൂഹവും, ചെറുപുഷ്പ മിഷൻ ലീഗ് ചമ്പക്കുളം മേഖലയും ചേർന്നു നടത്തിയ പതിനഞ്ചാമത് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി സ്മാരക അഖിലേന്ത്യ ക്വിസ് മത്സരത്തിൽ രൂപതയിൽ ഒന്നാം സ്ഥാനവും, ആലപ്പുഴയിൽ വച്ചു നടന്ന അഖിലേന്ത്യാമത്സരത്തിൽ മൂന്നാം സ്ഥാനവും മുള്ളൻകൊല്ലി ശാഖാംഗങ്ങളായ, സെറ ബാബു കുളത്തിങ്കൽ,

ആലോന ട്രീസ മിറ്റത്താനി എന്നിവർ കരസ്ഥമാക്കി (6000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും). 2026-2027 വർഷത്തെ ശാഖ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും പ്രവർത്തനവർഷാരംഭം കുറിക്കുകയും ചെയ്തു. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ശാഖ എക്സിക്യൂട്ടീവ് അംഗങ്ങൾ ദ്വാരക SH പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും പൂക്കളും മധുരവും നൽകി അനുമോദിക്കുകയും ചെയ്തു.

**മക്കിയാട് ശാഖ**

എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനസന്ദർശനം നടത്തി. രോഗീസന്ദർശനം നടത്തി. മാതാവിന്റെ തിരുസ്വരൂപം അലങ്കരിക്കൽ മത്സരം നടത്തി. മാതാവിന്റെ വണക്കമാസ സമാപനം ആഘോഷിച്ചു. പായസം വിതരണം നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. ചെടികളും തണൽ മരങ്ങളും, ഫലവൃക്ഷങ്ങളും നട്ടു. ശാഖാ തിരഞ്ഞെടുപ്പ് നടത്തി. തിരുഹൃദയ തിരുനാൾ ആചരിച്ചു. SH സിസ്റ്റേഴ്സിനെ ആദരിച്ചു. രൂപതാപ്രവർത്തനവർഷ ഉദ്ഘാടനത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ജോ. ഡയറക്ടർ സംഗമത്തിൽ ജോ.ഡയറക്ടർ സംബന്ധിച്ചു.

**എടയൂർക്കുന്ന് ശാഖ**

മെയ് 14 മുതൽ 29 വരെ കേണിച്ചിറ ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് നടത്തപ്പെട്ട ധ്യാനത്തിൽ മൂന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾ വിവിധ ബാച്ചുകളിലായി 24 പേർ പങ്കെടുത്തു. രൂപതാ ക്യാമ്പിൽ മനു പാറേനാൽ, അമൽ പേരോത്ത് പങ്കെടുത്തു. മനു പാറേനാൽ Best Camper ആയും, അമൽ പേരോത്ത് Best Leader ആയും രൂപതാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം ആദ്യകുർബ്ബാന സ്വീകരിച്ച എല്ലാ കുട്ടികളും എല്ലാ ദിവസവും ഒരു അധ്യായം ബൈബിൾ വായിക്കുകയും കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അയച്ചു തരുകയും ചെയ്യുന്നുണ്ട്. മാസാവസാനം വചന വീഥിയിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനം നൽകുകയും ചെയ്തു.

**ബോസ്പാറ ശാഖ**

അഭിമാനത്തോടെ ബോസ്പാറ ശാഖ 2025 - 2026 പ്രവർത്തന വർഷത്തിലെ പ്രവർത്തന മികവിന് നീലഗിരി മേഖലയിലെ മികച്ച ശാഖയായി ബോസ്പാറ ശാഖ തിരഞ്ഞെടുക്കപ്പെട്ടു. ബോസ്പാറ ശാഖയുടെ പുതിയ ഡയറക്ടറായി കടന്നു വന്ന ബഹു. ജയ്നേഷ് പുതുക്കാട്ടിൽ അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു.

തിരുഹൃദയ തണലിൽ: ഈശോയുടെ തിരുഹൃദയത്തിന്

പ്രതിഷ്ഠിക്കപ്പെട്ട ജൂൺ മാസത്തിൽ ഈശോയുടെ തിരുഹൃദയ ഭക്തിയിൽ കൂടുതൽ ആഴപ്പെടുക എന്ന ലക്ഷ്യവുമായി 'തിരു ഹൃദയ തണലിൽ' എന്ന പേരിൽ വീഡിയോ വിചിന്തനങ്ങൾ ജൂൺ മാസം മുഴുവൻ നൽകി.

പരിസ്ഥിതി ദിനാചരണം: 'ചെറിയ പ്രവർത്തികൾ വലിയ മാറ്റങ്ങൾ' എന്ന മുദ്രാവാക്യവുമായി ബോസ്പാറ ശാഖയിൽ പരിസ്ഥിതി ദിനാചരണം നടത്തി. ജൂൺ 13 ന് നടന്ന ചെറു പുഷ്പ മിഷൻലീഗ് രൂപത പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

**യവനാർകുളം**

ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ദ്വാരകയിൽ വച്ച് നടന്ന രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനത്തിലും മീറ്റിങ്ങിലും ശാഖാ ഭാരവാഹികൾ പങ്കെടുത്തു. ശാഖ കൗൺസിൽ സമ്മേളനം നടത്തി. കൂപ്പൺ വിതരണം ചെയ്തു.

**വാകേരി ശാഖ**

ക്രിസ്റ്റീൻ ധ്യാനം നടത്തി. എല്ലാ കുട്ടികളും ധ്യാനത്തിൽ പങ്കുചേർന്നു. പന്തക്കുസ്താ തിരുനാളിനൊരുക്കമായി നടന്ന പൊതുകുടുംബ പ്രാർത്ഥനയിൽ സി. എം. ൽ. അംഗങ്ങൾ പങ്കെടുത്തു. പന്തക്കുസ്താ തിരുനാളിൽ വിദ്യാരംഭ പ്രാർത്ഥന നടത്തി. പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും കാഴ്ചവെയ്പ്പും നടത്തി. ശാഖാ കൗൺസിൽ നടത്തി പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. രൂപതാ കൗൺസിലിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ചാരിറ്റി ശാഖ**

ചാരിറ്റി ഇടവകയിൽ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ഇടവകയിലെ CML അംഗങ്ങൾ HIM അഗതിമന്ദിരം, ആശ്വാസഭവൻ സന്ദർശിച്ച് കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ നൽകി. മൂന്ന് സൈക്കിൾ വിതരണം ചെയ്തു. ആശ്വാസഭവൻ കുട്ടികളെ നോക്കുന്ന സിസ്റ്റർ ലൈല യുമായി അഭിമുഖം നടത്തുകയും ആദരിക്കുകയും ചെയ്തു. തിരുഹൃദയ തിരുനാളിനോടും വിമലഹൃദയ തിരുനാളിനോടും അനുബന്ധിച്ച് ഇടവകയിലെ തിരുഹൃദയ സന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സിനെയും വിമലഹൃദയത്തിന്റെ മക്കളായ ക്ലറിഷൻ വൈദികരെയും ആദരിച്ചു.

**പാൽചുരം ശാഖ**

ബഹു. പ്രതീഷ് കിഴക്കൻ പുതുപ്പള്ളി അച്ചന്റെ നേതൃത്വത്തിൽ

മീറ്റിംഗ് കൂടുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അച്ചൻ സംസാരിക്കുകയും ചെയ്തു. സ്കൂൾ ലീഡറെയും തെരഞ്ഞെടുത്തു. മിഷൻലീഗിന്റെ രൂപതാവാർഷികത്തിൽ 7 അംഗങ്ങൾ പങ്കെടുത്തു. കൂപ്പണും മാനുവൽ ബുക്കും കുട്ടികൾക്ക് നൽകി. ജൂൺ 5 പരിസ്ഥിതി ദിനം ആചരിച്ചു. മിഷൻലീഗ് അംഗങ്ങളുടെ സാന്നിധ്യത്തിൽ വൃക്ഷ തൈ നട്ടു.

**ചെറുകാട്ടൂർ ശാഖ**

ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ പന്തക്കുസ്താ ദിനത്തിൽ ശാഖാ ഡയറക്ടർ ബഹു. ജെയ്സ് ചെട്ടിയാശ്ശേരിൽ അച്ചൻ കുരുന്നുകൾക്ക് ആദ്യാക്ഷരം എഴുതിച്ചു. ചെറുപുഷ്പ മിഷൻ ലീഗിന്റെയും മതബോധനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രവേശനോത്സവം നടത്തി. 2026-27 പ്രവർത്തനവർഷത്തെ ആദ്യ ശാഖാ കൗൺസിൽ നടത്തുകയും ശാഖാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അരിഞ്ചേർമല ശാഖ**

എക്സിക്യൂട്ടീവ് ചേർന്ന് ബഹു. ജോസ് തേക്കനാടിയിൽ അച്ചന് യാത്രാമംഗളവും നന്ദിയും അറിയിച്ചു. ദിവ്യബലിക്ക് ശേഷം സെമിത്തേരി സന്ദർശിച്ച് എല്ലാ ആത്മാക്കൾക്കും വേണ്ടി പ്രാർത്ഥിച്ചു. രൂപതാ ക്യാമ്പിൽ എഡ്വിൻ പങ്കെടുത്തു. ശാഖാ ക്യാമ്പ് നടത്തി. ശ്രീ. തോമസ് കല്ലറക്കൽ, അരുൺ സാർ എന്നിവർ നേതൃത്വം നൽകി. പതാക ഉയർത്തി ക്യാമ്പ് ആരംഭിച്ചു. ബഹു. ജോർജ് അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.പുതിയ അദ്ധ്യയന വർഷത്തോടനുബന്ധിച്ച് ആരാധന നടത്തി. ബഹു. ജോർജ് അച്ചൻ നേതൃത്വം നൽകി. സി. ബീന, സി. ലിറ്റി എന്നിവർ സഹായിച്ചു. മാനുവൽ ബുക്കിലെ സുകൃത ജപം രാജസ്ഥാൻ മിഷന് അയച്ചുകൊടുത്തു. പരിശുദ്ധ കുർബാനയുടെ തിരുനാളിന് എക്സിക്യൂട്ടീവ് അംഗങ്ങൾ ആരാധനയിലും തുടർന്നുള്ള ദിവ്യബലിയിലും പങ്കുചേർന്നു. രൂപതാ ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തി. ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത് മുതുപ്ലാക്കൽ ഉദ്ഘടനം ചെയ്തു. മിഷൻ മാസ പ്രവർത്തനങ്ങൾക്ക് മൂന്നാം സ്ഥാനം കിട്ടിയ ശാഖയ്ക്ക് സംസ്ഥാന പ്രസിഡന്റ് സമ്മാനം നൽകി. കൂടാതെ മാർഗ്ഗരേഖയ്ക്കുള്ള സമ്മാനവും നൽകി. പ്രവർത്തന വർഷത്തെ ആദ്യത്തെ എക്സിക്യൂട്ടീവ് നടത്തി. ഈശോയുടെ തിരുഹൃദയ തിരുനാൾ

ദിനത്തിൽ ഭവനങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി പ്രാർത്ഥിച്ചു. രൂപത കൗൺസിലിലും തുടർന്നുള്ള മീറ്റിംഗുകളിലും 6 പേർ പങ്കെടുത്തു. 2026 പ്രവർത്തന വർഷത്തെ മികച്ച 10 ശാഖകളിൽ ഒന്നായി തെരഞ്ഞെടുക്കപ്പെടുകയും സമ്മാനം ഏറ്റു വാങ്ങുകയും ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ വിയാനി ഭവൻ സന്ദർശിച്ചു. എല്ലാ ഞായറാഴ്ചയും കാഴ്ച സമർപ്പണം നടത്തി ജീവകാരുണ്യ ഫണ്ട് സ്വരൂപിക്കുന്നു. മാധ്യമദിനത്തിൽ എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു.

**കണിയാരം ശാഖ**

'സഭയെ സ്നേഹിക്കാം ലോകത്തിന് സാക്ഷികളാകാം' എന്ന പഠന വിഷയവുമായി കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പുതിയ അധ്യായം കുറിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻലീഗിന്റെ കണിയാരം ശാഖയിലെ 2026-2027 പ്രവർത്തന വർഷത്തിന് ജൂൺ 4 ന് തുടക്കം കുറിച്ചു. ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മിഷൻലീഗിന്റെ നേതൃത്വത്തിൽ ചെടിതൈകൾ വിതരണം ചെയ്തു. രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും തുടർന്നുള്ള മീറ്റിംഗുകളിലും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ പ്രവേശനോത്സവം നടന്നു. *'സഭയെ സ്നേഹിക്കാം, ലോകത്തിൻ സാക്ഷികളാകാം'* എന്ന പഠനവിഷയം കുഞ്ഞു മനസുകളിൽ ആഴപ്പെടുത്തുവാനായി പഠനോപകരണങ്ങളുടെ കാഴ്ച വെയ്പ്പ് നടത്തി. തിരുബാലസഖ്യം അംഗമായ ആൽഫിൻ റോബിൻ വണ്ടാനത്ത് തന്റെ ഒരു വർഷത്തെ സമ്പാദ്യം പാവപ്പെട്ടവർക്ക് നൽകുന്നതിനായി അസി. ഡയറക്ടർ റവ. ഫാ. ജൂഡിനെ ഏൽപ്പിച്ചു.

**മൺവയൽ ശാഖ**

മെയ് 13 മുതൽ 16 വരെ നടത്തിയ സി എം എൽ സംസ്ഥാന ക്യാമ്പിൽ ശാഖാ സെക്രട്ടറി നിക്സൺ ഒറ്റപ്ലാക്കൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി പ്രാർത്ഥിച്ചു. മാതാവിന്റെ വണക്കമാസത്തോടനുബന്ധിച്ച് മെയ് 31 ന് വി. കുർബാനയിലും പ്രാർത്ഥനയിലും പങ്കെടുത്തു. തിരുഹൃദയ വണക്കമാസ പ്രാർത്ഥനയിലും ദിവ്യബലിയിലും മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചെടിതൈകൾ നടുകയും പരിസരം വൃത്തിയാക്കുകയും ചെയ്തു. എക്സിക്യൂട്ടീവ്

മീറ്റിംഗ് നടത്തി. രൂപത കൗൺസിലിൽ 5 അംഗങ്ങൾ പങ്കെടുത്തു. പ്രവേശനോത്സവം നടത്തി.

**ഓർമ്മിക്കാൻ**

ജൂലൈ 3 ന് ദുക്റാന തിരുനാളിനോടനുബന്ധിച്ച് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്യുമല്ലോ. അസാധാരണ സമ്മേളനം, തോമസ് നാമധാരികളുടെ ഓൺലൈൻ സംഗമം.

**ടെക്ലേസിയ**

ശാഖകളിൽ അംഗത്വം പുതുക്കലും ചേർക്കലും ഇനിയും നടത്തിയിട്ടില്ലാത്തവർ ജൂലൈ 12 ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ ഐഡി കാർഡ് നിർബന്ധമാണ്.

**സാഹിത്യ മത്സരം**

മേഖലാ സാഹിത്യമത്സരം ജൂലൈ 19 ഞായറാഴ്ച്ച നടത്തണമെന്നും, സാഹിത്യമത്സരത്തിൽ ചിത്രരചന ഉൾപ്പെടെ ഉപന്യാസം, ചെറുകഥ, കവിത, എന്നിവ അന്നേ ദിവസം നടത്തേണ്ടതാണ്. വിഷയങ്ങൾ മേഖലയിൽ തയ്യാറാക്കണമെന്നും ഓർമ്മിപ്പിക്കുന്നു. സെപ്റ്റംബർ 21 തിങ്കളാഴ്ചയാണ് സംസ്ഥാന സാഹിത്യ മത്സരം, സന്യസ്ത സാഹിത്യ മത്സരദിനം. (മാർഗ്ഗരേഖയിൽ ദിവസം മാറിയാണ് കിടക്കുന്നത്)

**ജോയിന്റ് ഡയറക്ടേഴ്സ് ദിനം**

ജൂലൈ 28 ന് വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനം ജോ. ഡയറക്ടേഴ്സ് ഡേ ആയി ആചരിച്ചുകൊണ്ട് ശാഖാ, മേഖലാ, രൂപതാ ജോ. ഡയറക്ടേഴ്സിന് ആശംസകൾ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബുള്ളറ്റിൻ**

ശാഖാ, മേഖലാ വാർത്തകളും ബുള്ളറ്റിനിൽ നൽകാൻ ആഗ്രഹിക്കുന്നവർ എല്ലാ മാസവും 15-ാം തിയതി രൂപതാ ഓഫീസ് നമ്പറിലേക്ക് (9188241017) അയക്കുമല്ലോ.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

## Department of Youth Ministry

**2026 വർഷത്തെ ലൈഫ് ട്രെയിനിങ് പ്രോഗ്രാം**

സാമുദായിക വർഷത്തോടനുബന്ധിച്ച് ലൈഫ് ട്രെയിനിങ് 2026 വർഷത്തെ വിദ്യാർത്ഥികൾക്കായുള്ള എൻട്രൻസ് പരീക്ഷ, 5, 6 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായാണ് നടത്തപ്പെട്ടത്. 2026 ഏപ്രിൽ 10 ന് മതബോധനത്തിന്റെ വാർഷിക പരീക്ഷക്ക് ശേഷം ഇടവക തലത്തിലുള്ള ലൈഫ് എൻട്രൻസ് പരീക്ഷ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 250 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. അതിൽനിന്ന് 40 കുട്ടികൾ ഈ വർഷത്തെ ലൈഫ് ട്രെയിനിങ്ങിലേക്ക് യോഗ്യത നേടി.

**ലൈറ്റ് ട്രെയിനിങ് ആദ്യ സെഷൻ ക്യാമ്പ്**

2026 മെയ് മൂന്നാം തിയതി വൈകുന്നേരം 4 മണി മുതൽ മെയ് 23 ന് രാവിലെ 10 മണി വരെ ബത്തേരി സി എം സി കർമ്മലാരാം കോൺവെന്റ് ഹോസ്റ്റലിൽ വച്ച് 2026 ബാച്ചിലെ കുട്ടികൾക്കായി 21 ദിവസത്തെ ക്യാമ്പ് നടത്തപ്പെട്ടു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ഷിജി മരിയ സി എം സി, സി. ആൻസി തോമസ് സി എം സി, സി. കൊച്ചുറാണി എസ് എച്ച്, ആൻ മരിയ അജിൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. 40 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. കുട്ടികളുടെ ആത്മീയവും ബൗദ്ധികവും മാനസികവുമായ വളർച്ചയാണ് ഈ ക്യാമ്പിലൂടെ ലക്ഷ്യമിട്ടത്. ബത്തേരി ഡോൺ ബോസ്കോ കോളേജിൽ പഠനത്തിനും കളികൾക്കും വേണ്ടിയുള്ള ക്ലാസ് മുറികളും കളിസ്ഥലവും നൽകിയത് ഏറെ ഉപകാരപ്രദമായിരുന്നു.

**അക്കാദമിക തലം**

ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ, ശ്രീ. ഡിറ്റോ പെരുവക, തുടങ്ങിയവർ മലയാളം, ഇംഗ്ലീഷ്, ഗണിതം, സയൻസ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

**നൈപുണ്യ പരിശീലനം**

കുട്ടികളുടെ കായികവും കലാപരവുമായ കഴിവുകൾ വളർത്തു

ന്നതിന് വേണ്ടി പ്രസംഗ പരിശീലനം, ഡ്രോയിങ് പരിശീലനം, കളരി പഠനം എന്നിവ ശ്രീ. തോമസ് കല്ലറക്കൽ, ശ്രീ. ജോസിൽ മാങ്കൂട്ടത്തിൽ, ശ്രീ. ജെയിൻ പുതിയിടം എന്നിവരുടെ നേതൃത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

**അനുഭവം പങ്കുവെക്കൽ**

2019 ബാച്ചിലെ MBBS വിദ്യാർഥി അലൻ ജോസഫ് ജോയി, തുടർ പരിശീലനത്തിനായി പോകുന്ന 2022 ബാച്ചിലെ അഡോൺ ജോർജ്, 2020 ബാച്ചിലെ ധാര ഷൈൻ, 2024 ബാച്ചിലെ ജെഫ്രിൻ മാനുവൽ എന്നിവർ തങ്ങളുടെ ലൈഫ് അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെച്ചു.

**ഓറിയന്റേഷൻ ക്ലാസ്**

2026 മെയ് 23-ാം തീയതി രാവിലെ 10 മണിക്ക് ഡോൺ ബോസ്കോ കോളേജിൽ വെച്ച് ലൈഫ് ട്രെയിനിങ് പുതിയ ബാച്ചിലെ മാതാപിതാക്കൾക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഓറിയന്റേഷൻ ക്ലാസ് നയിച്ചു. മുഴുവൻ മാതാപിതാക്കളും ഇതിൽ പങ്കുചേർന്നു.

**നന്ദിയോടെ**

ലൈഫ് 2026 ബാച്ച് ട്രെയിനിങ് ബത്തേരി സിഎംസി കർമ്മലാരാം കോൺവെന്റ് ഹോസ്റ്റലിൽ വെച്ച് നടത്താൻ അനുവാദം നല്കിയ സിഎംസി സന്യാസിനീ സമൂഹത്തിലെ അധികാരികൾക്കും പ്രത്യേകിച്ച് സുപ്പീരിയർ സി. നിത്യ തെരേസിനും, കമ്മ്യൂണിറ്റിക്കും, പഠന സൗകര്യങ്ങൾ ക്രമീകരിച്ചു തന്ന ഡോൺബോസ്കോ വൈദീകർക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**ഗൂഗിൾ മീറ്റ്**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ തുടർപരിശീലനാർത്ഥം ഞായർ ഒഴികെ എല്ലാദിനവും രാവിലെ 5.15 ന് ഗൂഗിൾ മീറ്റ് നടത്തപ്പെടുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകുന്നു.

**ലൈഫ് ട്രെയിനിങ് 2024, 25 ബാച്ചുകൾ**

2026 ഏപ്രിൽ 19 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 2024-25 ബാച്ചിലെ വിദ്യാർത്ഥികൾക്കായി എട്ടു ദിവസത്തെ ക്യാമ്പ് നടത്തപ്പെട്ടു. 25 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ പരിശീലനം ബോയ്സ് ടൗൺ ധ്യാനകേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെട്ടത്. ബോയ്സ്

ടൗൺ ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. ജിതിൻ പീച്ചാട്ട് എന്നിവരുടെ സഹകരണം ക്യാമ്പിലുടനീളം ഉണ്ടായിരുന്നു. സി. ഷിജി മരിയ സി എം സി ക്യാമ്പ് കോർഡിനേറ്റ് ചെയ്തു.

**ഹൃദ്യമായ സ്വാഗതം**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ പുതിയ ഓഫീസ് സെക്രട്ടറിയായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സി. കൊച്ചുറാണി SH ന് ദൈവാനുഗ്രഹം നിറഞ്ഞ സ്വാഗതം. രൂപതയുടെ വിവിധങ്ങളായ യുവജന ശുശ്രൂഷകളിലൂടെ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി അധ്വാനിക്കുവാൻ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. യൂത്ത് മിനിസ്ട്രിയോട് എന്നും സഹകരിക്കുന്ന തിരുഹൃദയ സന്യാസിനി സമൂഹത്തോടുള്ള നന്ദിയും സ്നേഹപൂർവ്വം അറിയിക്കുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**ജീവനം 2026**

കെ.സി.വൈ.എം. മാനന്തവാടി രൂപത, എം. എസ് പത്മയ്യ ഗവൺമെന്റ് ജനറൽ ഹോസ്പിറ്റലുമായി സഹകരിച്ച് ജീവനം 2026 രക്തദാന ക്യാമ്പും, കേശദാന ക്യാമ്പും സംഘടിപ്പിച്ചു. കൽപ്പറ്റ ഫൊറോനാ വികാരി ഫാ. ജോണി പെരുമാട്ടിക്കുന്നിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ എം. എസ്. പത്മയ്യ ജനറൽ ഹോസ്പിറ്റലിലെ ഡോക്ടർ ശുഭയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം രക്തധ്യാന ക്യാമ്പിന് നേതൃത്വം നൽകി. രക്തദാനത്തോടൊപ്പം തന്നെ ക്യാൻസർ രോഗികൾക്ക് മുടി നൽകുന്ന കേശദാനവും നടത്തപ്പെട്ടു. വൈദീകർ, സന്യസ്തർ, കൽപ്പറ്റ സർക്കിളിലെ പോലീസ് ഉദ്യോഗസ്ഥർ, അധ്യാപകർ, രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങൾ, മുതിർന്നവർ തുടങ്ങി അമ്പതിലധികം പേർ ഈ ജീവകാരുണ്യ സംരംഭത്തിൽ പങ്കാളികളായി. കൽപ്പറ്റ മേഖല ആതിഥേയത്വം വഹിച്ചു.

**ടാസ്ക് ഫോഴ്സ് ട്രെയിനിങ്**

അപകട സാധ്യതകൾ തിരിച്ചറിയാനും നേരിടാനും യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ടാസ്ക് ഫോഴ്സ് ആദ്യഘട്ട പരിശീലനം നടത്തപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സെന്ററുമായി സഹകരിച്ച് നടത്തിയ ടാസ്ക് ഫോഴ്സ് പരിശീലനം മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇന്ത്യ പ്രോഗ്രാം ഉദ്യോഗസ്ഥരായ ഡോക്ടർ ഹരിദാസ്, വി. ആർ, ശ്രീ. അബീഷ് ആന്റണി, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ബി. എൽ. എസ്. ടീം അംഗങ്ങൾ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ നിന്നുള്ള 60 യുവജനങ്ങളെ ഉൾപ്പെടുത്തിയാണ് ആദ്യഘട്ട പരിശീലനം നടത്തിയത്. മണിമൂളി, നിലമ്പൂർ മേഖലകൾ സംയുക്തമായി മണിമൂളിയിൽ ടാസ്ക്ഫോഴ്സ് സെന്ററിൽ വച്ച് റീജിയണൽ ടാസ്ക് ഫോഴ്സ് ട്രെയിനിങ് സംഘടിപ്പിച്ചു.

**സെവൻസ് ഫെസ്റ്റ് 2026**

കെ. സി. വൈ. എം. മാനന്തവാടി രൂപയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെവൻസ് ഫെസ്റ്റ് ഫുട്ബോൾ ടൂർണമെന്റ് പോരാട്ട വീര്യത്തിന്റെ ആവേശവേദിയായി മാറി. പനമരം ടർഫിൽ വെച്ച് നടന്ന ഫുട്ബോൾ മത്സരത്തിൽ മാനന്തവാടി രൂപതയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 20 ടീമുകൾ പങ്കെടുത്തു. പനമരം യൂണിറ്റ് ഡയറക്ടർ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. ആവേശോജ്ജ്വലമായ മത്സരത്തിൽ വാഴവറ്റ യൂണിറ്റ് ഒന്നാം സ്ഥാനവും, ചോക്കാട് യൂണിറ്റ് രണ്ടാം സ്ഥാനവും, മീനങ്ങാടി യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**സമുദായത്തെ അറിയാം കരുത്തോടെ മുന്നേറാം**

സമുദായത്തെ അടുത്തറിയാനും കരുത്തോടെ മുന്നേറാനുമുള്ള ആഹ്വാനമായി കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മെഗാ റൗണ്ട് ക്വിസ് 2026 സംഘടിപ്പിച്ചു. പനമരം സെന്റ് ജൂഡ് പള്ളി പാരിഷ് ഹാളിൽ നടന്ന ക്വിസ്സിൽ മാനന്തവാടി രൂപതാ എ. കെ. സി. സി. ഡയറക്ടറും, സമുദായ ശക്തീകരണവർഷ വൈസ് ചെയർമാനുമായ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, പനമരം സെന്റ് ജൂഡ് പള്ളി വികാരി ഫാ. ബിജു തൊണ്ടിപ്പറമ്പിൽ എന്നിവർ ആശംസ അറിയിച്ച് സംസാരിച്ചു. മേരി മാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് ലൈബ്രേറിയൻ ഫാ. പ്രകാശ് വെട്ടിക്കൽ ക്വിസ് മത്സരം നിയന്ത്രിച്ചു. വാശിയേറിയ മത്സരത്തിൽ മുള്ളൻകൊല്ലി യൂണിറ്റ് ഒന്നാം സ്ഥാനവും, കൊമ്മയാട് ബി രണ്ടാം സ്ഥാനവും, കേണിച്ചിറ യൂണിറ്റ് മൂന്നാം സ്ഥാനവും, കൊമ്മയാട് എ നാലാം സ്ഥാനവും, ചുങ്കക്കുന്ന് യൂണിറ്റ് അഞ്ചാം സ്ഥാനവും കരസ്ഥമാക്കി.

**വേരുകൾ**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സമുദായശക്തീകരണവർഷത്തിൽ കേരളത്തിന്റെ സാംസ്കാരിക സാമൂഹിക ചരിത്രത്തിൽ ക്രൈസ്തവ സമൂഹം നൽകിയ വിപ്ലവകരമായ മാറ്റങ്ങളെ പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററി സമൂഹ മാധ്യമങ്ങളിലൂടെ 8 എപ്പിസോഡുകളായി പങ്കുവെച്ചു.

**ഓൺലൈൻ മീറ്റിംഗ്**

രൂപതാ, മേഖലാ, യൂണിറ്റ് ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർമാസത്തിലെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. രൂപതാ പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**നന്ദിയും സ്വാഗതവും**

മേഖലാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ പ്രവർത്തന മേഖലകളിലേക്ക് പോകുന്ന ഫാ. സനീഷ് വടാശ്ശേരിൽ, മാനന്തവാടി, ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, ചുങ്കക്കുന്ന്, ഫാ. ജോർജുക്കുട്ടി കണിപ്പിള്ളിൽ, നീലഗിരി, ഫാ. തോമസ് പ്ലാശനാൽ, തരിയോട് എന്നിവർക്ക് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ നന്ദി. പുതിയതായി മേഖലാ ഡയറക്ടർമാരായി നിയുക്തരായിരിക്കുന്ന ഫാ. ജൂഡ് വട്ടക്കുന്നേൽ, മാനന്തവാടി, ഫാ. നിഖിൽ ചവറനാൽ, ചുങ്കക്കുന്ന്, ഫാ. മാത്യു പുതുക്കാട്ടിൽ, നീലഗിരി, ഫാ. ക്ലിന്റോ പുലിക്കുന്നേൽ, തരിയോട് എന്നിവർക്ക് കെ. സി. വൈ. എം. രൂപതാ കുടുംബത്തിലേക്ക് സ്വാഗതം.

**ജന്മദിനാശംസകൾ**

നവീൻ പുലിക്കുടിയിൽ രൂപതാ ട്രഷറർ, സിസ്റ്റർ ബെൻസി ജോസ് എസ് എച്ച് രൂപതാ സിൻഡിക്കേറ്റ്, ആൽബിൻ കുഞ്ഞാലിൽ കരോട്ട് രൂപത സിൻഡിക്കേറ്റ്, സി. നാൻസി എസ് .എ. ബി. എസ്. രൂപതാ സിൻഡിക്കേറ്റ്, ഫാ. ജോർജ്കുട്ടി കണിപ്പിള്ളിൽ നീലഗിരി മേഖല ഡയറക്ടർ, അലൻ കുറിയലാനിക്കൽ പയ്യമ്പള്ളി രൂപതാ സിൻഡിക്കേറ്റ് എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ദിനാചരണങ്ങൾ**

സ്വർഗ്ഗാരോഹണ തിരുനാൾ, പന്തക്കുസ്താ തിരുനാൾ, വിശുദ്ധ യൗസേപിതാവിന്റെ തിരുനാൾ, മാനന്തവാടി രൂപതാ ദിനം, സമുദായദിനം, മാതൃദിനം, നഴ്സസ് ഡേ ദിനാചരണങ്ങൾ നടത്തി.

**മേഖലാ വാർത്തകൾ**

**നിലമ്പൂർ**

മെയ് 11 ന് മേഖലയിൽ ഫുട്ബോൾ സെലക്ഷൻ നടത്തി. മേഖലാ ഡയറക്ടർ ഫാ. ജിബിൻ വട്ടുകുളത്തിൽ നേതൃത്വം നൽകി.

മെയ് 23 ന് ചോക്കാട് യൂണിറ്റിലെ യുവജനങ്ങൾ രൂപത 7's ടൂർണ മെന്റിൽ പങ്കെടുത്ത് വിജയികളായി. മെയ് 24 ന് മേഖലയിലെ മുഴുവൻ യൂണിറ്റ് പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി 'Lead and Change' നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. വള്ളിക്കെട്ട്, വടപ്പുറം, ചോക്കാട്, TK കോളനി, നിലമ്പൂർ, പൂളപ്പാടം എന്നീ യൂണിറ്റു കളിൽ മേഖല ഭാരവാഹികൾ വിസിറ്റ് നടത്തി. 'The Last Supper' വികലമായി ചിത്രീകരിച്ച Times Of India യുടെ നടപടിക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തി. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് റെഡ് റിബൺ ക്യാമ്പയിന്റെ ഭാഗമായി റീൽ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. രക്തദാനത്തിന് തയ്യാറുള്ളവരുടെ പട്ടിക ശേഖരിക്കാൻ തീരുമാനിച്ചു. കെ.സി.വൈ.എം മണിമൂളി മേഖലയുമായി ചേർന്ന് 'ഗ്രീൻ ഫ്യൂച്ചർ ക്യാമ്പയിന്റെ' ഭാഗമായി പ്രളയജാഗ്രതാ ബോധ വൽക്കരണ ക്ലാസ് നടത്തി. മലപ്പുറം ജില്ലാ ട്രോമാ കെയർ പ്രതി നിധി ദുരന്തനിവാരണത്തെക്കുറിച്ച് ക്ലാസ് എടുത്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നാടുകാണിയിലേക്ക് മൺസൂൺ വാക്ക് നടത്തി.

**ബത്തേരി**

സീറോ മലബാർ സഭയുടെ സമുദായ ശക്തീകരണ വർഷ ത്തോടനുബന്ധിച്ച് കെ.സി.വൈ.എം ബത്തേരി മേഖല മെയ് മാസത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മേഖലയിലെ മുഴുവൻ യൂണിറ്റുകളിലും അംഗത്വ നവീകരണം പൂർത്തിയാക്കാനും നിർദ്ദേശം നൽകി. ബത്തേരി അസംപ്ഷൻ സ്കൂളിൽ വെച്ച് സമുദായ ശക്തീകരണവർഷ കൈപുസ്തകം അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തി. മേഖല സെക്രട്ടേറിയറ്റ് അംഗങ്ങളുടെ യോഗം ചേർന്ന് വരാനിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപീകരിച്ച ടാസ്ക് ഫോഴ്സിലേക്ക് മേഖലയെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുത്തു.

**തരിയോട്**

തരിയോട് ഫോറോനായിൽ വെച്ച് മേഖല ഡയറക്ടർ ഫാ. തോമസ് പ്ലാശനാൽ, മേഖല അനിമേറ്റർ സി. ലിറ്റിൽന എന്നി വർക്ക് യാത്രയപ്പ് നൽകി. മേഖല ഭാരവാഹികൾ പങ്കെടുത്തു. പുതിയതായി ഡയറക്ടർ, ആനിമേറ്റമാരായി നിയുക്തരായിരിക്കുന്ന

ഫാ. ക്ലിന്റോ പുലിക്കുന്നേൽ, സി. ആൻ മരിയ എന്നിവർക്ക് സ്വാഗതം. രൂപത നടത്തിയ ടാസ്ക് ഫോഴ്സ് ട്രെയിനിങ്ങിൽ മേഖലയിൽ നിന്ന് 12 പേർ പങ്കെടുത്തു. സെവൻസ് 2026 ടൂർണമെന്റിൽ തരിയോട് യൂണിറ്റിന് നാലാം സ്ഥാനം ലഭിച്ചു. ചെന്നലോട് വച്ച് യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാരുടെ മീറ്റിങ്ങിൽ ലഹരി വിരുദ്ധ ബോധവൽക്കരണത്തേക്കുറിച്ചും, പരിസ്ഥിതി ബോധവൽക്കരണത്തേക്കുറിച്ചും ചർച്ച ചെയ്തു. പന്തക്കുസ്താ ദിനത്തിലും പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിലും പോസ്റ്റർ പങ്കുവച്ചു. പ്ലസ് ടു പരീക്ഷാ വിജയികൾക്ക് ഓൺലൈൻ അനുമോദന പോസ്റ്ററുകൾ പ്രചരിപ്പിച്ചു. ലോക വിശപ്പ് ദിനത്തിലും, ലോക പുകവലി ദിനത്തിലും ബോധവൽക്കരണ പോസ്റ്ററുകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചു. തരിയോട് യൂണിറ്റിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തന ഉദ്ഘാടനം ഫാ. ക്ലിന്റോ പുലിക്കുന്നേൽ നിർവഹിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

മാതാവിന്റെ വണക്കമാസം ആചരണം തുടങ്ങി. ദിവസേനയുള്ള കുർബാനയിൽ പങ്കെടുത്ത്, 'സിയോൻ' വാട്സ്ആപ്പ് ഗ്രൂപ്പിൽ നിയോഗ പ്രാർത്ഥന പങ്കിട്ടു. കുട്ടികളുടെ ആദ്യകുർബാനയ്ക്ക് അലങ്കാരം, മീഡിയ കവറേജ്, വീടുസന്ദർശനം എന്നിവ നടത്തി. സ്വർഗ്ഗാരോഹണം, പന്തക്കുസ്താ തിരുനാളുകൾക്ക് പോസ്റ്റർ പ്രചാരണം നടത്തി. ദൈവാലയം, കുമ്പസാരക്കൂട്, വിശുദ്ധരൂപങ്ങൾ വൃത്തിയാക്കി അലങ്കരിച്ചു. യുവജനങ്ങൾക്ക് കുമ്പസാരം, 'ഇടം' കൂട്ടായ്മ, ബൈബിൾ ചർച്ച എന്നിവ സംഘടിപ്പിച്ചു. തൊഴിലാളി ദിനത്തിൽ ഓട്ടോ തൊഴിലാളികളെ ആദരിച്ച് മധുരം നൽകി. കൊട്ടിയൂർ ടൗൺ, അംഗനവാടികൾ, കണ്ടപ്പനം കുരിശുപള്ളി, ചപ്പുമല വ്യൂ പോയിന്റ് എന്നിവിടങ്ങളിൽ ശുചീകരണം നടത്തി. ഭവനിർമ്മാണത്തിന് മണൽ, മിറ്റൽ എത്തിച്ചു. നേഴ്സ് ദിനത്തിൽ ആശുപത്രികളും ക്ലിനിക്കുകളും സന്ദർശിച്ച് നഴ്സിംഗ് കിറ്റ് നൽകി "THE WHITE COAT" ഷോർട്ട് ഫിലിം നിർമ്മിച്ചു. മാതൃദിനത്തിൽ അമ്മമാരെ സന്ദർശിച്ചു. അൽഷിമേഴ്സ് രോഗിയെ സന്ദർശിച്ചു. ജലസംരക്ഷണം, വേഗത കുറക്കുക, മഴക്കാല ജാഗ്രത, പരീക്ഷ ചോർച്ചയ്ക്കെതിരെ പോസ്റ്റർ കാമ്പയിനുകൾ നടത്തി.

എസ്. എസ്. എൽ. സി. വിജയികളെ ആദരിച്ച് കൗൺസിലിംഗ് വിംഗ് തുടങ്ങി. നൈജീരിയയിലെ ക്രൈസ്തവർക്കായി പ്രതിഷേധം രേഖപ്പെടുത്തി. ഫോൺ ഫ്രീ 5 മണിക്കൂർ, മെഡിറ്റേഷൻ, യോഗ പരിശീലനം നടത്തി. സമുദായദിനം കൊടിയുയർത്തി ആചരിച്ചു. പുതിയ വികാരി ഫാ. തോമസ് തുരുത്തേൽ അച്ചനെ സ്വാഗതം ചെയ്തു, സജി പുഞ്ചയിൽ അച്ചന് യാത്രയയപ്പ് നൽകി. സബ്ഡീക്കൻ ഡെൽവിൻ ബ്രദറിന് ആശംസകൾ നേർന്നു. രൂപതയുടെ 7's ഫുട്ബോളിൽ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

മെയ് 1 ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും രൂപതാദിനവും ആഘോഷിച്ചു. ദിവ്യകാരുണ്യ ആരാധനയിലും കുർബാനയിലും പങ്കെടുത്ത് രൂപതാ അധ്യക്ഷനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിച്ചു. സ്വർഗ്ഗാരോഹണം, മെത്രാഭിഷേക വാർഷികം, പന്തക്കുസ്താ തിരുനാൾ ദിനങ്ങളിൽ ദേവാലയവും അൾത്താരയും അലങ്കരിച്ച് പോസ്റ്ററുകൾ പ്രചരിപ്പിച്ചു. ഇടവക ധ്യാനത്തിൽ സഹകരിച്ചു. തൊഴിലാളി ദിനത്തിൽ ടൗണിലെ തൊഴിലാളികളെ നേരിട്ട് സന്ദർശിച്ച് മധുരം നൽകി ആദരിച്ചു. അവരോടൊപ്പം നിന്ന് പ്രവർത്തിച്ച് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി. പള്ളിയും പരിസരവും വൃത്തിയാക്കി. നാളുകളായി കാടുപിടിച്ചുകിടന്ന ബസ്സ്റ്റോപ്പ് വൃത്തിയാക്കി യാത്രക്കാർക്ക് വിശ്രമകേന്ദ്രമാക്കി മാറ്റി. വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിന് തൈകൾ വിതരണം ചെയ്തു. മാതൃദിനത്തിൽ "Selfie with അമ്മ" പ്രോഗ്രാം നടത്തി, തനതു നസ്രാണി വസ്ത്രം ധരിക്കുന്ന മുതിർന്ന അമ്മയെ ആദരിച്ചു. നേഴ്സ് ദിനത്തിൽ കമിലസ് ഹോസ്പിറ്റലിലെയും പ്രദേശത്തെ നഴ്സുമാർക്കും മധുരവും പൂക്കളും നൽകി. രോഗിക്ക് 2000 രൂപ സാമ്പത്തിക സഹായം നൽകി. ശക്തമായ മഴയ്ക്കുള്ള മുൻകരുതൽ പോസ്റ്ററുകൾ പ്രചരിപ്പിച്ചു. സമുദായ ദിനത്തിൽ 52 വർഷം സേവനമനുഷ്ഠിച്ച മുൻ ഹെഡ്മാസ്റ്റർ മഞ്ജുപ്പിള്ളി ജോണി സാറിനെ ആദരിച്ച് അഭിമുഖം നടത്തി. ഫാദർ പോൾ കൂട്ടാലക്കും, ഫാദർ സച്ചിനും യാത്രയപ്പ് നൽകി, പുതിയ വികാരി ഫാദർ ബിജു മാവറക്ക് സ്വീകരണം നൽകി. ട്രഷറർ ന്യൂട്ടൻ കെ ജെയുടെ ജന്മദിനം ആഘോഷിച്ചു. രൂപത ടാസ്ക് ഫോഴ്സ് ക്യാമ്പിൽ 5 അംഗങ്ങൾ പങ്കെടുത്തു. രൂപത മെഗാക്വിസിൽ യൂണിറ്റ് പ്രസിഡന്റ്

കിഷോർ പുത്തൻപുരയിൽ, എൽവിൻ കൊല്ലാർത്തോട്ടത്തിൽ എന്നിവർ അഞ്ചാം സ്ഥാനം നേടി. രക്തകേശദാന ക്യാമ്പിൽ പങ്കെടുത്തു. എസ്.എസ്.എൽ.സി, പ്ലസ് ടു വിജയികളെ ആദരിച്ചു. ജോയൽ കുന്നാടാത്തിന്റെ സംവിധാനത്തിൽ 'The Person' ഷോർട്ട് ഫിലിം നിർമ്മിച്ചു. ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**നെടുമ്പാല**

ഇടവകയിൽ നിന്നും മികച്ച യുവകർഷകനായി തിരഞ്ഞെടുത്ത ജിജോ ജോൺ പുന്നാംതടത്തിലിനെ കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ ആദരിച്ചു. 2025-26 വർഷത്തിലെ സെനറ്റ് കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. യുവജനങ്ങൾക്കായി യൂണിറ്റ് തലത്തിൽ ഗെയിംസ് ഒരുക്കുന്നു.

**റോബിൻ ബിജു വടക്കേക്കര**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ ക്യാൻസറായ ലഹരി ഇന്ന് തലമുറകളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വളർന്നു വരുന്ന യുവതലമുറയിലെ, സ്കൂൾ കുട്ടികളുമടക്കം ഈ മഹാ വിപത്തിന് അടിമകളായി തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ, വ്യത്യസ്തങ്ങളായ ലഹരിപദാർത്ഥങ്ങളുടെ അമിതമായ വ്യാപനത്തിലൂടെ തലമുറ നശിക്കുന്ന ഈ മഹാ വിപത്തിനെതിരെ കാലങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെസിബിസി മദ്യലഹരി വിരുദ്ധ സമിതിയുടെ മാനന്തവാടി രൂപതാ ഘടകത്തെ കഴിഞ്ഞ 12 വർഷമായി നയിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട സണ്ണി മഠത്തിൽ അച്ചനെ നന്ദി പൂർവ്വം അനുസ്മരിക്കുന്നു. സംഘടനയുടെ വ്യത്യസ്ഥങ്ങളായ രൂപത്തിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, KCBC മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപത സംസ്ഥാന തലത്തിൽ മികച്ച രൂപതയായി ഉയർത്തുവാൻ സണ്ണിയച്ചൻ ചെയ്ത എല്ലാ സേവനങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു.

ലഹരിക്കെതിരായ വ്യത്യസ്തങ്ങളായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് രൂപതയെ നയിച്ച ബഹുമാനപ്പെട്ട സണ്ണിയച്ചന് മെയ് മാസം 18 ന് ചേർന്ന രൂപതാ പ്രസിഡണ്ട് രാജു വല്യാറയുടെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യുട്ടീവ് യോഗത്തിൽ യാത്രയയപ്പ് നൽകി. തുടർന്നുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ പ്രാർത്ഥിക്കുന്നു.2026 മെയ് 20ന് സമിതിയുടെ പുതിയ രൂപതാ ഡയരക്ടറായി ഫാ.ബിജു തൊണ്ടിപ്പറമ്പിൽ ഉത്തരവാദിത്വമേറ്റെടുത്തു. ഇതേ തുടർന്ന് ചേർന്ന രൂപതാ എക്സിക്യുട്ടീവ് യോഗത്തിൽ ഭാവി പരിപാടികൾ ചർച്ച ചെയ്ത്. 2026 ജൂൺ 21 മുതൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 വരെ ലഹരി വിരുദ്ധ വാരമായി ആചരിക്കുവാനും, ഇതിന്റെ രൂപതാതല ഉദ്ഘാടനം ജൂൺ 21 ന് പനമരം ഇടവകയിൽ വെച്ച് നടത്തുവാനും തീരുമാനിച്ചു. ഓരോ മാസവും ഓരോ ഫോറോനാ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ  യൂണിറ്റുകൾ രൂപീകരിക്കാനും, ആ ഫൊറോനായിലെ കുട്ടികളുടെ ജ്വാല ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു. ഇക്കഴിഞ്ഞ മെയ് 27 ന് ചേർന്ന മതബോധന രൂപത വാർഷിക യോഗത്തിൽ വെച്ച് കഴിഞ്ഞ വർഷത്തെ മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ ഇടവകകൾക്കും, വ്യക്തിഗത മത്സര വിജയികൾക്കുമുള്ള സമ്മാനദാനം അഭി.അലക്സ് താരാമംഗലം പിതാവ് നിർവ്വഹിച്ചു. വരും ദിനങ്ങളിൽ നടക്കുന്ന വിവിധങ്ങളായ  ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹകരണം സാദരം പ്രതീക്ഷിക്കുന്നു.

**ഫാ. ബിജു തൊണ്ടിപ്പറമ്പിൽ** (ഡയറക്ടർ)

### കുടുംബ പ്രേഷിതത്വം വിവാഹ ഒരുക്ക കോഴ്സ്

ജൂൺ മാസം 12 മുതൽ 14 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 57 പേർ പങ്കെടുത്തു. ബോയ്സ് ടൗൺ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ജൂലൈ മാസം 10, 11, 12 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. ഓഗസ്റ്റ് മാസത്തിലെ കോഴ്സ് 7, 8, 9 തീയതികളിൽ ആയിരിക്കും.

### രൂപതാ വാർത്തകൾ

### മാതൃവേദി

മാനന്തവാടി രൂപത മാതൃവേദി, സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മെയ് 12 ന് മാർഗ്ഗംകളി ശില്പശാലയും മെയ് 23 ന് റമ്പാൻ പാട്ട് മത്സരവും സംഘടിപ്പിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ തനതു കലാരൂപമായ മാർഗ്ഗംകളി, റമ്പാൻ പാട്ട് എന്നിവ പുതു തലമുറയ്ക്ക് കൈമാറുന്നതിനും പാരമ്പര്യ കലകളുടെ പരി പോഷണത്തിനുമായി സംഘടിപ്പിച്ച മാർഗ്ഗംകളി ശില്പശാലയും റമ്പാൻ പാട്ട് മത്സരവും മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ ഉദ്ഘാടനം ചെയ്തു. കൈതക്കൽ ജി എൽ പി സ്കൂൾ അധ്യാപിക ശ്രീമതി ബിന്ദു ചാക്കോ ശില്പശാലയ്ക്ക് നേതൃത്വം നൽകി. മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരി കാട്ട്, വൈസ് പ്രസിഡണ്ട് ശ്രീമതി ഷേർളി വലിയവീട്ടിൽ, സെക്ര ട്ടറി മോളി പുഞ്ചയിൽ എന്നിവർ സംസാരിച്ചു. ശിൽപ്പശാലയിലും തുടർന്ന് നടന്ന സ്നേഹവിരുന്നിലും മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാർ പങ്കെടുത്തു. ശ്രദ്ധേ യവും ആകർഷകവുമായ റമ്പാൻ പാട്ട് മത്സരത്തിൽ അസം പ്ഷൻ ഫൊറോനാ ചർച്ച് ബത്തേരി ഒന്നാം സ്ഥാനവും, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കൊമ്മയാട് രണ്ടാം സ്ഥാനവും, സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസ് ചർച്ച് പുതിയിടംകുന്ന്, മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ പ്രോഗ്രാമിന് അഭിനന്ദനങ്ങൾ അർ

പ്പിച്ച് സംസാരിക്കുകയും പങ്കെടുത്ത എല്ലാവർക്കും മൊമെന്റോ നൽകി ആദരിക്കുകയും ചെയ്തു. അന്താരാഷ്ട്ര മാതൃദിനത്തോട നുബന്ധിച്ച് പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട്, കൊമ്മ യാട് യൂണിറ്റിൽ 'സമുദായ ശക്തീകരണത്തിൽ മാതാക്കളുടെ പങ്ക്' എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. നാലുവർഷക്കാലം ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും അനുബന്ധ ഡിപ്പാർട്ട്മെന്റുകളു ടെയും ഓഫീസ് കാര്യങ്ങൾ വളരെ കൃത്യമായി നിർവഹിച്ചു കൊണ്ട് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച സിസ്റ്റർ ജോസ്മി SH ന് മാതൃവേദി എക്സിക്യൂട്ടീവ് സമുചിതമായ യാത്ര യയപ്പ് നൽകി. മെയ് 19 ന് രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർ ന്ന് ജൂൺ മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 18 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 21.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

പ്രൊലൈഫ് പ്രവർത്തന വിജയത്തിനായി ചെയിൻ റോ സറി ചൊല്ലി. ഗർഭിണികൾ, ഗർഭസ്ഥ ശിശുക്കൾ, നവജാത ശിശു ക്കൾ എന്നിവരെ സമർപ്പിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി എല്ലാ വെള്ളിയാഴ്ച കളിലും ഉപവസിച്ചു പ്രാർത്ഥിച്ചു. രൂപത നടത്തിയ മാർഗംകളി ശിൽപ്പശാലയിൽ പങ്കെടുത്തു. റമ്പാൻ പാട്ട് മത്സരത്തിൽ പങ്കെ ടുത്തു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി.

**മണിമൂളി**

തൊഴിലാളി ദിനത്തിൽ കർഷകയെ ആദരിച്ചു. പഠനസ ഹായം, രോഗീ സഹായം നൽകി. അന്താരാഷ്ട്ര മാതൃദിനത്തിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന മാതൃവേദി അമ്മമാരെ ആദ രിച്ചു. നേഴ്സുമാരുടെ ദിനത്തിൽ ഹോസ്പിറ്റലിൽ പോയി നേഴ് സുമാരെ ആദരിച്ചു. അവർക്ക് സമ്മാനങ്ങൾ നൽകി. ഏലീശ്വ സന്ദർ ശനത്തിൽ ഗർഭിണിയായ അമ്മയെ ആദരിക്കുകയും അവർക്ക് സമ്മാനം നൽകുകയും ചെയ്തു. പരിശുദ്ധ മാതാവിനെ അല ങ്കരിക്കൽ മത്സരം നടത്തി. മെയ് 31 ന് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിനത്തിൽ മേഖലാ ടീം പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**നടവയൽ**

മാതാവിൻറെ വണക്കമാസ പ്രാർത്ഥന ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. മേഖല നടത്തിയ റമ്പാൻ പാട്ട് മത്സരത്തിൽ കല്ലുവയൽ യൂണിറ്റ് സമ്മാനം നേടി. നടവയൽ മേഖല മാതൃവേദിയുടെ വാർഷികം ചെറുകാട്ടൂർ യൂണിറ്റിൽ വെച്ച് മെയ് പത്താം തീയതി നടത്തപ്പെട്ടു. രൂപത നടത്തിയ മാർഗ്ഗംകളി ശില്പശാലയിൽ മേഖലയിൽ നിന്നും അമ്മമാർ പങ്കെടുത്തു. മാതാവിന്റെ വണക്കമാസത്തോട് അനുബന്ധിച്ച് മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ യൂണിറ്റുകൾ പങ്കെടുക്കുകയും അതിൽ മികച്ചത് മേഖലയ്ക്ക് നൽകുകയും ചെയ്തു.

**തരിയോട്**

അന്താരാഷ്ട്ര മാതൃദിനത്തിൽ എല്ലാ അമ്മമാരെയും, മെയ് 12 ഭൂമിയിലെ മാലാഖാമാരായ എല്ലാ നേഴ്സുമാരെയും സമർപ്പിച്ചു ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സമുദായ ശാക്തീകരണ പ്രവർത്തനത്തിന്റെ ഭാഗമായി 'പൈതൃകം 2026' മേഖലാതല റമ്പാൻ പാട്ട്, ചട്ടയും മുണ്ടും ഉടുക്കൽ മൽത്സരവും നടത്തി വിജയികളെ കണ്ടെത്തി. മാനന്തവാടിയിലെ സമരിറ്റൻ ഭവൻ സന്ദർശിച്ചു അന്തേവാസികളോടൊപ്പം സൗഹൃദം പങ്കിടുകയും, പ്രാർത്ഥിക്കുകയും അവർക്കായി ഭക്ഷ്യ വസ്തുക്കളും ക്ലീനിങ് വസ്തുക്കളും നൽകുകയും ചെയ്തു. വർധിച്ചു വരുന്ന കാട്ടാനകളുടെ ആക്രമണത്തിന് ശ്വാശ്വത പരിഹാരം കണ്ടെത്തണമെന്ന് മേഖലാ മാതൃവേദി ആവശ്യപ്പെട്ടു.

**ദ്വാരക**

മാതാവിന്റെ വണക്കമാസ പ്രാർത്ഥന മേഖലയിലെ എല്ലാ യൂണിറ്റുകളിലേക്കും ഷെയർ ചെയ്തു. തടവറയിൽ കഴിയുന്നവർക്കുവേണ്ടി മേഖലയിലെ എല്ലാ യൂണിറ്റുകളിലും ദിവ്യകാരുണ്യ ആരാധന നടത്തി. മേഖലാതലത്തിൽ റമ്പാൻ പാട്ട് മത്സരം നടത്തി. വിശ്വാസജീവിതത്തിൽ നിന്നും അകന്നു കഴിയുന്നവർക്ക് വേണ്ടി മേഖലാതലത്തിൽ എല്ലാ യൂണിറ്റുകളിലും ചെയിൻ റോസറി നടത്തി.

**ശാഖാ വാർത്തകൾ**

**കളത്തുവയൽ**

വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനത്തിൽ അമ്മമാർ വീടുകളിൽ നിന്ന് നേർച്ച ഭക്ഷണത്തിന് ആവശ്യമായ

അപ്പം ഉണ്ടാക്കിക്കൊണ്ടുവരികയും കോഴിക്കറി വയ്ക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ലോക ദൈവവിളി ദിനം കുടുംബങ്ങളിൽ നല്ല ദൈവവിളികൾ ഉണ്ടാകുന്നതിനും ദൈവവിളി സ്വീകരിച്ചവർക്ക് നിലനിൽപ്പിനായും പ്രാർത്ഥിച്ചു. ഏലീശ്വ സന്ദർശനം നടത്തി.

**നെടുംമ്പാല**

ലോക മാതൃദിനത്തോടനുബന്ധിച്ച് വീടുകളിൽ മക്കൾ അമ്മമാരെ ആദരിച്ച് സമ്മാനങ്ങൾ നൽകി. കുടുംബങ്ങളിൽ ഭർത്താക്കന്മാർ ഭാര്യമാരെ ആദരിക്കുന്ന ഹൃദ്യമായ ചടങ്ങുകളും നടന്നു. കാഴ്ച സമർപ്പണത്തിൽ നിന്ന് കിട്ടിയ ചെറിയ തുക രോഗീ സഹായത്തിനു നൽകാൻ തീരുമാനിച്ചു. പുതിയ അധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്ന മക്കൾക്കായി എല്ലാ ദിവസവും 33 നന്മ നിറഞ്ഞ മറിയം ചൊല്ലി പ്രാർത്ഥിക്കുകയും ഈ നിയോഗാർത്ഥവും വണക്കമാസം തീരുന്നതിനോടും അനുബന്ധിച്ച് അമ്മമാർ നേർച്ചയായി സമർപ്പിച്ച ഉണ്ണിയപ്പം വിശുദ്ധ കുർബാനയ്ക്കുശേഷം വിശ്വാസികൾക്ക് വിതരണം ചെയ്തു.

**ഒഴുക്കൻ മൂല**

ചെയിൻ റോസറി ഇടവകയിലെ അമ്മമാർ ഏറ്റെടുക്കുകയും എല്ലാ വാർഡിലെ അമ്മമാരും മെയ് 26, 27 തിയ്യതികളിൽ ഭക്തിപൂർവ്വം ചൊല്ലുകയും ചെയ്തു. മേഖലയിൽ നടന്ന റമ്പാൻ പാട്ട് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. നേഴ്സസ് ഡേയിൽ നേഴ്സ്മാർ പള്ളിയിൽ വന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തു. മാസക്കുറി നടത്തി ആയിരം രൂപ മാതൃവേദിക്ക് സംഭാവന നൽകി. റമ്പാൻ പാട്ട് മത്സരത്തിൽ പങ്കെടുത്തവർക്കും മാതാവിനെ അലങ്കരിക്കുന്ന മത്സരത്തിൽ വിജയിച്ചവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

**കബിനിഗിരി**

മെയ് മാസം മാതാവിന്റെ വണക്ക മാസം ആയതിനാൽ കുടുംബങ്ങളിൽ മാതാവിന്റെ രൂപം അലങ്കരിച്ചു വെച്ച്, വണക്കമാസം വായിക്കുന്ന വീഡിയോയും ഫോട്ടോയും അയച്ചു തരാനായി മൽസരം നടത്തി. മെയ് 11 മാതൃദിനം ആചരിച്ചു. കുടുംബനാഥന്മാരുടെ അഭാവത്തിൽ കുടുംബ ചുമതല വഹിക്കുന്ന അമ്മമാരെ ആദരിച്ചു. നേഴ്സസ് ഡേയിൽ, ഇടവകയിലെ എല്ലാ നേഴ്സുമാർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവർക്ക് സമ്മാനം നൽകി

ആദരിക്കുകയും ചെയ്തു. *സ്ത്രീകളും മാനസിക ശാരീരിക ആരോഗ്യവും* എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നൽകി.

**ചുങ്കക്കുന്ന്**

സിസ്റ്റർ ബിൻസി മാത്യു എസ്. എച്ച്. സമുദായ സ്നേഹവും സ്ത്രീ ശക്തീകരണവും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. തിരഞ്ഞെടുക്കപ്പെട്ട 90 അമ്മമാർ പങ്കെടുത്തു. നേഴ്സസ് ദിനത്തിൽ നേഴ്സ്മാരെ ആദരിച്ചു. മാതാവിന്റെ രൂപം അലങ്കാര മത്സരം നടത്തി. രോഗീ സന്ദർശനം, മരണവീട് സന്ദർശനം നടത്തി. പരി. അമ്മയുടെ വണക്കമാസ സമാപനത്തിൽ ദിവ്യബലിക്കുശേഷം പരി. അമ്മയുടെ രൂപം അമ്മമാർ വഹിച്ചുകൊണ്ട് ആഘോഷമായ ജപമാല പ്രദക്ഷിണം നടത്തി.

**പാതിരിപ്പാടം**

എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയം നേടിയവർക്ക് ആശംസകൾ അറിയിച്ചു. ഏലീശ്വാ സന്ദർശനം നടത്തി. മേയ് 20 ന് മൈലാടുംപൊട്ടി ഓർഫനേജിൽ അമ്മമാരുടെ നേതൃത്വത്തിൽ ബിരിയാണി നൽകി. അമ്മമാർ ഇടവക ദേവാലയത്തിലെ ആവശ്യങ്ങൾക്കായി അച്ചാർ ഉണ്ടാക്കി. രോഗീ സന്ദർശനം നടത്തി. പഠനസഹായം ഇടവകയിലെ 2 കുട്ടികൾക്ക് നൽകി. വണക്കമാസ സമാപനത്തിൽ പായസം ഉണ്ടാക്കി നൽകി.

**പുൽപ്പള്ളി**

ഇടവകയ്ക്കും വിവിധ നിയോഗങ്ങൾക്കുമായി എല്ലാ ദിവസവും ചെയിൻ റോസറി നടത്തി. നേഴ്സസ് ദിനത്തിൽ വിരമിച്ച രണ്ട് നേഴ്സുമാരെ വീടുകളിൽ എത്തി ആദരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. സ്കൂൾ കിറ്റ് നൽകി.

**പനവല്ലി**

പരിശുദ്ധ അമ്മയുടെ വണക്കമാസം ആചരിക്കുന്ന മെയ് മാസത്തിൽ എല്ലാ ഞായറാഴ്ചയും അമ്മമാർ ഭക്തിപൂർവ്വം ദിവ്യബലിയിൽ പങ്കെടുത്തു. എല്ലാമാസവും വിശുദ്ധരെ പരിചയപ്പെടുത്തുന്നു.

**ആലാറ്റിൽ**

അന്താരാഷ്ട്രാ മാതൃദിനത്തിൽ 90 വയസ്സിനു മുകളിൽ പ്രായമായ ഇടവകയിലെ അമ്മമാരെ വീട്ടിൽ ചെന്ന് ആദരിച്ച് അവരോടൊപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. തടവറയിൽ കഴിയുന്നവർക്ക് വേണ്ടി ആരാധന നടത്തി പ്രാർഥിച്ചു.

വണക്കമാസ സമാപന ദിവസം അമ്മമാർ പായസം ഉണ്ടാക്കി വിതരണം ചെയ്തു.

**വാളേരി**

രോഗീസന്ദർശനം നടത്തി അവർക്കുവേണ്ടി പ്രാർത്ഥിച്ചു, അവർക്ക് മധുര പലഹാരം നൽകി. മാതാവിന്റെ രൂപം അലങ്കരിച്ച് കുടുംബത്തോടൊപ്പം പ്രാർത്ഥിക്കുന്ന ഫോട്ടോ മേഖലക്ക് കൊടുത്തു. ചെയിൻ റോസറി നടത്തി. അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് വേണ്ടി പ്രാർത്ഥിച്ചു. ഏലീശ്വ സന്ദർശനം നടത്തി.

**ശശിമല**

മെയ് ഒന്നു മുതൽ 31 വരെ മാതാവിന്റെ വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. ചെയിൻറോസറി, കരുണയുടെ ജപമാല, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി. നേഴ്സസ് ദിനത്തിൽ നേഴ്സുമാരെ ആദരിച്ചു. രോഗീ സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**മണിമൂളി**

വനിതാ ദിനത്തിൽ ആദ്യകാല മാതൃവേദി അംഗത്തെ ആദരിച്ചു. വേദപാഠം പഠിക്കുന്ന കുട്ടികൾക്ക് വിശുദ്ധരുടെ ജപവും, വചനങ്ങളും അടങ്ങിയ Name slip വിതരണം ചെയ്തു. പഠനസഹായം 5000 രൂപ നൽകി. വിഷരഹിത പച്ചക്കറികൾ എന്ന പ്രവർത്തനത്തോടനുബന്ധിച്ചുള്ള അടുക്കള തോട്ടങ്ങളിൽ വിളവെടുപ്പ് ആരംഭിച്ചു. ഏലിശ്വ സന്ദർശനത്തിന്റെ ഭാഗമായി ഇടവകയിലെ ഗർഭിണികളയവരെ സന്ദർശിച്ചു പ്രാർത്ഥിച്ചു, സ്നേഹസമ്മാനം നൽകി.

**പുതിയിടംകുന്ന്**

വി. ഗീവർഗ്ഗീസ് സഹദ്ദായുടെ തിരുനാൾ ദിനത്തിൽ പിടിയും കോഴിയും അമ്മമാരുടെ നേതൃത്വത്തിൽ കൊടുത്തു. വയോജന ദിനത്തിൽ പ്രായമായവരെ സന്ദർശിച്ചു പ്രാത്ഥിച്ചു. മെയ് മാസ വണക്കമാസം ഭവനങ്ങളിൽ ചൊല്ലി. സമാപന ദിവസം ഉണ്ണിയപ്പം നേർച്ചയായി നൽകി. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. Sunday Stall നടത്തി (പച്ചക്കറി ) 2220 രൂപ ലാഭം കിട്ടി. കുഞ്ഞുങ്ങൾക്ക് പഠന സഹായം ബുക്ക്, ബാഗ്, കുട എന്നിവ നൽകി.

**ചോക്കാട്**

അന്താരാഷ്ട്ര മാതൃദിനം, ദിവ്യബലിയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. മെയ് 12 നേഴ്സ് ദിനത്തിൽ, അവർക്കുവേണ്ടിയും

പ്രത്യേകം പ്രാർത്ഥിച്ചു. മേഖലയിൽ നടത്തിയ മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഏലീശ്വാ സന്ദർശനം, നവോമി സന്ദർശനം നടത്തുന്നു.

**സീതാമൗണ്ട്**

സമുദായിക ശക്തീകരണത്തോടനുബന്ധിച്ചു മാതൃസംഗമം ഇടവകയിൽ നടത്തി. വണക്കമാസ ആചരണം നടത്തി. മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം  നടത്തി.

**പറളിക്കുന്ന്**

മാതൃവേദിയുടെ മേഖല വാർഷികത്തിൽ യൂണിറ്റിൽനിന്നും അമ്മമാർ പങ്കെടുക്കുകയും പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ യൂണിറ്റിൽനിന്നും 5 പേർ പങ്കെടുക്കുകയും ഒന്നാം സ്ഥാനം ലഭിച്ച ഫോട്ടോ മേഖലയ്ക്ക് നൽകുകയും ചെയ്തു. നേഴ്സസ് ഡേയുടെ വീഡിയോ ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.  മാതൃദിന, പന്തക്കുസ്താ തിരുനാൾ സന്ദേശം നൽകി.

**വടപുറം**

മെയ് 1 രൂപതാ ദിനത്തോടും തൊഴിലാളി ദിനത്തോടും, അനുബന്ധിച്ച് വൈദികരെയും സന്യസ്തരെയും, തൊഴിലാളികളെയും ആദരിച്ചു. നേഴ്സസ് ദിനത്തിൽ 35 ഓളം നേഴ്സുമാരെ ഉപഹാരം നൽകി ആദരിച്ചു. നാല് ഗർഭിണികളുടെ വീട്ടിൽ ഏലീശ്വ സന്ദർശനം നടത്തി. പന്തക്കുസ്താതിരുനാളിൽ അമ്മമാർ കുഞ്ഞുങ്ങളെ എഴുത്തിന് ഇരുത്താൻ പള്ളിയിൽ വന്നു.

**കൊമ്മയാട്**

യൂണിറ്റ് റമ്പാൻ പാട്ട് മത്സരത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനവും രൂപതാ തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ദിവ്യകാരുണ്യ ആരാധന നടത്തി. സമുദായ ശാക്തീകരണത്തെക്കുറിച്ച് ഒരു സെമിനാർ നടത്തി. മേഖലാതല ചെയിൻ റോസറിയിൽ പങ്കുചേർന്നു. മാതൃദിനത്തോടനുബന്ധിച്ച് കാഴ്ച സമർപ്പണം നടത്തി.

**കാരയ്ക്കാമല**

സമുദായശക്തികരണ  വർഷാചരണത്തോടനുബന്ധിച്ചു മാതൃവേദി രൂപതാതലത്തിൽ നടത്തിയ മാർഗംകളി ശിൽപശാല

യിൽ പങ്കെടുത്തു. ചെയിൻ റോസറി, ഏലീശ്വ സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**ദ്വാരക**

നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ പൂക്കളും സമ്മാനങ്ങളും നൽകി ആദരിച്ചു. അമ്മമാർ മാതാവിന്റെ വണക്ക മാസം ചൊല്ലുകയും അനുദിന വിശുദ്ധ ബലിയിൽ പങ്കെടുക്കുകയും ചെയ്തു. വിശ്വാസ ജീവിതത്തിൽ നിന്ന് അകലുന്നവർക്ക് വേണ്ടി ചെയിൻ റോസറി നടത്തി. തടവറയിൽ കഴിയുന്നവർക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി.

**കോട്ടത്തറ**

മേഖലാ തലത്തിൽ ചെന്നലോട് വച്ച് നടത്തിയ റമ്പാൻ പാട്ട് മത്സരത്തിലും ചട്ടയും മുണ്ടും ഉടുക്കൽ മത്സരത്തിലും അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. മാതൃവേദിയിലെ മുതിർന്ന അമ്മമാരെ ആദരിച്ചു. നേഴ്സ് ദിനം ആശാവർക്കറെ ആദരിച്ചു. രോഗീസന്ദർശനം നടത്തി. ചെയിൻ റോസറി വിശ്വാസ ജീവിതത്തിൽ നിന്ന് അകലുന്നവർക്ക് വേണ്ടി ചൊല്ലുന്നു.

**അസംപ്ഷൻ ബത്തേരി**

സമുദായശാക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി ഇടവകയിൽ സംഘടിപ്പിച്ച 'സമുദായ ശാക്തീകരണം ക്രൈസ്തവ നന്മയ്ക്ക്' എന്ന ശിൽപ്പശാലയിൽ മാതൃവേദിയുടെ പ്രവർത്തനങ്ങളും സംഭാവനകളും സെക്രട്ടറി അവതരിപ്പിച്ചു ഉണർവ് അമ്മമാരുടെ സംഗമത്തിന്റെ വിജയത്തിനായി മെയ് 1 മുതൽ എല്ലാ ദിവസവും പത്ത് നന്മ നിറഞ്ഞ മറിയം ചൊല്ലി പ്രാർത്ഥിച്ചു. അന്താരാഷ്ട്ര നേഴ്സസ് ദിനമായ മെയ് 12 ന് നഴ്സുമാർക്ക് ആശംസകൾ അറിയിക്കുകയും അസംപ്ഷൻ ഹോസ്പിറ്റലിലെ നഴ്സുമാർക്ക് സ്നേഹോപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. അമ്മമാരുടെ സംഗമത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ ഭാഗമായി മെയ് 16ന് ബുക്ക് റിവ്യൂ മത്സരം സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിലും സമ്മേളനത്തിലുമായി ഏകദേശം 500 ഓളം അമ്മമാർ പങ്കെടുത്തു. രൂപതാതല റമ്പാൻപാട്ട് മത്സരത്തിൽ അസംപ്ഷൻ ടീം ഒന്നാം സമ്മാനം മെയ് 31 ന് മൂകബധിര സഹോദരങ്ങൾക്കായി നടത്തിയ കുമ്പസാരത്തിലും വിശുദ്ധ കുർബാനയിലും പങ്കെടുത്തവർക്ക് ഉച്ചഭക്ഷണം ഒരുക്കി നൽകി.

**പനംഞ്ചിറ**

മാതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി അമ്മമാർ വണക്കമാസം വായിച്ചു. കിടപ്പുരോഗികളെ സന്ദർശിക്കുകയും അവർക്കു വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർഥിക്കുകയും ചെയ്തു. മരണവീടുകളിലെ പ്രാർഥനകൾക്ക് നേതൃത്വം നൽകി. ഉറ്റവരുടെ മരണം നിമിത്തം മാനസീകവേദന അനുഭവിക്കുന്ന കുടുംബങ്ങളിൽ പോയി അവർക്കുവേണ്ടി പ്രാർഥിച്ചു. SSLC,+2, ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിച്ചു.

**വാകേരി**

തൊഴിലാളിദിനത്തിൽ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സ്മരണാർത്ഥം ഇടവകയിലെ തച്ചനായ ബേസിൽ കളത്തിപ്പറമ്പിലിനെ ആദരിച്ചു. ഇടവകയിൽ അമ്മമാരുടെ നേതൃത്വത്തിൽ കുടനിർമ്മാണ പരിശീലനം നടത്തി. കുട്ടികളുടെ ക്രിസ്റ്റീൻ ധ്യാനത്തിൽ അമ്മമാർ ഭക്ഷണമുണ്ടാക്കി നൽകി. 'സ്നേഹതീരം' തപോവന ശുശ്രൂഷയും, ഇതാ കർത്താവിന്റെ ദാസി എന്ന അമ്മക്കൂട്ടായ്മയുടെ ദേവാലയം വൃത്തിയാക്കലും നടത്തി. ദേവാലയനിർമ്മാണ നിയോഗം വച്ച് അമ്മമാർ 904 ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

ഇടതുകൈ ചെയ്യുന്നത് വലതു കൈ അറിയാതിരിക്കട്ടെ എന്ന ക്രിസ്തു സന്ദേശം പ്രാവർത്തികമാക്കികൊണ്ട്, അർഹിക്കുന്നവർക്ക് വേണ്ട സഹായം ചെയ്യുന്നതിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘടന എന്നും മുന്നിലാണ്. കോൺഫറൻസിന്റെ പ്രതിവാര യോഗങ്ങളിൽ നടത്തുന്ന രഹസ്യ പിരിവ് വഴിയും, സഹായക അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവനവഴിയും ലഭിക്കുന്ന തുകയാണ് സൊസൈറ്റി പാവങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നത്. അവശത അനുഭവിക്കുന്ന അയൽക്കാരനെ സഹോദരതുല്യം സ്നേഹിച്ച്, ശ്രദ്ധയും സൗഹൃദവും സമയവും സമ്പത്തും കഴിവുകളും അവർക്ക് വേണ്ടി അർപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് വിൻസെൻഷ്യൻസ് എന്ന ബോധ്യത്തിൽ ഊന്നിയാണ് മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രവർത്തിക്കുന്നത്.

**ചുങ്കക്കുന്ന് ഫാത്തിമമാതാ, സെന്റ് അൽഫോൻസാ കോൺഫറൻസുകളുടെ സംയുക്ത വാർഷികം**

24-06-2026 ഞായറാഴ്ച വൈകിട്ട് ആറുമണിക്ക് ചുങ്കക്കുന്ന് ഫാത്തിമമാതാ, സെന്റ് അൽഫോൻസാ കോൺഫറൻസുകളുടെ സംയുക്തമായ വാർഷികാഘോഷം നടത്തപ്പെട്ടു. സിസ്റ്റർ ഓമന കണ്ണന്താനം പ്രാരംഭ പ്രാർത്ഥനയും സിസ്റ്റർ ലൂസി നരിമറ്റം ജ്ഞാന വായനയും നടത്തി. കൊട്ടിയൂർ ഏരിയ കൗൺസിൽ പ്രസിഡന്റ് സിസ്റ്റർ പ്രിയ ഷൈജൻ തടങ്ങഴിയിൽ എല്ലാവരെയും സ്വാഗതം ചെയ്തു. ബ്രദർ ജോളി വളവനാട്ട്, സിസ്റ്റർ റെജീന പാറടിയിൽ എന്നിവർ വാർഷിക റിപ്പോർട്ടുകളും ബ്രദർ ജോയ് പുത്തൻ പീടിക, ലൂസി ആനക്കല്ലിൽ എന്നിവർ വാർഷിക കണക്കുകളും അവതരിപ്പിച്ചു. വാർഷിക കണക്കുകളും റിപ്പോർട്ടുകളും പാസാക്കി. ഫാത്തിമമാതാ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ സ്റ്റാനി സ്ലവോസ് തട്ടാപറമ്പിൽ അധ്യക്ഷത വഹിച്ച യോഗം സിസി ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ഒരു യഥാർത്ഥ വിൻസെൻഷ്യൻ എങ്ങനെയായിരിക്കണം എന്ന് അദ്ദേഹം വിശദീകരിച്ചു. ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. ബിജു മാവറ അനുഗ്രഹ പ്രഭാഷണം നടത്തി. സെന്റ് അൽഫോൻസാ കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ ചിന്നമ്മ മടത്തിതാഴെ കോൺഫ്രൻസ് പ്രവർത്തനങ്ങൾ

വിശദീകരിച്ചു. സിസ്റ്റർ ജാൻസി പോൾ SH, ബ്രദർ ജോബിൻ കൈപ്പകശ്ശേരി, ബ്രദർ സോണി പൂത്തറ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബ്രദർ ജോസുകുട്ടി ചാത്തമല എല്ലാവർക്കും നന്ദി പറഞ്ഞു. സിസ്റ്റർ ഏലിയാമ്മ പയ്യമ്പള്ളി ഉപസംഹാര പ്രാർത്ഥന ചൊല്ലി. വിൻസൻഷ്യൻ കുടുംബാംഗങ്ങളും സഹായക അംഗങ്ങളും ദത്തു കുടുംബാംഗങ്ങളും ഉൾപ്പെടെ 200ൽ അധികം ആളുകൾ പങ്കെടുത്തു. സ്നേഹവിരുന്നോടെയാണ് വാർഷികാഘോഷം സമാപിച്ചത്.

**ഓസാനം ഭവൻ സന്ദർശനങ്ങളും ആത്മീയ ശുശ്രൂഷകളും**

മെയ് 17: ചുണ്ടക്കര എസി യിലെ സെന്റ് ജോസഫ് കോൺഫറൻസ് നിന്നുള്ള 4 അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിച്ചു.

മെയ് 19: വിളമ്പുകണ്ടം കോൺഫറൻസ് അംഗങ്ങൾ ഓസാനംഭവൻ സന്ദർശിച്ചു.

മെയ് 27: ബീനാച്ചി MSMF ആശ്രമത്തിൽ നിന്നും ബഹുമാനപ്പെട്ട ജോസഫ് അച്ചൻ ഓസാനം ഭവൻ സന്ദർശിക്കുകയും, അപ്പച്ചന്മാരെ കണ്ട് അവർക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

മെയ് 31: ഇടിവെണ്ണ സെന്റ് തോമസ് കോൺഫറൻസ് അംഗങ്ങൾ സന്ദർശനം നടത്തുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

ജൂൺ 02: ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വയനാട് റൗണ്ട് ടേബിൾ' എന്ന സംഘടന ഓസാനം ഭവനിലെ അപ്പച്ചൻമാരുടെ ഉപയോഗത്തിനായി വീൽചെയറും മറ്റ് അനുബന്ധ സാമഗ്രികളും സംഭാവനയായി നൽകി.

ജൂൺ 08: വയനാട് ഫ്ളവേഴ്സ് ടീമിന്റെ വകയായി, ശ്രീ. ജോണി പാറ്റാനിയുടെ നേതൃത്വത്തിൽ അപ്പച്ചന്മാർക്കായി 75 ബനിയനുകൾ വിതരണം ചെയ്തു.

ജൂൺ 09: മരകാവ് സെന്റ് മേരീസ് കോൺഫറൻസ് അംഗങ്ങൾ സന്ദർശിക്കുകയും, സൗജന്യ സേവനം അനുഷ്ഠിക്കുകയും ചെയ്തു. കൂടാതെ ഓസാനം ഭവനിലേക്ക് ആവശ്യമായ പച്ചക്കറി സാധനങ്ങൾ നൽകുകയുണ്ടായി.

ഓസാനം ഭവനിലെ അപ്പച്ചന്മാർക്ക് സ്നേഹവും കരുതലും പിന്തുണയും നൽകിയ എല്ലാ സംഘടനകൾക്കും വ്യക്തികൾക്കും കോൺഫറൻസ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ദുരന്തബാധിതരിൽ ദൈവത്തിന്റെ മുഖം കാണാൻ യുവത്വത്തിന് കഴിയണം- ബിഷപ്പ് മാർ അലക്സ് താരാമംഗലം**

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ സാന്നിധ്യം സമൂഹത്തിന് വലിയ പ്രത്യാശയാണെന്നും ദുരന്ത ബാധിതരിൽ ദൈവത്തിന്റെ മുഖംകാണുന്ന മനോഭാവത്തോടെ പ്രവർത്തിക്കുമ്പോഴാണ് സേവനം കൂടുതൽ ആത്മാർത്ഥവും മനുഷ്യ സ്നേഹപൂർണവുമായി മാറുന്നതെന്നും മാനന്തവാടി രൂപതാ സഹായ മെത്രാൻ ബിഷപ്പ് അലക്സ് താരാമംഗലം അഭി പ്രായപ്പെട്ടു. കാരിത്താസ് ഇന്ത്യയുടെ സേഫ് വിത്തിൻ, റീ കണക്റ്റ് വയനാട് & വിലങ്ങാട് പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, മാനന്തവാടി രൂപതയുടെ യുവജന പ്രസ്ഥാ നമായ കെ. സി. വൈ. എം. സംഘടനയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഏകദിന ഹാർട്ട് ടാസ്ക് ഫോഴ്സ്പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വയ നാട്, വിലങ്ങാട് മേഖലകളിൽ ദുരന്താനന്തര പുനരധിവാസം, സമൂഹ പുനർബന്ധം, മാനസിക-സാമൂഹിക പിന്തുണ, യുവജന നേതൃത്വ വികസനം, സമൂഹ അടിസ്ഥാന ദുരന്ത സന്നദ്ധത എന്നിവ ലക്ഷ്യ മാക്കി നടപ്പാക്കുന്ന സേഫ് വിത്തിൻ, റീകണക്റ്റ് വയനാട് & വില ങ്ങാട് പദ്ധതി, പ്രാദേശിക സമൂഹങ്ങളെ കൂടുതൽ ദുരന്ത പ്രതിരോ ധശേഷിയുള്ളവരാക്കി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന ഹാർട്ട്ടാസ്ക് ഫോഴ്സ് ടീമുകൾ ദുരന്ത സമയങ്ങളിൽ അടിയ ന്തര പ്രതികരണം, രക്ഷാപ്രവർത്തനം, അവബോധ പ്രവർത്തന ങ്ങൾ, ദുരന്തബാധിതർക്കുള്ള പിന്തുണ, സമൂഹ ഏകോപനം എന്നി വയിൽ നിർണായക പങ്കുവഹിക്കുമെന്ന് സംഘാടകർ അറിയിച്ചു. മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 75 കെ.സി.വൈ.എം. യുവജന നേതാക്കൾ പരിശീലനത്തിൽ പങ്കെടുത്തു. ദുരന്ത സാഹചര്യങ്ങളിൽ സമൂഹത്തോടൊപ്പം നിലകൊള്ളുന്ന യുവജന സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോ

ടെയാണ് പരിശീലനം സംഘടിപ്പിച്ചത്. പരിപാടിക്ക് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലതറ അധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, കാരിത്താസ് ഇന്ത്യ-നാഷണൽ പ്രോഗ്രാം കോഡിനേറ്റർ ഡോ. ഹരിദാസ് വി. ആർ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, സേഫ് വിത്തിൻ പ്രോജക്ട് കോർഡിനേറ്റർ ഡെൽന മേരി ജയ്സൺ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടക്കൽ, കൗൺസിലർമാരായ സിസ്റ്റർ ലില്ലി മാത്യു, സിസ്റ്റർ ഷൈനി ജോർജ്, കെ.സി.വൈ.എം. ആനിമേറ്റർ സിസ്റ്റർ റോസ് ടോം, പ്രസിഡന്റ് നിഖിൽ ചൂടിയാനിക്കൽ, വൈസ് പ്രസിഡണ്ട് വിദ്യ പടിഞ്ഞാറേവയലിൽ, ജനറൽ സെക്രട്ടറി റോബിൻ ബിജു വടക്കേക്കര, സെക്രട്ടറിമാരായ ദിവ്യ സി പീറ്റർ, ക്രിസ്റ്റി, കോ ഓർഡിനേറ്റർ ബ്രിസ്റ്റോ ജോൺ, ട്രഷറർ നവീൻ ജോസ് എന്നിവർ സംസാരിച്ചു. പരിശീലനത്തിന്റെ ഭാഗമായി മൂന്ന് പ്രധാന സെഷനുകൾ സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ നാഷണൽ പ്രോഗ്രാം കോഡിനേറ്റർ ഡോ. ഹരിദാസ് വി.ആർ 'കാലാവസ്ഥാ പ്രതിരോധശേഷിയും സമൂഹ തയ്യാറെടുപ്പിലും യുവജനങ്ങളുടെ ഇടപെടൽ' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി ടാസ്ക് ഫോഴ്സ് സന്നദ്ധ പ്രവർത്തകരുടെ യഥാർത്ഥ മനോഭാവവും ഉത്തരവാദിത്തമുള്ള ഡിജിറ്റൽ പൗരത്വവും എന്ന വിഷയത്തിൽ സെഷൻകൈകാര്യം ചെയ്തു. കൂടാതെ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ അധികൃതരുടെ നേതൃത്വത്തിൽ ബേസിക് ലൈഫ് സേവിംഗ് (BLS) പരിശീലനവും സംഘടിപ്പിച്ചു. ദുരന്ത സമയങ്ങളിൽ അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാഥമിക ജീവൻ രക്ഷാ നൈപുണ്യങ്ങൾ യുവജനങ്ങൾക്ക് പരിചയപ്പെടുത്തിയാണ് പരിശീലനം നടന്നത്. പരിശീലനത്തിന്റെ ഭാഗമായി മേഖല അടിസ്ഥാനത്തിൽ പ്രത്യേക ടാസ്ക്ഫോഴ്സ് ടീമുകൾ രൂപീകരിക്കുകയും ദുരന്തഘട്ടങ്ങളിൽ യുവജനങ്ങളുടെ സജീവ ഇടപെടലിനായി അടിയന്തര പ്രവർത്തന പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ഹാർട്ട് ടാസ്ക് ഫോഴ്സിന് പരിശീലന ക്യാമ്പ്

കാലവർഷം കനക്കുകയും വയനാടിന്റെ വിവിധഭാഗങ്ങളിൽ റെഡ് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കി അടിയന്തര പ്രായോഗിക പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ഡബ്ല്യു. എസ്. എസ്. എസ്. (WSSS), കാരിത്താസ് ഇന്ത്യ എന്നിവയുടെ സംയുക്ത സംരംഭമായ സേഫ് വിത്തിൻ പ്രൊജക്റ്റിന്റെ ഭാഗമായാണ് എടവക, പടിഞ്ഞാറത്തറ പഞ്ചായത്തുകളിലെ ഹാർട്ട് (HEART) ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കായി ഈ പ്രത്യേക ക്യാമ്പ് ഒരുക്കിയത്. മാനന്തവാടി ഡബ്ല്യു. എസ്. എസ്. എസ്. മെയിൻ ഓഫീസ് കോമ്പൗണ്ടിൽ വെച്ച് നടന്ന പരിശീലന പരിപാടിയിൽ രണ്ട് പഞ്ചായത്തുകളിൽ നിന്നുമായി എഴുപതോളം സന്നദ്ധപ്രവർത്തകർ പങ്കെടുത്തു. മാനന്തവാടി ഫയർ ആൻഡ് റെസ്ക്യൂ ടീം ലീഡർ ശ്രീ. ലെജിത്തിന്റെയും സംഘത്തിന്റെയും നേരിട്ടുള്ള നേതൃത്വത്തിലാണ് തിയറിയും പ്രായോഗിക പരിശീലനവും അടങ്ങുന്ന സെഷനുകൾ നടന്നത്. പ്രകൃതി ദുരന്ത സൂചനകൾ കൃത്യമായി തിരിച്ചറിഞ്ഞ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന രീതികൾ, അപകട മേഖലകളിൽ നിന്നും ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനുള്ള ആസൂത്രണം എന്നിവ ക്യാമ്പിൽ വിശദീകരിച്ചു. ഗ്യാസ്സ് സിലിണ്ടർ ചോർച്ചയോ തീപിടുത്തമോ ഉണ്ടാകുമ്പോൾ പരിഭ്രാന്തിയില്ലാതെ നേരിടാനുള്ള മാർഗ്ഗങ്ങളും, ഉരുൾപൊട്ടൽ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ മണ്ണിൽ കുടുങ്ങിയവരെ വേഗത്തിൽ രക്ഷപ്പെടുത്താനുള്ള പ്രതിരോധ രീതികളും ഫയർ ഫോഴ്സ് സംഘം സന്നദ്ധ പ്രവർത്തകർക്ക് പകർന്നു നൽകി. പ്രളയ സാഹചര്യങ്ങളെ നേരിടുന്നതിനായി റോപ്പ് റെസ്ക്യൂ സംവിധാനങ്ങളും ക്യാമ്പിൽ പ്രത്യേകം പരിശീലിപ്പിച്ചു. പ്രഥമ ശുശ്രൂഷ നൽകുന്നതിനുമുള്ള പ്രായോഗിക അറിവുകളും നൽകി. ദുരന്തമുഖങ്ങളിലെ യഥാർത്ഥ സാഹചര്യം പുനർസൃഷ്ടിച്ച് കൊണ്ട് ഫയർഫോഴ്സിനൊപ്പം സന്നദ്ധപ്രവർത്തകർ നടത്തിയ ലൈവ് മോക്ക് ഡ്രില്ലും ക്യാമ്പിന്റെ പ്രധാന ആകർഷണമായി. ഡബ്ല്യ. എസ്. എസ്. എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് ചടങ്ങിൽ ആശംസകൾ നേർന്നു സംസാരിച്ചു. ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, സേഫ് വിത്തിൻ പ്രൊജക്റ്റ് ടീം അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ദുരന്ത

മുഖങ്ങളിൽ ഹാർട്ട് ടാസ്ക് ഫോഴ്സ് അംഗങ്ങൾ രൂപീകൃതമായ നാൾമുതൽ ഇന്നുവരെ നൽകിവരുന്ന മികച്ച സേവനങ്ങളെയും സഹകരണത്തെയും ചടങ്ങിൽ കൃതജ്ഞതയോടെ സ്മരിച്ചു. വരാനിരിക്കുന്ന ദുരന്ത സാധ്യതകൾ മുൻപിൽ കണ്ട് ശാരീരികമായും മാനസികമായും സന്നദ്ധപ്രവർത്തകരെ പ്രാപ്തരാക്കാൻ ഈ അടിയന്തര ക്യാമ്പിലൂടെ സാധിച്ചതായി പ്രൊജക്ട് കോർഡിനേറ്റർ അറിയിച്ചു.

**വൈബ് വിത്ത് നേച്ചർ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി(WSSS) സേഫ് വിത്തിൻ പ്രൊജക്റ്റിന്റെ ഭാഗമായുള്ള ഉണർവ് സ്കൂൾതല മാനസികാരോഗ്യ പദ്ധതിക്കും പരിസ്ഥിതി ദിനാഘോഷങ്ങൾക്കും ദ്വാരക എ.യു.പി. സ്കൂളിൽ തുടക്കമായി. 'വൈബ് വിത്ത് നേച്ചർ' എന്ന പേരിൽ സംഘടിപ്പിച്ച വേറിട്ട ഈ ഹരിതോത്സവം, മണ്ണും വളവും മിക്സ് ചെയ്ത് ചെടികൾ നട്ടുകൊണ്ട് മാനന്തവാടി റേഞ്ച് അസിസ്റ്റന്റ് എക്സൈസ് ഓഫീസർ ശ്രീ. അജയ് കുമാർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഒരു ദിവസത്തെ തൈ വിതരണത്തിനപ്പുറം, കുട്ടികൾക്ക് പ്രകൃതിയോട് കൂട്ടുകൂടാനും മാനസികോല്ലാസത്തിനുമായി വിദ്യാലയത്തിൽ ഒരുക്കുന്ന വെർട്ടിക്കൽഗാർഡൻ എക്കോ ആർട്ട് പദ്ധതിയാണ് ഇതിന്റെ പ്രധാന ആകർഷണം. പ്രകൃതിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് കുട്ടികളുടെ നാളേയ്ക്കായി കൈകോർക്കുക എന്ന സന്ദേശമാണ് പരിപാടി മുന്നോട്ട് വെയ്ക്കുന്നത്. സ്കൂൾ ഹെഡ്മിസ്ട്രസ് സി. സിജി CMC ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സേഫ് വിത്തിൻ പ്രൊജക്റ്റ് കോർഡിനേറ്റർ ഡെൽന മേരി ജെയ്സൺ ഗുരുകുലം കോളേജ് പ്രിൻസിപ്പൽ ഷാജൻ ജോസഫ് എന്നിവർ സംസാരിച്ചു. എക്സൈസ് വകുപ്പ്, ഗുരുകുലം കോളേജ്, മർച്ചന്റ്സ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ഗുരുകുലം കോളേജ് വിദ്യാർത്ഥികൾ, എടവക പഞ്ചായത്ത് ഹാർട്ട് ടാസ്ക് ഫോഴ്സ് യുവജന പ്രതിനിധികൾ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന നബാർഡ്

നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ നീരുറവ സംരക്ഷണം, കിണർ റീചാർജിങ്, കോഴി വളർത്തൽ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. പ്രൊജക്റ്റ് കോ ഓർഡിനേറ്റർ റോബിൻ ജോസഫ്, നീർത്തട കമ്മിറ്റി അംഗങ്ങളായ വർഗീസ് കെ. ജെ., സിനോജ് പി. ജെ. എന്നിവർ നേതൃത്വം നൽകി.

**ജോയിന്റ് ഡയറക്ടർ സ്ഥാനമേറ്റു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജോയിന്റ് ഡറക്ടറായി സ്ഥാനമേറ്റ ഫാ. ജോണി കുന്നത്തിന് WSSS കുടുംബത്തിലേക്ക് സ്വാഗതം. കാനഡയിലെ ടൊറോണ്ടോ രൂപതയിൽ 4 വർഷമായി സേവനം ചെയ്ത് വരികയായിരുന്നു അദ്ദേഹം.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

മംഗലശ്ശേരി, ചുങ്കക്കുന്ന്, ഒഴുക്കന്മൂല, ചുള്ളിയാന, കാരക്കാമല, പോരൂർ, പ്രശാന്തഗിരി, തലപ്പുഴ, പാൽചുരം, അമ്പായത്തോട്, വെള്ളൂന്നി, കൊട്ടിയൂർ, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, തവിഞ്ഞാൽ, ഒണ്ടയങ്ങാടി, കല്ലോടി, കുഞ്ഞോം, നിരവിൽപുഴ, ചൂരൽമല, പാറത്തോട്ടം, എടയൂർകുന്ന്, നടവയൽ, ആലാറ്റിൽ എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ.തോമസ് വാഴച്ചാലിൽ, ഫാ. ഗർവാസിസ് മറ്റത്തിൽ, ഫാ. മനോജ് കാക്കോനാൽ, ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. ജെഫിൻ, SWS റീജിയണൽ കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ  പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ദ്വാരക, തോണിച്ചാൽ എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പന്ന നിർമ്മാണ പരിശീലനം**

ഒഴുക്കന്മൂല, അഞ്ചുകുന്ന്, പണയമ്പം, തോണിച്ചാൽ എന്നീ സ്ഥലങ്ങളിൽ സോപ്പുല്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ആട് വിതരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങളിലൂടെ കൂടുതൽ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും വരുമാനം വർധിപ്പിക്കുന്നതിനായി ഒണ്ടയങ്ങാടി SWS ൽ ആടുവിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**

എക്സിക്യൂട്ടീവ് ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ഫാമിലി ഹെൽത്ത് കെയർ**

കെ.എൽ.എം വഴി കഴിഞ്ഞ വർഷം ആരംഭിച്ച ഫാമിലി ഹെൽത്ത് കെയർ പദ്ധതിയിൽ ചേർന്നവരുടെ പോളിസി പുതുക്കൽ നടന്നു വരുന്നു. 185 കുടുംബങ്ങൾ പോളിസി പുതുക്കൽ പൂർത്തിയാക്കി. പുതുതായി പദ്ധതിയിൽ ചേരാൻ താല്പര്യമുള്ള വരുണ്ടെങ്കിൽ പാരീഷ് കോഡിനേറ്റർമാർ ലിസ്റ്റ് തയ്യാറാക്കി അറിയിച്ചാൽ എൻറോൾമെന്റ് അവിടെ വന്ന് ചെയ്ത് തരുന്നതാണ്.

**അസംഘടിത തൊഴിലാളി, കൈതൊഴിലാളി, വിദഗ്ദ തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിക്കുന്നു**

മറ്റ് ക്ഷേമനിധികളിൽ അംഗമല്ലാത്തവരും, പെൻഷൻ സാധ്യത നിലവിലില്ലാത്തവരുമായ തൊഴിലാളികൾക്ക് വേണ്ടിയുള്ളതാണ് ഈ പദ്ധതി. 55 വയസ്സിൽ താഴെ 18 വയസ്സ് പൂർത്തിയായ ഗാർഹിക തൊഴിലാളികൾ, ക്ഷീരോല്പാദകർ, കൂലി പണിക്കാർ, കരകൗശല തൊഴിലാളികൾ, വർക്ക്ഷോപ് തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ തുടങ്ങി ആർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യവും ലഭിക്കും. കൂടാതെ അംഗത്വ കാലയളവിൽ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം, വിവാഹ സഹായം എന്നിവയും തൊഴിലാളിക്ക് ചികിത്സാ സഹായവും ലഭിക്കും.

**പ്രതിമാസം 100 രൂപ വിഹിതം അടയ്ക്കണം**

വയസ്സു തെളിയിക്കുന്ന രേഖ, ആധാർ കാർഡ് ,രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയയാണ് ചേരുമ്പോൾ നല്കേണ്ടരേഖകൾ. പാരീഷ് ക്യാമ്പ് നടത്തി അംഗങ്ങളെ ചേർക്കുന്നതിന് കോഡിനേറ്റർമാർ മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വൈദിക പരിശീലനം**

കെ.സി.ബി.സി ലേബർ കമ്മീഷന്റെയും കെ എൽ എം സംസ്ഥാന സമിതിയുടേയും നേതൃത്വത്തിൽ ജൂൺ 9, 10 തീയതികളിലായി ഇരിങ്ങാലക്കുട രൂപതയിൽ വെച്ച് വൈദികർക്കായി പരിശിലനം സംഘടിപ്പിച്ചു. നമ്മുടെ രൂപതയിൽ നിന്നും ബഹുമാനപ്പെട്ട ഫാ. സിജോ എടക്കുടി, ഫാ. പ്രദീഷ് കിഴക്കൻ പുതുപ്പള്ളിൽ,

ഫാ. വിനോയി കളപ്പുര, ഫാ. ജെറിൻ പൊയ്കയിൽ എന്നിവർ പങ്കെടുത്തു. എല്ലാ വൈദികർക്കും സ്നേഹപൂർവ്വം നന്ദി നേരുന്നു.

**വർക്കേർസ് ഇന്ത്യ ഫെഡറേഷൻ (WIF) AGM**

CBCI ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (WFI) വാർഷിക ജനറൽ ബോഡി യോഗം മെയ് 18, 19 തീയതികളിൽ ബാംഗ്ലൂരിൽ നടന്നു. 2026-28 വർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ അസംബ്ലി തെരഞ്ഞെടുത്തു. നാഷണൽ വൈസ് പ്രസിഡന്റായി മാനന്തവാടി രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലം പറമ്പിൽ തെരഞ്ഞെടുക്കപ്പെട്ടു.

**പാരിഷ് കമ്മിറ്റി ട്രെയിനിംഗ്**

സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് നടത്തി വരുന്ന ഇടവകാ കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശിലനത്തിൽ കുടുംബങ്ങളുടെ സുരക്ഷയും സർക്കാർ പദ്ധതികളും സംബന്ധിച്ച് ക്ലാസ്സ് നല്കി വരുന്നു. ഇതിനോടകം നിലമ്പൂർ, മണിമൂളി, മുള്ളൻ കൊല്ലി, പയ്യമ്പള്ളി ഫൊറോനകളിൽ പൂർണമായും, മാനന്തവാടി കത്തീഡ്രൽ, ടൗൺ ചർച്ച്, കുറ്റിമൂല ഇടവകകളിലും, വാഴവറ്റ ഇടവകയിലും പരിശീലനം പൂർത്തിയായി. എല്ലാ വികാരിയച്ചൻമാരേയും പ്രത്യേകിച്ച് ഫൊറോനാ വികാരിയച്ചൻമാരോടുമുള്ള നന്ദി അറിയിക്കുന്നു. ഈ ഇടവകകളിലെ കോഡിനേറ്റർമാർ വികാരിയച്ചനുമായി സംസാരിച്ച് സാമൂഹ്യ സുരക്ഷാപദ്ധതികൾ ഇടവകയിൽ ചെയ്യുന്നതിനുള്ള കാര്യങ്ങൾക്ക് നേതൃത്വം നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 07 പേരുടെ മക്കൾക്ക് SSLC പാസായതിന്റെ Cash Award ന് ഉള്ള അപേക്ഷ സമർപ്പിച്ചു. ഉപരി പഠനത്തിനുള്ള സ്കോളർഷിപ്പിന് +1 അഡ്മിഷൻ എടുത്തതിന് ശേഷം അപേക്ഷ സമർപ്പിച്ചാൽ മതി. ക്ഷേമനിധി അംഗങ്ങളായി യഥാസമയം ചെയ്തു വരുന്നു. ഇപ്പോൾ അംശാദായം യൂണിയന്റെ സൈറ്റ് വഴി അടയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായ 09 പേർക്ക് ഈ മാസം റിട്ടയർമെന്റ് തുക ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NDS ന്റെ നിയുക്ത മാനേജിംഗ് ഡയറക്ടർക്ക് സ്വാഗതം**

16.06.2026 മുതൽ NDS ന്റെ നിയുക്ത മാനേജിംഗ് ഡയറക്ടറായി നീലഗിരി റീജിയണൽ വികാർ ബഹു. ബിജു പൊൻപാറയ്ക്കൽ അച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. അച്ചന് NDS നീലഗിരി മേഖലാ കുടുംബത്തിന്റെ ആശംസകളും, പ്രാർത്ഥനകളും നേരുന്നു.

**2. NDS ന്റെ നിയുക്ത എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സ്വാഗതം**

കഴിഞ്ഞ 10 വർഷമായി NDS ന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ച്, തുടർന്ന് ഒറീസ മിഷനിലേക്ക് യാത്രയാകുന്ന ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചന് പകരമായി ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ NDS ന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി 16.05.2026 ന് ചുമതലയേറ്റെടുത്തു. കല്ലുമുക്ക് ഇടവകയിൽനിന്നും കടന്നുവന്ന അച്ചനെ ബഹു. ബിനോയി അച്ചൻ പൂക്കൾ നല്കി സ്വീകരിക്കുകയും, ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും ചെയ്തു.

**3. SAFP – FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ 226 കുടുംബങ്ങളെ യോഗ്യരായി അംഗീകരിക്കുകയും അതിൽ 225 കുടുംബങ്ങളുടെയും വിവരങ്ങൾ സോഫ്റ്റവെയറിൽ അപ്‌ലോഡ് ചെയ്യുന്ന പണികൾ പൂർത്തിയാക്കുകയും ചെയ്തു. ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിൽ ഒരു ഗുണഭോക്താവ് മരണമടഞ്ഞതിനാൽ അവരെ പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്തു.

**4. NDS യൂണിറ്റ് സന്ദർശനങ്ങൾ**

NDS ധർമ്മഗിരി, ബോസ്പാറ യൂണിറ്റുകളിൽ 03.06.2026 നും, 05.06.2026 നും NDS എക്സിക്യൂട്ടിവ് ഡയറക്ടർ ബഹു. നിഷ്വിൻ

തേൻപള്ളിയിൽ അച്ചന്റെയും, പ്രോജക്ട് കോഡിനേറ്റർ ജോഷി യുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. NDS ന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റെടുത്ത നിഷ്വിൻ അച്ചനും, ധർമ്മഗിരി യൂണിന്റെ പുതിയ ഡയറക്ടറായി ചുമതലയേ റ്റെടുത്ത ബഹു. ജോയി തുരുത്തേൽ അച്ചനും, ബോസ്പാറ യൂണിന്റെ പുതിയ ഡയറക്ടറായി ചുമതലയേറ്റെടുത്ത ബഹു. ജെയ്നേഷ് പുതുക്കാട്ടിൽ അച്ചനും അതാത് യൂണിറ്റിന്റെ ഭാരവാഹികൾ സ്വാഗതം ആശംസിക്കുകയും പൂക്കൾ നല്കി സ്വീകരിക്കുകയും ചെയ്തു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി NDS ന്റെ ആരംഭവും,വളർ ച്ചയും, നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളും അംഗ ങ്ങൾക്ക് പരിചയപ്പെടുത്തി. തുടർന്ന് യൂണിറ്റിന്റെയും, ഗ്രൂപ്പുകളു ടെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും, കുറവുകൾ പരിഹരി ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും അച്ചൻ അറിയിച്ചു.

**5. പരിസ്ഥിതി ദിനാചരണം**

അന്തരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് NDS ബോസ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളി പരിസരത്ത് വൃക്ഷതൈ നട്ടു. മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. നിഷ് വിൻ തേൻപള്ളിയിൽ, യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്നേഷ് പുതുക്കാട്ടിൽ, യൂണിറ്റ് ആനിമേറ്റർ സി. സ്മിത CMC, മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി എന്നിവരും യൂണിറ്റ് ഭാരവഹികളും, യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ജൂൺ മാസം 09 തീയതി കളിലായി നടത്തി. പെരുമ്പള്ളി, കുന്നലാടി, ബെക്കി, പാട്ടവയൽ, കയ്യൂന്നി, പ്രദേശങ്ങളിൽ പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. 2 ക്യാൻസർ രോഗികൾക്ക് ഡ്രസിംങ്ങ് ചെയ്തു. 5 കിടപ്പു രോഗി കൾക്ക് Catheterization ചെയ്തു. കുന്നലാടി, പെരുമ്പള്ളി കോളനി കളിൽ മഴക്കാല രോഗങ്ങളെകുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ നല്കി. 15 രോഗികൾക്ക് മരുന്നുകൾ നല്കി. 4 രോഗികൾക്ക് സ്ഥിരമായി BP യുടെ മരുന്ന് പാലിയേറ്റീവിന്റെ നേതൃത്വത്തിൽ നല്കി വരുന്നു. കുന്നലാടിയിൽ ഒരു കുട്ടിക്ക് പഠനോപകരണങ്ങൾ വാങ്ങിച്ച് നല്കി. പെരുമ്പള്ളി കോളനിയിൽ വസ്ത്രവും ഭക്ഷണവും നല്കി.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കടുക്കാ സിറ്റി, മണിമൂളി, കൽപ്ര, കയ്യൂന്നി, കുന്നലാടി, കോഴിക്കോട് എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗി കൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**5. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിംങ്ങുകൾ 05.06.2026 ബുധനാഴ്ച്ച നടത്തി. മീറ്റിംഗിലേക്ക് NDS എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. നിഷ്വിൻ, യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്നേഷ്, മേഖലാ കോഡിനേറ്റർ ജോഷി എന്നിവരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഗ്രൂപ്പുകളുടെയും, യൂണിറ്റിന്റെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണി യന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. നിലവിൽ യൂണിറ്റിന്റെയും, ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി. എല്ലാ അംഗങ്ങളുടെയും സജീവമായ പങ്കാളിത്തം യൂണിറ്റിലും, ഗ്രൂപ്പുകളിലും ഉണ്ടാകണമെന്നും, പുതിയ ഗ്രൂപ്പുകൾ ആരംഭിക്കണമെന്നും, ക്രഡിറ്റ് യൂണിയനിൽ എല്ലാ അംഗങ്ങളും പങ്കാളികളാകണമെന്നും ഡയറക്ടറച്ചൻ നിർദ്ദേശം നല്കി. ആടു ലോൺ, JLG ലോണുകൾ, ചിട്ടി എന്നിവയെകുറിച്ച് യൂണിറ്റിൽ ചർച്ച നടത്തുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ജൂൺ 5 അന്തരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈ നട്ടു. മഴക്കാല മുന്നോടിയായി വീടും പരി സരവും വൃത്തിയാക്കി, വ്യക്തി ശുചിത്വം പാലിക്കണമെന്നും ഗ്രൂപ്പുകളിൽ നിർദ്ദേശം നല്കി.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിം ഗിൽ യൂണിറ്റിന്റെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. സ്ഥലം മാറിപോകുന്ന ബഹു. റെജി അച്ചന് യാത്രയയപ്പ് നല്കി. വൃദ്ധസദനം സന്ദർശിച്ച് അവിടുത്തെ അന്തേവാ സികൾക്ക് ആവശ്യമായ വസ്തുക്കൾ നല്കി. ആദിവാസി കോളനി യിൽ സന്ദർശനം നടത്തി ആവശ്യമായി സാധനങ്ങൾ വിതരണം

ചെയ്തു. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് അംഗങ്ങൾ ഫലവൃക്ഷതൈകൾ നട്ടു.

**കൽപ്ര**

മേഖലാ ഇവാലുവേഷൻ മീറ്റിംഗിൽ 3 പേർ പങ്കെടുത്തു. ബിനോയി അച്ചൻ യാത്രയപ്പ് സമ്മേളത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 30.05.2026 ന് ഗ്രൂപ്പുകളുടെ വിലയിരുത്തൽ മീറ്റിംഗ് നടത്തി. പ്രസ്തുത മീറ്റിംഗിൽ ഒരു വർഷം മുമ്പ് നമ്മോട് വിടപറഞ്ഞ അനൂപ് കൊല്ലംകുന്നേൽ അച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു. ഗ്രൂപ്പിലെ അമ്മമാർക്ക് മാതൃദിനാശംസകൾ അറിയിച്ചു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽരോഗീ സന്ദർശനങ്ങൾ നടത്തുകയും രോഗി സഹായമായി 8000 രൂപ നല്കുകയും ചെയ്തു. ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി എല്ലാ അംഗങ്ങളും വീടും പരിസരവും വൃത്തിയാക്കി.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും സംയുക്തമായി പുതിയ ഡയറക്ടറായ ബഹു. ജോയി തുരുത്തേലച്ചന്റെ അദ്ധ്യക്ഷതയിൽ മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ അച്ചന്റെയും മേഖലാ കോഡിനേറ്റർ ജോഷിയുടെയും സാന്നിധ്യത്തിൽ 03.06.2026 ന് നടത്തപ്പെട്ടു. യൂണിറ്റ് കോഡിനേറ്റർ ഏവർക്കും സ്വാഗതം ആശംസിച്ചു. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു.

**ഫാ. നിഷ്വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




## രൂപത പ്രവർത്തക സമിതിയുടെയും റിസോഴ്സ് ടീമിന്റെയും സംയുക്ത യോഗം

14/6/2026 ഞായറാഴ്ച ദ്വാരക പാസ്റ്ററൻ സെന്ററിൽ ചേർന്ന് രൂപത പ്രവർത്തകസമിതി അംഗങ്ങളുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും യോഗ നടപടികളും തീരുമാനങ്ങളും.

ശ്രീമതി മോളി ടീച്ചർ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് കെ. പി. സാജു കൊല്ലപ്പള്ളി സന്ദേശം നൽകി. ഗ്ലോബൽ വുമൺസ് കൗൺസിൽ കോഡിനേറ്റർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ വുമൺസ് കൗൺസിലിനെപ്പറ്റി സംസാരിച്ചു. തുടർന്ന് ഫൊറോന പ്രസിഡന്റുമാർ ഫൊറോന പ്രവർത്തനങ്ങൾ വിശദീകരിച്ചു. ചുങ്കക്കുന്ന് പ്രസിഡന്റ് ശ്രീ. മാത്യു കൊച്ചുതറയിൽ, മാനന്തവാടി ഫൊറോനാ പ്രസിഡന്റ് ശ്രീ. റോബി താണിക്കുന്നേൽ, കല്ലോടി പ്രസിഡന്റ് ശ്രീ. സേവിയർ കൊച്ചുകുളത്തിങ്കൽ, കൽപ്പറ്റ ഫൊറോന സെക്രട്ടറി ജോൺസൺ കുറ്റിക്കാട്ടിൽ, മുള്ളൻകൊല്ലി ഫെറോനാ പ്രസിഡന്റ് സുനിൽ പാലമറ്റം, ബത്തേരി ഫൊറോന സെക്രട്ടറി ചാൾസ് വടാശ്ശേരിൽ, ദ്വാരക റെനിൽ കഴുതാടിയിൽ എന്നിവർ സംസാരിച്ചു.

**തുടർന്ന് നടന്ന ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ**

1. ഫൊറോന കമ്മിറ്റികൾ ശക്തമാക്കുക. യോഗങ്ങൾ ചേരുകയും യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ സജീവമാക്കുകയും ചെയ്യുക. ഫൊറോനാ രൂപതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ഫൊറോനക്കും രണ്ട് വിതം രൂപത ഭാരവാഹികൾക്ക് ചാർജ് നൽകി.

| | | |
|---|---|---|
| ചുങ്കക്കുന്ന് | : | അഡ്വ. ഗ്ലാഡിസ് ചെറിയാൻ |
| മാനന്തവാടി | : | റെനിൽ കഴുതാടിയിൽ |
| പയ്യമ്പള്ളി | : | ഡോക്ടർ കെ. പി. സാജു |
| കല്ലോടി | : | ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, റെജിമോൻ പുന്നോലിൽ |
| ദ്വാരക | : | സജി ഇരട്ടമുണ്ടക്കൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ |

തരിയോട് : സജി ഫിലിപ്പ്, ഡിന്റോ ജോസ്
നടവയൽ : തോമസ് പട്ടമന
കൽപ്പറ്റ : സാജു പുലിക്കോട്ടിൽ, മോളി മമ്മൂട്ടിൽ
മുള്ളൻകൊല്ലി : ജോൺസൺ തൊഴുത്തുങ്കൽ
ബത്തേരി : ജോൺസൺ കുറ്റിക്കാട്ടിൽ

മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ: ജോൺസൺ തൊഴുത്തുങ്കൽ തോമസ് പടമന, തോമസ് പാഴൂക്കാല, സാജു പുലിക്കോട്ടിൽ സജി ഇരട്ടമുണ്ടയ്ക്കൽ.

2. ജൂലൈ 12 ന് എല്ലാ ഫൊറോനങ്ങളിലും സമ്പൂർണ്ണ കമ്മിറ്റി വിളിച്ചു ചേർക്കുക
3. വനം വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് വനം മന്ത്രിക്ക് നിവേദനം നൽകുക
4. ജൂൺ 22 ന് തിങ്കളാഴ്ച മാനന്തവാടിയിൽ വന്യജീവി ആക്രമണം പ്രസ്താവനകളല്ലാം സംരക്ഷണമാണ് വേണ്ടത് എന്ന മുദ്രാവാക്യവുമായി സമരപരിപാടി സംഘടിപ്പിക്കുക. സമര സംഘാടകസമിതി കൺവീനറായി റെനിൽ കഴുതാടിയേയും ജോയിൻ കൺവീനർമാരായി സെബാസ്റ്റ്യൻ വി. യു, സേവ്യർ കൊച്ചുകുടിയിൽ എന്നിവരെയും തിരഞ്ഞെടുത്തു.
5. സമുദായ ശക്തികരണ വർഷത്തിന്റെ ഭാഗമായി 2026 നവംബർ മൂന്നാം ഞായർ ക്രിസ്തുരാജന്റെ തിരുനാൾ ദിനം സമുദായ മഹാസംഗമം നടത്തുക (രൂപതാ സമുദായ ശക്തീകരണ വർഷാചരണ കമ്മറ്റിയുമായും രൂപതാ നേതൃത്വവുമായി ആലോചിച്ച് തീരുമാനിക്കുക)
6. രൂപതാ തലത്തിൽ വിവിധ സംഘടനകളുടെ നേതൃസംഗമം നടത്തുക.
7. മലബാർ വികസന രേഖ തയ്യാറാക്കാൻ സബ് കമ്മിറ്റി രൂപീകരിച്ചു. കൺവീനർ: സജി ഫിലിപ്പ്. അംഗങ്ങൾ: ജസ്റ്റിൻ ചെഞ്ചട്ടേൽ, അനീഷ് ഓമക്കര, ഡിന്റോ ജോസ്. സമഗ്ര റിപ്പോർട്ട് അടുത്ത യോഗത്തിൽ അവതരിപ്പിച്ച് ഗവൺമെന്റിന് സമർപ്പിക്കുക.
8. കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റിയെ നിയോഗിച്ചു. കൺവീനർ: സാജു പുലികോട്ടിൽ, അംഗങ്ങൾ തോമസ് പടമന, അജി അമ്പലവയൽ, ചാൾസ് വടാശ്ശേരി.
9. വന്യജീവി ആക്രമവുമായി പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സജി ഫിലിപ്പിനെ ചുമതലപ്പെടുത്തി.
10. ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർ

പ്പിക്കാൻ ശ്രീമതി മോളി മാമൂട്ടിൽ, ബീന കരിമാംകുന്നേൽ എന്നിവരെ ചുമതലപ്പെടുത്തി.

11. വനിതാ ഫോറം യോഗം ജൂൺ 21 ന് ദ്വാരകിൽ ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.
12. ഞാറ്റടി കർഷക കമ്പനിയെപറ്റി ചർച്ച ചെയ്തു. ഫാർമർ സൈന്റിസ്റ്റ് അമ്പലവയൽ യൂണിറ്റ് സെക്രട്ടറിയുമായ ശ്രീ. അജിയുടെ നേതൃത്വത്തിലുള്ള കമ്പനിയെ പ്രോത്സാഹിപ്പിക്കാനും താല്പര്യമുള്ള വ്യക്തികൾ കമ്പനിയിൽ പങ്കാളികളാകുവാനും നിർദ്ദേശിച്ചു.

തുടർന്ന് പൊതുചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവന്നു.

സീറോ മലബാർ സിറിയൻകാത്തലിക് എന്ന പേര് സർട്ടിഫിക്കറ്റുകളിൽ ചേർക്കുന്നതിന് ഗവൺമെന്റ് ഓർഡറുകൾ ഉണ്ടാകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക, 2027 ദുഃഖശനി പ്രവർത്തിദിനം ആക്കാനുള്ള തീരുമാനത്തിനെതിരെ നിവേദനം സമർപ്പിക്കുക, ഇന്ധന വില വർദ്ധനവ്, കർഷകർക്ക് ഇന്ധനം ലഭിക്കാനുള്ള തടസ്സം എന്നിവ സംബന്ധിച്ച് നിവേദനങ്ങൾ സമർപ്പിക്കുക, തൊരുവനായ ശല്യത്തിന് പരിഹാരം കാണുക.

ശ്രീ. സജി ഫിലിപ്പ് എല്ലാവർക്കും നന്ദി അർപ്പിച്ചു. 5. 30 യോഗം അവസാനിച്ചു.

**പ്രതിഷേധ സദസ്സും പന്തം കൊളുത്തി പ്രകടനവും:** കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ജൂൺ 22 ന് വൈകിട്ട് 4:30 മുതൽ മാനന്തവാടി ഗാന്ധി പാർക്കിൽ വന്യമൃഗശല്യത്തിനെതിരെ പ്രസ്താവനയല്ല സംരക്ഷണം ആണ് ആവശ്യം എന്ന മുദ്രാവാക്യവുമായി പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുന്നു. തുടർന്ന് മാനന്തവാടി ടൗണിലൂടെ പ്രതിഷേധ പന്തംകൊളുത്തി ജാഥയും നടത്തും.

**വുമൺസ് കൗൺസിൽ:** കത്തോലിക്ക കോൺഗ്രസ് വുമൺസ് കൗൺസിലിന്റെ യോഗം 21/6/226 ഞായർ 2 മണി മുതൽ പാസ്റ്ററൽ സെന്ററിൽ ചേരുന്നു. വനിതാ വിഭാഗം പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും പുതിയ വനിതാ നേതൃത്വത്തെ തെരഞ്ഞെടുക്കുന്നതിനും ആണ് യോഗം. വുമൺസ് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ നേതൃത്വം നൽകും.

**ഗ്ലോബൽ സമ്മേളനം:** കത്തോലിക്ക കോൺഗ്രസ് 2026 ഗ്ലോബൽ സമ്മേളനം ഇറ്റലിയിലെ റോമിൽ വെച്ച് 2026 ഒക്ടോബർ 19 മുതൽ 23 വരെ നടക്കുന്നു. 53 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കും. പരിശുദ്ധ പിതാവ് ഒരു ദിവസം സമ്മേളനത്തിൽ പങ്കാളിയാകും

വിവിധ രാജ്യങ്ങളിലെ ബിഷപ്പുമാർ, സംഘടന നേതാക്കൾ, പ്രത്യേക ക്ഷണിതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

**നാഷണൽ കൺവെൻഷൻ:** കത്തോലിക്ക കോൺഗ്രസ് ദേശീയ കൺവെൻഷൻ മഹാരാഷ്ട്രയിലെ കല്യാൺ രൂപതയിൽ വെച്ച് നടക്കും. 2026 ഓഗസ്റ്റ് 1 ,2 തീയതികളിൽ ആണ് സമ്മേളനം. ഭാരതത്തിലെ വിവിധ സീറോ മലബാർ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. മാനന്തവാടി രൂപത യിൽ നിന്ന് 7 പേരാണ് യോഗത്തിൽ പങ്കെടുക്കുന്നത്. ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, പ്രസിഡന്റ് ജോൺസൺ തൊഴു ത്തുങ്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ട്രഷറർ സജി ഫിലിപ്പ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് കെ. പി. സാജു കൊല്ലപ്പള്ളി, ഗ്ലോബൽ വനിതാ ഫോറം കോർഡിനേറ്റർ അഡ്വ. ഗ്ലാഡീസ് ചെറിയാൻ എന്നിവർ പങ്കെടുക്കും.

**ബത്തേരി ഫൊറോന:** കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫൊറോന സമിതിയുടെ യോഗം വടക്കനാട് സെന്റ് സെബാസ്റ്റ്യൻ ദേവാലയ ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോന പ്രസിഡന്റ് ഡേവിഡ് മങ്കുഴ അധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസ് ചുണ്ടാട്ട് സ്വാഗതം ആശംസിച്ചു. ഇടവക വികാരി ജോസ് മോള പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോ സഫ് മേച്ചേരിൽ ആമുഖപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൻ തൊഴുത്തുങ്കൽ സംഘടനാ പ്രവർത്തനങ്ങൾ അവ ലോകനം ചെയ്തു സംസാരിച്ചു. സാജു പുലിക്കോട്ടിൽ, തോമസ് പട്ടമന, മോളി മാമൂട്ടിൽ, ചെറിയൻ ആലുങ്കൽ, ജോയ് പുളിക്കൽ, ഫിലോമിന എന്നിവർ പ്രസംഗിച്ചു.

**തീരുമാനങ്ങൾ**

1. 2026 ജൂൺ 28-ാം തീയതി തോമാട്ടുചാൽ സെന്റ് തോമസ് പള്ളിയിൽ വച്ച് ബത്തേരി ഫൊറോനാ സംഘടന നേതൃസം ഗമം നടത്തുക. എല്ലാ സംഘടനകളുടെയും മൂന്നു ഭാരവാഹികൾ വീതവും സൺഡെ സ്കൂൾ പ്രധാനാധ്യാപകരും സംഗമത്തിൽ പങ്കെടുക്കുക
2. എല്ലാ ഇടവകകളിൽ നിന്നും 10 വീതം ആളുകളെ സംഘടി പ്പിച്ചുകൊണ്ട് റെസ്ക്യൂ ടീമിന് രൂപം കൊടുക്കുക.
3. ബത്തേരി ഫോറോനയിലെ എല്ലാ ഇടവകകളിലും സമുദായ ശക്തികരണവർഷ സെമിനാർ സംഘടിപ്പിക്കുക. തുടർന്ന് ജൂൺ മാസത്തിലെ ബത്തേരി ഫൊറോന വൈദികസമ്മേള നത്തിൽ തീരുമാനങ്ങൾ അംഗീകരിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കണം എന്നുള്ള നിർദ്ദേശം കൈക്കൊള്ളുകയും ചെയ്തു.

**തോമാട്ടുചാൽ ഇടവക:** കത്തോലിക്ക കോൺഗ്രസ് തോമാട്ടു ചാൽ ഇടവകയുടെ നേതൃത്വത്തിൽ കിടപ്പു രോഗിയായ ഒരു വ്യക്തിക്ക് 2500 രൂപ വൈദ്യ സഹായത്തിനായി നൽകി. 2025-26 വർഷം പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും വേദപാഠത്തിലും പൊതു വിദ്യാലയത്തിലും വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും മെമന്റോ നൽകി ആദരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ പുതുശ്ശേരി മെമന്റോ വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് തോമസ് ചേലക്കൽ, സെക്രട്ടറി ജിൽസൺ പുളിമൂട്ടിൽ, രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, സജീഷ് കുഴികണ്ടം എന്നിവർ നേതൃത്വം നൽകി.

**ഇരുളം യൂണിറ്റ്:** കത്തോലിക്കാ കോൺഗ്രസ് ഇരുളം യൂണിറ്റിന്റെ സെമിനാറും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. ഇടവക വികാരി ഫാ. റോയി വട്ടക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ ക്ലാസിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**വാഴവറ്റ ഇടവക:** കത്തോലിക്ക കോൺഗ്രസ് വാഴവറ്റ ഇടവക യൂണിറ്റിന് ആരംഭം കുറിച്ചു. അഞ്ചു പേരടങ്ങുന്ന അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു. ജൂൺ മാസത്തിലെ വാർഡ് പ്രാർത്ഥനകളിൽ വെച്ച് പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ജൂൺ 21 ന് ഞായറാഴ്ച യൂണിറ്റ് കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. ഇടവക വികാരി കുര്യാക്കോസ് കുന്നത്ത് പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സന്നിഹിതനായിരുന്നു.

**അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് രൂപതാ വൈസ് പ്രസിഡന്റായ അഡ്വ. ഗ്ലാഡീസ് ചെറിയാൻ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വനിതാ ഫോറം കോഡിനേറ്ററായി നിയമിതയായി.

**അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി ഫൊറോന പ്രസിഡന്റ് റോബി താണിക്കുന്നേൽ സാർ മണിമൂളി ക്രൈസ്റ്റ് ദ കിംഗ് ഹൈസ്ക്കൂൾ പ്രധാനാധ്യാപകനായി പ്രോമോഷൻ ലഭിച്ചു. സാറിന് അഭിനന്ദനങ്ങൾ നേരുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി**

കർഷകരുടെ അംഗത്വം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസികൾ നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ നടത്തിവരുന്നു. ജൂലൈ മാസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കുന്ന കർഷകർക്ക് മാത്രമേ നിലവിൽ പദ്ധതിയിൽ തുടരുവാൻ സാധിക്കുകയുള്ളു.

**കർഷക ഗ്രൂപ്പുകളിലെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വൊഫ) യിൽ ഉൾപ്പെടുന്ന വില്ലേജ് ഫാം ക്ലബ്ബ്കളിൽ (VFC) 2026-2029 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും RFC തലത്തിലെ തെരഞ്ഞെടുപ്പുകൾ ആരംഭിക്കുകയും ചെയ്തു. ജൂൺ മാസം മുപ്പതിന് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പൊതുയോഗം നടക്കുന്നതായിരിക്കും.

**കർഷക സെമിനാറുകൾ നടന്നു**

വയനാട് ജില്ലയിലെ ഇടവക, പനമരം, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, കോട്ടത്തറ, മുള്ളൻകൊല്ലി, പടിഞ്ഞാറത്തറ, പൂതാടി, പുൽപ്പള്ളി, അമ്പലവയൽ, മീനങ്ങാടി, മൂപ്പൈനാട്, നെന്മേനി, നൂൽപ്പുഴ, കണിയാമ്പറ്റ, മേപ്പാടി, മുട്ടിൽ, പൊഴുതന, തരിയോട്, വെങ്ങപ്പള്ളി, കണിയാമ്പറ്റ, വെള്ളമുണ്ട എന്നിവിടങ്ങളിലും തമിഴ്നാട് നീലഗിരി ജില്ലയിലെ നെല്ലിയാളം, ചേരങ്കോട്, നെല്ലാക്കോട്ട, ഓവാലി, ശ്രീമധുരാ, ദേവർഷോല എന്നിവിടങ്ങളിലുമായി കർഷകസെമിനാറുകൾ നടന്നു. ഫീൽഡ്കോർഡിനേറ്റർമാർ സംഘടിപ്പിച്ച യോഗങ്ങളിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. രജീഷ് കറുത്തേടത്ത്, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫെയർട്രേഡ് ഓർഗാനിക് മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ നടന്നത്.

**NPOP ഓർഗാനിക് ഓഡിറ്റുകൾ നടന്നു**

മുള്ളൻകൊല്ലി, അമ്പലവയൽ പഞ്ചായത്തുകളിലായി ജൈവസർട്ടിഫിക്കേഷൻ ഓഡിറ്റ്നടന്നു. APSOPCA സർട്ടിഫി

ക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. സുഹൈൽ ഷെയ്ക്ക് ഓഡിറ്റി നേതൃത്വം നൽകുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സിഗ്‌വി സസ്‌റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എൻ്റർപ്രണേഴ്സ്**

പുതുതായി വിപണിയിലേക്ക് എത്തിക്കുന്നതിനായി പ്രഭാത ഭക്ഷണപൊടികളുടെ ട്രയൽറൺ നടന്നുകൊണ്ടിരിക്കുന്നു. പുട്ടുപൊടി, അരിപ്പൊടി, പത്തിരിപ്പൊടി, ഇടിയപ്പംപൊടി, ചെമ്പാപുട്ടുപൊടി, ഗോതമ്പു പുട്ടുപൊടി, റാഗി പുട്ടുപൊടി, റൊസ്റ്റഡ്റവ, ഈസി പാലപ്പം പൊടി, ഇഡലി ദോശ പൊടി, റാഗിപൊടി എന്നിവയാണ് വിപണിയെ ലക്ഷ്യമാക്കി അണിയറയിലൊരുങ്ങുന്നത്. നാടൻ കണ്ണിമാങ്ങ അച്ചാർ, ഡ്രൈകേക്കുകൾ എന്നിവയും ഉടൻ വിപണിയിലെത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ കറിമസാലകളും, കാപ്പി, ചായപൊടികളുമാണ് സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്‌ലെറ്റിൽ ഇവലഭ്യമാണ്.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിനുതുടക്കമിട്ടിരിക്കുന്നത്. എഴുപത്തിഅഞ്ചിലധികം കേന്ദ്രങ്ങളിൽ നിലവിൽ സിഗ്‌വി ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**സംഭരണം**

മെയ്മാസം പനമരം, തവിഞ്ഞാൽ, അമ്പലവയൽ, പാട്ടവയൽ, കൽപ്പറ്റ, മുട്ടിൽ, മേപ്പാടി, പടിഞ്ഞാറത്തറ, വെള്ളമുണ്ട, പൂതാടി, പാഴൂർ, ബത്തേരി, ഇടവക, മാനന്തവാടി, തിരുനെല്ലി എന്നിവിടങ്ങളിൽ നിന്നുമായി കാപ്പി സംഭരിച്ചു.

**സംസ്കരണം, വിപണനം**

കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് മികച്ച വിപണി കണ്ടെത്താൻ സാധിച്ചു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി കുടുംബസംഗമവും വാർഷികവും സംഘടിപ്പിച്ചു

റേഡിയോ മാറ്റൊലിയുടെ 17-ാം വാർഷികം മെയ് 30 ന് മാനന്തവാടി എം. എൽ എ. ഉഷ വിജയൻ ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം രാവിലെ റേഡിയോ മാറ്റൊലിയിൽ നടന്ന കുടുംബ സംഗമത്തിൽ മാനന്തവാടി രൂപതാ അധ്യക്ഷനും റേഡിയോ മാറ്റൊലി രക്ഷാധികാരിയുമായ ബിഷപ് മാർ ജോസ് പൊരുന്നേടം അധ്യക്ഷനായി. ശ്രോതാക്കൾ റേഡിയോ അനുഭവങ്ങൾ പങ്കു വെച്ചു. ഉച്ചക്ക് ശേഷം നടന്ന വാർഷികാഘോഷ ചടങ്ങിന് റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. പോൾ മുണ്ടോളിക്കൽ അധ്യക്ഷത വഹിച്ചു. പ്രസ്തുത ചടങ്ങിൽ എം എൽ എ ഉഷ വിജയനെ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. ജോഫ്രി കളരിക്കൽ പൊന്നാടയണിയിച്ച് അനുമോദിച്ചു. ആയുർവേദ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വൈദ്യപഥം എന്ന പുതിയ പ്രോഗ്രാമിന്റെ ഉദ്ഘാടനം മാനന്തവാടി രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറക്കൽ നിർവഹിച്ചു. മാറ്റൊലി സ്കൂൾ ക്ലബ് ഉദ്ഘാടനം ജിൽസൺ തൂപ്പുങ്കര നിർവഹിച്ചു. റേഡിയോ ക്ലബ് ആദ്യമായി ആരംഭിക്കുന്ന പടിഞ്ഞാറത്തറ എ. യു. പി.സ്കൂളിനുള്ള റേഡിയോ സെറ്റ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മനോജ് നെട്ടറ നൽകി. റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന അഖില കേരള റേഡിയോ നാടക മത്സരത്തിന്റെ പോസ്റ്റർ പ്രകാശനം റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം നിർവഹിച്ചു. ലിസണർ ഓഫ് ദി ഇയർ അവാർഡ് പ്രഖ്യാപനം മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് നിർവഹിച്ചു. അവാർഡിന് അർഹയായ മീര പ്രകാശിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ പുരസ്കാരം സമ്മാനിച്ചു. പ്ലസ്ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ വോളണ്ടിയർ അവന്തിക സുരേഷ്, സി. എം. കിഡ്സ് ജേതാവ് തൻവി പി. രാജേഷ് എന്നിവർക്കുള്ള മെമന്റോയും വിതരണം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗിരിജ സുധാകരൻ, വാർഡ് മെമ്പർ സെറീന ടീച്ചർ, ഡോ. ലിഷിത സുജിത് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫാ. ബിജോ കറുകപ്പള്ളി സ്വാഗതവും

എടവക കൃഷി ഓഫീസറും മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗവും ആയ സുനിൽ കെ. ജി. നന്ദിയും അർപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

മെയ് 31 ന് റേഡിയോ മാറ്റൊലി സംഘടിപ്പിച്ച തത്സമയ ഫോൺ ഇൻ പരിപാടിയിൽ റേഡിയോ മാറ്റൊലി മുൻ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. ശ്രോതാക്കളുമായി സംവദിച്ചു.

**ജില്ലാ പ്രവേശനോത്സവം**

പെരിക്കല്ലൂർ ഗവ. ഹയർസെക്കറി സ്കൂളിൽ നടന്ന ജില്ലാതല പ്രവേശനോത്സവം റിപ്പോർട്ട് ചെയ്യുകയും പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**വായനാപക്ഷാചരണം**

ജൂൺ 19 മുതൽ ആരംഭിക്കുന്ന വായനാപക്ഷാചരണത്തിന്റെ ഭാഗമായി ജൂൺ 10 ന് ദ്വാരക ഗുരുകുലം കോളേജിൽ വെച്ച് നടന്ന സ്വാഗതസംഘം രൂപീകരണ യോഗത്തിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് റെനീഷ് ജോർജ്, കെ. കെ. ചന്ദ്രശേഖരൻ എന്നിവർ പങ്കെടുത്തു.

**അക്ഷരങ്ങളിലെന്റെ നാട്**

ജില്ലാ ലൈബ്രറികൗൺസിലിന്റെ സഹകരണത്തോടെ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന വായനാപക്ഷാചരണ പരിപാടിയായ അക്ഷരങ്ങളിലെന്റെ നാട് എന്ന പരിപാടി ആരംഭിച്ചു. പുസ്തകങ്ങളേയും എഴുത്തുകാരേയും പരിചയപ്പെടുത്തുന്ന ഈ പരിപാടിയുടെ ഏഴാമത് എഡിഷനാണ് ഈ വർഷം ചെയ്യുന്നത്.

**ഇന്റേൺഷിപ്പ്**

വിവിധ കോളേജുകളിൽ നിന്നുമുള്ള ബി.എ ഇംഗ്ലീഷ്, ജേർണലിസം ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് പൂർത്തിയാക്കി. ലിസ്സ കോളേജ് കൈതപൊയിൽ, ഇ. എം. എസ്. കോളേജ് മമ്പാട് (2-ാം ബാച്ച്), പ്രൊവിഡൻസ് കോളേജ് കോഴിക്കോട്, മജ്‌ലിസ് ആർട്സ് ആന്റ് സയൻസ് കോളേജ് വളാഞ്ചേരി, കോ ഓപ്പറേറ്റീവ് കോളേജ് വടകര, പഴശ്ശിരാജാ കോളേജ് പുൽപ്പള്ളി എന്നീ കോളേജുകളിൽ നിന്നായി 20 വിദ്യാർത്ഥികളാണ് ഇന്റേൺഷിപ്പ് പൂർത്തിയാക്കിയത്.

പുൽപ്പള്ളി പഴശ്ശിരാജാ കോളേജിലെ ജേർണലിസം വിദ്യാർത്ഥികൾ 2-ാം ബാച്ച് ഇന്റേൺഷിപ്പ് ആരംഭിച്ചു.

മൈസൂർ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ഗവേഷണ വിദ്യാർത്ഥി മഞ്ജുനാഥ് കെ എസ് റിസർച്ചിന്റെ ഭാഗമായി മെയ് 21 ന് മാറ്റൊലി സന്ദർശിച്ചു.

**ഫാ. ടോണി ഏലംകുന്നേൽ**
അസി. ഡയറക്ടർ റേഡിയോ മാറ്റൊലി

## Mary Matha Arts & Science College

Mary Matha Arts and Science College, Mananthavady, commenced the academic year 2026–27 with a series of academic, co-curricular, environmental, and student development initiatives.

**IGNITE-26: Inauguration and Orientation Programme**

The college organized IGNITE-26, an orientation programme on Academic Autonomy for faculty members and administrative staff on 30 May 2026.

The academic year 2026–27 was formally inaugurated by Rev. Fr. Paul Mundolickal, Manager, who also welcomed the newly appointed guest faculty members to the institution.

**College Reopening**

Following the summer vacation, the college reopened on 1 June 2026, marking the commencement of regular academic activities for the academic year 2026–27.

**Guest Faculty Recruitment**

Interviews for the appointment of guest faculty members were conducted on 19, 20, 21, and 23 May 2026. The recruitment process was carried out to strengthen the teaching faculty and ensure effective academic delivery during the academic year.

**World Environment Day Observance**

In connection with World Environment Day, various departments and student organizations organized awareness programmes and environmental conservation activities across the campus.

- The NCC Army Wing, in association with the Kerala Forest and Wildlife Department, Wayanad Division, organized “Eco-Action: Sapling Planting and Seed Dispersal” to promote ecological conservation and biodiversity.
- The NCC Army Wing also conducted “Beat Plastic, Go Green”, a Plastic-Free Campus Initiative aimed at reducing plastic usage and encouraging sustainable practices.
- The NCC Naval Wing organized an Environment Day Quiz Competition and a Campus Cleaning Drive to foster environmental awareness among students.

- The Department of Social Science Economics, in association with the Departments of Political Science and History, organized a photography competition titled "Little Creatures, Big Role", highlighting the ecological significance of small organisms.
- The Department of Mathematics conducted a "Green Campus and Sustainable Lifestyle Awareness Survey" to assess and promote environmentally responsible practices among students.
- The Department of Computer Science, in collaboration with the IT Club, organized a Plant Identification Campaign to improve awareness of local plant diversity.
- The Department of Functional English conducted a Campus Cleaning Activity, encouraging students to actively participate in maintaining a clean and healthy environment.
- The National Service Scheme (NSS) unit organized a Sapling Planting Programme and administered the Environment Day Pledge to students and staff.

**World Blood Donor Day**

To commemorate World Blood Donor Day, the NCC Army Wing organized a Blood Donation Drive. The programme encouraged voluntary blood donation and created awareness regarding the importance of donating blood to save lives.

**Student Innovation Workshop**

The PG and Research Department of Computer Science organized a student innovation workshop titled "Beyond Gravity – The Future of Motion" on 12 June 2026.

**Expert Talk on Artificial Intelligence**

The Department of Commerce organized an expert talk on "Introduction to Artificial Intelligence".

**Student Achievement**

The college proudly congratulates Roy Mathew, Second Year B.Com student, on his selection to the Agniveer Scheme, a significant achievement that reflects his dedication, perseverance, and commitment to national service.

**Prof. Dr. Thomas Monoth**
Principal

**ജർമ്മൻ പ്രോഗ്രാം**

കഴിഞ്ഞ രണ്ട് ആഴ്ച്ചകളിൽ വന്ന റിസൾട്ടുകളിൽ 11 നഴ്സുമാരും, 13 മറ്റു വിദ്യാർത്ഥികളും ഉൾപ്പെടെ 24 കുട്ടികൾ B2 ഫുൾ മൊഡ്യൂൾ പാസായി. ജൂൺ 1-ന് ന്യൂമാൻസ് ക്യാമ്പസിൽ പുതിയ ബാച്ചുകളുടെ ക്ലാസ്സുകൾ ആരംഭിച്ചു. ജൂൺ 28 ന് കുഞ്ഞോം ക്യാമ്പസിൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ്. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക: ഫാ. റിൻസൺ നെല്ലിമലയിൽ, 6238862380, 6235372134

**ഫെഡാർ കണക്ട്**

കർണാടകയിൽ നഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഫെഡാർ ഫൗണ്ടേഷൻ നടത്തുന്ന പേഴ്സണൽ മെന്ററിംഗ് സംവിധാനത്തിൽ പഠിക്കുവാൻ അവസരം ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക 6238862380.

**റെസിഡൻഷ്യൽ സ്കൂൾ**

പ്ലസ് ടു കുട്ടികളുടെ പാരന്റ്സ് മീറ്റിംഗ് ജൂൺ 20- ന് ശനിയാഴ്ച ജയമാതാ ആശ്രമത്തിൽ വച്ച് രാവിലെ 10.30 മുതൽ 1.00 മണി വരെ നടത്തപ്പെട്ടു.

2026-27 വർഷത്തെ പ്ലസ് വൺ ബാച്ച് ജൂൺ 21- ന് കാട്ടിക്കുളത്ത് ആരംഭിച്ചു. ഈ വർഷം 32 കുട്ടികളാണ് അഡ്മിഷൻ എടുത്തിരിക്കുന്നത്. ജൂൺ 22 മുതൽ 24 വരെ പുതിയ ബാച്ചിന്റെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു.

**TECLESIA**

രൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നുള്ള, ഐടി ഇൻചാർജ് ചുമതലയുള്ള മതബോധന അധ്യാപകർക്കായി ജൂൺ 21 ഞായറാഴ്ച ജയമാത ആശ്രമത്തിൽ പ്രത്യേക പരിശീലനവും സംശയനിവാരണവും സംഘടിപ്പിച്ചു. TECLESIA പ്ലാറ്റ്ഫോമിലൂടെയുള്ള കുട്ടികളുടെ ഡാറ്റാ എൻട്രി, പരീക്ഷാ രജിസ്ട്രേഷൻ എന്നിവ സുഗമമായി നിർവ്വഹിക്കുന്നതിനെക്കുറിച്ചായിരുന്നു പരിശീലനം. രാവിലെ 9.30ന് വിശുദ്ധ ബലിയോടെയാണ് സെഷൻ

ആരംഭിച്ചത്. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ നടന്ന ഈ പരിശീലന പരിപാടിക്ക് രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. തോമസ് കച്ചറയിൽ നേതൃത്വം നൽകി. വിവിധ ഫൊറോനകളിൽ നിന്നായി 40 ഓളം അധ്യാപകർ ഈ ക്യാമ്പിൽ പങ്കെടുത്തു.

ഇടവകയിലെ ഡാറ്റ എൻട്രി, കാറ്റിക്കിസം ഡാറ്റാ അപ്ഡേഷൻ, CML, CYM തുടങ്ങിയ സംഘടനകളുടെ രജിസ്ട്രേഷൻസ് തുടങ്ങിയവ നടക്കുമ്പോൾ സോഫ്റ്റ്വെയർ സംബന്ധമായ സംശയങ്ങൾക്ക് ക്ലാരിഫിക്കേഷൻ നടത്തുവാൻ TECLESIA Customer Care Number (6282346262) ഉപയോഗിക്കാവുന്നതാണ്.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം., ഫെഡാർ ഫൗണ്ടേഷൻ

## NABH

NABH ഓഡിറ്റിന്റെ ഭാഗമായി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ഓപ്പണിംഗ് സെഷൻ സംഘടിപ്പിച്ചു. പ്രാർത്ഥന യോടെ ആരംഭിച്ച ചടങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. വിപിൻ കളപ്പുരയ്ക്കൽ സ്വാഗതം ആശംസിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവളക്കാട് അധ്യക്ഷത വഹിച്ചു. തുടർന്ന് ക്വാളിറ്റി എക്സിക്യൂട്ടീവ് മിസ്റ്റർ എളവരശൻ ആശുപത്രിയുടെ പ്രവർത്ത നങ്ങളെക്കുറിച്ചുള്ള പവർപോയിന്റ് അവതരണം നടത്തി. ഓഡിറ്റ് അസസർമാരുടെ നിർദേശങ്ങളും വിശദീകരണങ്ങളും ചടങ്ങിന്റെ ഭാഗമായി നടന്നു.

**നേഴ്സസ് ഡേ വാരാചരണത്തിന് തുടക്കം**

അന്തർദേശീയ നേഴ്സസ് ദിനത്തോടനുബന്ധിച്ച് നേഴ്സസ് ഡേ വാരാചരണത്തിന് സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റ ലിൽ തുടക്കം കുറിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവ ലക്കാടൻ പരിപാടി ഉദ്ഘാടനം ചെയ്തു. വിവിധ വിഭാഗങ്ങളിലെ അധികൃതർ, ഡോക്ടർമാർ, നഴ്സുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു. നേഴ്സിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് അവതരിപ്പിക്കുകയും തുടർന്ന് വിവിധ മത്സരങ്ങൾ സംഘ ടിപ്പിക്കുകയും ചെയ്തു.

**ഓർത്തോപീഡിക് വിഭാഗത്തിൽ പുതിയ ഡോക്ടർ ചാർജ്ജെടുത്തു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ ഓർത്തോ പീഡിക് വിഭാഗത്തിലേക്ക് ഡോ. ഡിജോ പി. ജോയ് (MBBS, MS) സേവനം ആരംഭിച്ചു. രോഗികൾക്ക് വിദഗ്ദ ചികിത്സ ലഭ്യമാക്കുന്ന തിന് അദ്ദേഹത്തിന്റെ സേവനം തിങ്കൾ മുതൽ ശനി വരെ ആശു പത്രിയിൽ ലഭ്യമാണ്.

**ഇന്റർനാഷണൽ നേഴ്സസ് ഡേ വിപുലമായി ആഘോഷിച്ചു**

ഇന്റർനാഷണൽ നേഴ്സസ് ഡേയുടെ ഭാഗമായി ആശുപത്രി

കോൺഫറൻസ് ഹാളിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. വിശിഷ്ടാതിഥിയായി അഡ്വ. സിന്ധു സെബാസ്റ്റ്യൻ പങ്കെടുത്തു. ആരോഗ്യ രംഗത്ത് നഴ്സുമാർ വഹിക്കുന്ന വിലമതിക്കാനാവാത്ത സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് വിവിധ സന്ദേശങ്ങളും ആശംസകളും പങ്കുവെച്ചു. പരിപാടി എല്ലാവരുടെയും സാന്നിധ്യത്താൽ ശ്രദ്ധേയമായി.

**ജനറൽ സർജറി വിഭാഗത്തിൽ പുതിയ ഡോക്ടർ സേവനം ആരംഭിച്ചു**

ജനറൽ സർജറി വിഭാഗത്തിൽ ഡോ. അഞ്ജന രമേശൻ (MBBS, MS, BNB) സേവനം ആരംഭിച്ചു. തിങ്കൾ മുതൽ ശനി വരെ രോഗികൾക്ക് ഡോക്ടറുടെ സേവനം ലഭ്യമാണ്.

**BLS പരിശീലന പരിപാടി സംഘടിപ്പിച്ചു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും ആർ.ടി.ഒ. മാനന്തവാടിയും സംയുക്തമായി ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലന പരിപാടി സംഘടിപ്പിച്ചു. ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന പരിശീലനത്തിൽ 40-ഓളം പേർ പങ്കെടുത്തു. അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനമാണ് നൽകിയത്.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

2025-26 അധ്യയനവർഷത്തിൽ എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അവരെ അതിനായി ഒരുക്കിയ അധ്യാപകർക്കും പിന്തുണയേകിയ രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

പ്രവേശനോത്സവം 2026 വിപുലമായി ആഘോഷിച്ചു. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു. CM KIDS SCHOLARSHIP വിജയികളെ ആദരിച്ചു. പരിസ്ഥിതി ദിനാചരണം നടത്തി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

പുതിയ സ്കൂൾ മാനേജരെ സ്വാഗതം ചെയ്തു. അധ്യയനവർഷാരംഭത്തിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കി. 2025-26 വർഷത്തെ LSS ജേതാക്കളെ പി.റ്റി.എ. ആദരിച്ചു. കുട്ടികളുടെ വായന, എഴുത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി *നൂറു വായന നൂറുള്ള വായന- ദിശ* ഉദ്ഘാടനം ചെയ്തു. വിവിധ പരിപാടികളോടെ പരിസ്ഥിതിദിനം ആഘോഷമാക്കി.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

പ്രവേശനോത്സവം ഗംഭീരമായി നടത്തപ്പെട്ടു. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ വിപുലമായി ആചരിച്ചു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

പുതുതായി സ്കൂളിലേക്ക് കടന്നുവന്ന കുട്ടികളെ പൂക്കൾ നൽകി സ്വീകരിച്ചു. സ്കൂളിലേക്കുള്ള റോഡ് പി.ടി.എ. യുടെയും നാട്ടുകാരുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകരണത്തോടെ കോൺക്രീറ്റ് ചെയ്യുകയും പ്രവേശനോത്സവ ദിവസത്തിൽ സ്കൂൾ മാനേജർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പരിസ്ഥിതിദിനാഘോഷം നടത്തി. യോഗ ക്ലാസ്സും മഴക്കാല രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സും നൽകി. സീഡ് പ്രവർത്തനോദ്ഘാടനം നടത്തി.

**V സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

കുട്ടികൾ വായിക്കുന്ന പുസ്തകത്തിൽ നിന്ന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി. കുട്ടികളുടെ ഭവനസന്ദർശനം നടത്തി. ടാഗോർ ലൈബ്രറിയോട് ചേർന്ന് കുട്ടികൾക്ക് പുസ്തകവിതരണം നടത്തി.

മൂന്ന് വിദ്യാർത്ഥികൾ LSS നേട്ടം കൈവരിച്ചു. സ്കൂൾ പ്രവേശനോത്സവം വിപുലമായി നടത്തി. സി. എം. കിഡ്സ് സ്കോളർഷിപ്പ് നേടിയ കുട്ടികളെ അനുമോദിച്ചു. ഹരിതസ്പർശം എന്ന പേരിൽ പരിസ്ഥിതി ദിനം വിപുലമായ ആചരിച്ചു.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പ്രവേശനോത്സവം നടത്തി. പച്ചക്കറിത്തോട്ടം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ദിനത്തിൽ വീടുകളിലേക്ക് പച്ചക്കറിത്തൈ വിതരണം ചെയ്തു.

**VII എ. എൽ. പി. സ്കൂൾ കണിയാരം**

പുതിയ അധ്യായനവർഷത്തിൽ വിദ്യാർഥികളെ സ്വീകരിക്കാൻ ക്ലാസ്സ് മുറികളിൽ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. പ്രവേശനോത്സവം സമുചിതമായി സംഘടിപ്പിച്ചു. എൽ.എസ്. എസ്. സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥിയെ ആദരിച്ചു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു.

**VIII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

പ്രവേശനോത്സവം ആഘോഷപൂർവം സംഘടിപ്പിച്ചു. LSS സ്കോളർഷിപ്പ് നേടിയ റേച്ചൽ സാറ ലിജോയെ ആദരിച്ചു. പരിസ്ഥിതി ദിനാചരണം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. കുട്ടി കർഷകയായി തിരഞ്ഞെടുത്ത വിദ്യാർത്ഥിനിയെ മെമന്റോയും ക്യാഷ് പ്രൈസും നൽകി ആദരിച്ചു.

**IX നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

സ്കൂൾ തുറക്കലിന് മുന്നോടിയായി ശുചീകരണ പ്രവർത്തനം നടത്തി. വർണാഭമായ പ്രവേശനോത്സവം സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ അഭിമാനമായ CM സ്കോളർഷിപ്പ് വിജയിയെ അനുമോദിച്ചു. *എന്റെ ചെടി എന്റെ സ്കൂളിന്* പദ്ധതിക്ക് തുടക്കമായി. പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

**X സി. കെ. എൽ. പി. എസ്. മണിമൂളി**

പ്രവേശനോത്സവം വളരെ മനോഹരമായി നടത്തപ്പെട്ടു. 2025–26 അധ്യയന വർഷത്തെ എൽ. എസ്. എസ് വിജയിയെ ആദരിച്ചു. പരിസ്ഥിതിദിനം ആഘോഷിച്ചു.

**XI സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

പ്രവേശനോത്സവം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. സന്മാർഗപരീക്ഷയിൽ രൂപതാതലത്തിൽ മൂന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിയെയും ദേശജ്യോതി ക്വിസിൽ മൂന്നാം സ്ഥാനം നേടിയ വിദ്യാർത്ഥികളെയും സമ്മാനവും ക്യാഷ് അവാർഡും നൽകി ആദരിച്ചു. ജൂൺ 5 ന് പരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു. മാതൃഭൂമി സീഡിന്റെ ഔദ്യോഗികമായ ഉദ്ഘാടനവും ലോഗോ

പ്രകാശനവും നടത്തപ്പെട്ടു. മലയാള മനോരമയുടെ വായന കളരി ഉദ്ഘാടനം നടത്തി.

**XII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ലോക പരിസ്ഥിതി ദിനാചരണം നടത്തി. പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലി. പരിസ്ഥിതി ദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടു. വീടുകളിൽ നടത്തുന്നതിനായി കുട്ടികൾക്ക് മരത്തൈകൾ നൽകി.

**XIII സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ കൊളവയൽ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സീഡ് പ്രവർത്തനങ്ങളുടെയും, ശലഭോദ്യാനത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

പ്രവേശനോത്സവത്തിന് മുന്നോടിയായി സ്കൂളും പരിസരവും ക്ലീനിങ് നടത്തി. പ്രവേശനോത്സവം ആഘോഷിച്ചു. നവാഗതരെ മധുരം കൊടുത്തു സ്വീകരിച്ചു. പോസ്റ്റർ രചനാമത്സരം, പരിസ്ഥിതിദിന പ്രതിജ്ഞ, ക്വിസ് കോമ്പറ്റീഷൻ വൃക്ഷത്തൈകൾ കൈമാറൽ, തുടങ്ങിയ പരിപാടികളോടെ പരിസ്ഥിതിദിനം ആചരിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

പ്രവേശനോത്സവം ആഘോഷമായി നടത്തി. 21 വിദ്യാർത്ഥികൾ LSS സ്കോളർഷിപ്പും 8 വിദ്യാർത്ഥികൾ USS സ്കോളർഷിപ്പും കരസ്ഥമാക്കി. നാല് വിദ്യാർത്ഥികൾ USS ഗിഫ്റ്റഡ് നേട്ടം കൈവരിച്ചു. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ പരിസ്ഥിതി ദിനം ആചരിച്ചു.

**IV സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

2026-27 അധ്യയന വർഷത്തെ പ്രവേശനോത്സവം സ്കൂളിൽ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. ബീറ്റ് ഫോറസ്റ്റ് ഓഫീസർ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംരക്ഷണ സന്ദേശം നൽകി. എൽ. കെ. ജി., യു. കെ. ജി. വിദ്യാർത്ഥികൾക്കായി ക്ലാസ്മുറികൾ കൂടുതൽ ആകർഷകമാക്കുന്നതിനായി ചിത്രങ്ങൾ വരയ്ക്കുകയും വിവിധ പഠനോപകരണങ്ങൾ ഒരുക്കുകയും ചെയ്തു. കിഡ്സ് പാർക്ക് സജ്ജമാക്കി. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യു. പി. വിഭാഗം ഉൾപ്പെടെ എല്ലാ ക്ലാസ്മുറികളിലും വൈറ്റ് ബോർഡുകൾ സ്ഥാപിച്ചു.

**V എ. യു. പി. സ്കൂൾ ദ്വാരക**

പ്രവേശനോത്സവം വിപുലമായി നടത്തപ്പെട്ടു. പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. 19 വിദ്യാർത്ഥികൾ LSS സ്കോ

ളർഷിപ്പും 11 വിദ്യാർത്ഥികൾ USS സ്കോളർഷിപ്പും കരസ്ഥമാക്കി.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

പ്രവേശനോൽസവം സ്കൂൾ മാനേജർ ഉദ്ഘാടനം ചെയ്തു. CM Kids LP, CM Kids UP ജേതാക്കളെ പ്രത്യേകം ആദരിച്ചു. പരിസ്ഥിതി ദിനം വ്യത്യസ്തമായ പരിപാടികളോടെ ആചരിച്ചു.

**VII സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പ്രവേശനോത്സവവും പരിസ്ഥിതിദിനവും വിപുലമായ രീതിയിൽ ആഘോഷിച്ചു. നല്ലപാഠത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ കിട്ടുന്ന കുട്ടിക്കട, ഇഷ്ടപ്പെട്ടി എന്നിവ ഉദ്ഘാടനം ചെയ്തു.

**VIII സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

Smart Summer English പ്രോഗ്രാമിലെ വിദ്യാർത്ഥികളുടെ അവധിക്കാല പ്രവർത്തനങ്ങൾ ശ്രദ്ധേയമായി. LSS സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിയെ അനുമോദിച്ചു.

**IX സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

അവധിക്കാല പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്കായി ലോഗോ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. സ്കൂൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ക്ലാസുകളിൽ LED പാനൽ സ്ഥാപിച്ചു.

**X സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

പ്രവേശനോത്സവം നടത്തി. നവാഗതർക്ക് മധുരവും സമ്മാനവും നൽകി സ്വീകരിച്ചു. ഭൂമിക്കൊരു കുട എന്ന പദ്ധതി സ്കൂൾ പരിസരത്ത് മാവിൻ തൈ നട്ട് ഉദ്ഘാടനം ചെയ്തു

**XI അമ്പായത്തോട് യു. പി. സ്കൂൾ**

2026-27 അധ്യയന വർഷത്തെ പ്രവേശനോത്സവം പുതിയതായി സ്കൂളിലേക്ക് എത്തിച്ചേർന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകിയും മധുരം വിതരണം ചെയ്തും ആഘോഷമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈകളും ചെടികളും നട്ടുപിടിപ്പിക്കുകയും ചെയ്തു.

**XII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

എൽ. എസ്. എസ്, യു. എസ്. എസ് സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികൾ മികച്ച വിജയം കരസ്ഥമാക്കി. 2026-27 വർഷത്തെ പ്രവേശനോത്സവം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

ഈ വർഷത്തെ പ്രവേശനോത്സവം ലളിതമായ രീതിയിൽ നടത്തപ്പെട്ടു. പരിസ്ഥിതിദിനം വിവിധങ്ങളായ മത്സരങ്ങളുടെ അകമ്പടിയോടെ നടത്തപ്പെട്ടു.

**XIV സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

പ്രവേശനോത്സവവും പ്രീപ്രൈമറി വിഭാഗത്തിന്റെ ഉദ്ഘാടനവും സംയുക്തമായി നടത്തപ്പെട്ടു. മുള്ളൻകൊല്ലി സെന്റ് തോമസ് എ. യു. പി. സ്കൂളിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു. പി. ടി. എ. ജനറൽബോഡിയോഗവും രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സും നടത്തി. അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചു. അഞ്ച് വിദ്യാർത്ഥികൾക്ക് USS ലഭിച്ചു. പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പ്രവേശനോത്സവം സംഘടിപ്പിച്ചു. 2025-26 വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ 100% വിജയം കൈവരിക്കുകയും 18 കുട്ടികൾക്ക് full A+ നേടുകയും ചെയ്തു. LSS സ്കോളർഷിപ്പിന് 9 കുട്ടികളും USS സ്കോളർഷിപ്പിന് 7 കുട്ടികളും അർഹത നേടി. പരിസ്ഥിതിദിനം ആഘോഷിച്ചു. 2026-27 വർഷത്തെ പി.ടി.എ. ജനറൽബോഡി ചേരുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. എട്ടാം ക്ലാസിൽ ചേർന്ന കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് എൻ. സി. സി., എസ്. പി. സി. സെലക്ഷനുകൾ പൂർത്തീകരിച്ചു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

പഞ്ചായത്തുതല പ്രവേശനോത്സവത്തിന് വിദ്യാലയം വേദിയായി. പത്താം തരത്തിലെ വിദ്യാർത്ഥികൾക്കും രക്ഷിതാകൾക്കുമായി ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. ലോക പരിസ്ഥിതി ദിനം ആചരിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

2025-26 വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ 42 ഫുൾ A+ നേടിക്കൊണ്ട് 100 ശതമാനം വിജയം കൈവരിച്ചു. പ്രവേശനോൽസവം വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞയും സൈബർ സുരക്ഷാ പ്രതിജ്ഞയും ചൊല്ലി. പരിസ്ഥിതിദിനം ആചരിച്ചു. പാഴ്വസ്തുക്കളിൽനിന്നും ഉപയോഗപ്രദമായ വസ്തുക്കളുടെ നിർമ്മാണം നടത്തി.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

ലിറ്റിൽ കൈറ്റ്സ് സമ്മർ ക്യാമ്പ് നടത്തി. SSLC പരീക്ഷ

യിൽ 100% വിജയം കരസ്ഥമാക്കി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് അവലോകനയോഗം നടത്തി. പ്രവേശനോത്സവവും പരിസ്ഥിതി ദിനാഘോഷവും വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. സ്കൂളിലെ മുഴുവൻ കുട്ടികൾക്കുമായി മോട്ടിവേഷൻ ക്ലാസുകൾ നടത്തി. വിജയോത്സവവും നവീകരിച്ച സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. CM Kids സ്കോളർഷിപ്പ്, ദേശ ജ്യോതി ക്വിസ്, NMMS സ്കോളർഷിപ്പ് ജേതാക്കളെ അനുമോദിച്ചു.

**VI സി. കെ. എച്ച്. എസ്. മണിമൂളി**

സ്കൂൾ പ്രവേശനോത്സവദിനത്തിൽ സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും മധുരം വിതരണം ചെയ്തു. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. വിവിധ പരീക്ഷകളിൽ ഉന്നത മികവ് പുലർത്തിയ വിദ്യാർഥികളെ ആദരിക്കുന്നതിനായി വിജയോത്സവം സംഘടിപ്പിച്ചു. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം നടത്തി. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

SSLC പരീക്ഷയിൽ 16 വിദ്യാർത്ഥികൾ ഫുൾ A+ നേടിക്കൊണ്ട് 100 ശതമാനം വിജയം കരസ്ഥമാക്കി. വിവിധ പരിപാടികളോടെ 8-ാം ക്ലാസ്സിലേക്കുള്ള നവാഗതരെ സ്വീകരിച്ചു. ലോക പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

SSLC പരീക്ഷയിൽ 31 കുട്ടികൾ ഫുൾ A+ നേടിക്കൊണ്ട് 100 ശതമാനം വിജയം കൈവരിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

NSS, സ്കൗട്ട്, ഗൈഡ്ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു. ലഹരിക്കെതിരെ പോലീസ് വകുപ്പിന്റെ തൂഫാൻ ബോധവത്കരണ ക്ലാസുകൾ നൽകി. പ്ലസ് വൺ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി ഫോക്കസ് പോയിന്റ് ക്ലാസുകൾ നടത്തി. എൻ. എസ്. എസ്, റെയിഞ്ച് റോവർ എന്നിവരുടെ സഹകരണത്തോടെ മഴക്കാല പൂർവ്വ ശുചീകരണം സംഘടിപ്പിച്ചു. 2026-27 ഹയർ സെക്കൻഡറി പരീക്ഷയിൽ 90 ശതമാനം വിജയം കരസ്ഥമാക്കി. 34 ഫുൾ എ പ്ലസ് നേടി ഇരിട്ടി സബ് ജില്ലയിലെ മികച്ച സ്കൂളായി. കൊമേഴ്സ് വിദ്യാർത്ഥിനി 1200 ൽ 1200 മാർക്ക് നേടി സ്കൂളിന് അഭിമാനമായി മാറി. പരിസ്ഥിതിദിനം ആചരിച്ചു.

**III ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച വിജയം നേടുക എന്ന ലക്ഷ്യത്തോടെ 'Mission 100' പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. Anti drug, Anti ragging വിഷയങ്ങളുമായി ബന്ധപ്പെട്ട് +2 വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നൽകി. ഷിഗല്ല രോഗബാധ മുൻകരുതലുകൾ ബോധവൽക്കരണ ക്ലാസ്സ് നല്കി. NSS വൊളന്റിയേഴ്സിനായി one day work shop സംഘടിപ്പിച്ചു.

**IV സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

NSS, Scout and Guides ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം വിപുലമായി ആഘോഷിച്ചു.

2025–2026 അധ്യയനവർഷത്തെ പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെ അനുമോദിക്കുകയും മെമന്റോയും ക്യാഷ് അവാർഡും നൽകുകയും ചെയ്തു.

**V സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

പ്രവേശനോൽസവം സമുചിതമായി നടത്തി. പരിസ്ഥിതി ദിനം പൂർവ്വാധികം ഭംഗിയായി നടത്തി. രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഷിഗല്ല ബോധവൽക്കരണവും പരിസര ശുചീകരണവും നടത്തി. ലോകകപ്പ് ക്വിസ് മൽസരവും ഷൂട്ടൗട്ടും സംഘടിപ്പിച്ചു.

**VI സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ഇന്റർനെറ്റ് സുരക്ഷിതമായും ശരിയായ രീതിയിലും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കികൊണ്ട് വിദ്യാലയത്തിൽ സൈബർ പ്രതിജ്ഞ ചെയ്തു. പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനുമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (SPG) യോഗം ചേർന്നു. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി 'ഓപ്പറേഷൻ തൂഫാൻ' സെമിനാർ സംഘടിപ്പിച്ചു.

പുതിയ അധ്യയനവർഷത്തിൽ പുത്തൻ സ്വപ്നങ്ങളും പ്രതീക്ഷകളുമായി വന്നെത്തിയ വിദ്യാർത്ഥികൾക്ക് അക്കാദമികവും അക്കാദമികേതരവുമായ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**July 2026**

*01 Wed- 19 Sun: ......... Abroad*

*20 Mon- 22 Wed: ........ Engaged*

*22 Wednesday: ............ CML Online meeting*

*25 Saturday: ................ Kuzhinilam: Feast of St. Camillus*

*26 Mon- 31 Thu: ......... Faridabad: Seminar*

**August 2026**

*02 Sunday: .................. Out of Station*

*03 Mon- 07 Fri: ........... POC: KCBC Colloquium and Retreat*

*08 Saturday: ................ Engaged*

*10 Monday: ................. Bathery Assumption Hospital Jubilee*

*13 Thursday: ............... WSSS Annual General Body Meeting*

*15 Saturday: ................ Thonichal: Holy Cross Old Age Home Blessing*

*16 Sunday: .................. Out of Station*


*17 Mon- 28 Fri: ........... Kakkanad: Synod*

*29 Saturday: ................ Engaged*

*30 Sunday: .................. Adackathode: Blessing of Presbytery*

*30 Sun- Sept 4 Fri: ...... Dwaraka: Retreat for Priests*

# Auxiliary Bishop's Programme



**July 2026**

*02 Thursday: ............. Peravoor: S H Renewal Assembly*
*03 Friday: .................. Engaged*
*05 Sunday: ................. Vazhavatta: Pastoral Visit*
*07 Tuesday: ............... Ambayathode: Chungakkunnu Forane Monthly Recollection*
*10 Friday: .................. Out of Station*
*11 Saturday: .............. Kappad Ashram: Feast of St. Benedict: Holy Mass*
*12 Sunday: ................. Thenery: Catechism Seminar*
*19 Sunday: ................. Ambalavayal: Pastoral Visit*
*26 Sunday: ................. Kadalmad: Pastoral Visit*
*28 Tuesday: ............... Mulapra: Feast of St. Alphonsa: Festal Mass*

**August 2026**

*02 Sunday: ................ Bhoodanam: Pastoral Visit*
*03 Mon- 07 Fri: ......... POC: KCBC Colloquium cum Retreat*
*08 Saturday: .............. Emmaus: Charismatic Commission*
*09 Sunday: ................. Vallikkett: Pastoral Visit*
*11 Tuesday: ............... Mullenkolly Forane Monthly Recollection*
*16 Sunday: ................ Marutha: Pastoral Visit*
*17 Mon-28 Fri: .......... Kakkanad: Synod*
*29 Saturday: .............. Engaged*
*30 Sunday: ................. Muttiyel: Pastoral Visit*
*30 Sun- Sept 4 Fri: ..... Dwaraka: Retreat for priests*